

IGNIZ PUBLICATIONS

# My St. Berchmans

## Reminiscences



# എന്റെ ബർക്കുമാൻസ്

ഡോ. ജോസഫ് വട്ടക്കളം

ഇഗ്നിസ് പബ്ലിക്കേഷൻസ്

Ente St. Berchmans
(Malayalam)

Author:
**Rev. Dr. Joseph Vattakalam**

Published & Distributed:
**Igniz Publications**
Changanacherry
Mob. 9249902760

Copy Right:
Antony Mathew Vattakalam

Layout & Printing:
St. Joseph's Orphanage Press
Changanacherry - 686 101
Tel: 0481- 2411821



# ഉൾത്താളുകളിൽ


മുഖവുര

1. അവിസ്മരണീയർ ........ 28
2. കത്തോലിക്കാസഭയും വിദ്യാഭ്യാസമേഖലയും ........ 44
3. സെന്റ് ബർക്കുമാൻസും പുരയ്ക്കലച്ചനും ........ 49
4. ഈപ്പച്ചൻ ........ 70
5. റോമയോ തോമസച്ചൻ ........ 74
6. വില്യമച്ചൻ ........ 77
7. പി.സി. മത്തായിച്ചൻ ........ 81
8. കാളാശ്ശേരിലച്ചൻ ........ 84
9. കുര്യാളശ്ശേരിലച്ചൻ ........ 89
10. പുളിക്കപ്പറമ്പിലച്ചൻ ........ 92
11. മാരൂരച്ചൻ ........ 94
12. മഠത്തിപ്പറമ്പിലച്ചൻ ........ 98
13. വട്ടക്കളത്തിലച്ചൻ ........ 105
14. വടക്കേക്കളത്തിലച്ചൻ ........ 114
15. കുന്നുമ്പുറത്തച്ചൻ ........ 115
16. സ്റ്റീഫൻ മാത്യൂസ് ........ 117
17. പടിഞ്ഞാറേവീട്ടിലച്ചൻ ........ 121
18. പ്രഗത്ഭരായ അധ്യാപകർ ........ 123
19. നാഴികക്കല്ലുകൾ ........ 190
20. പ്രഗത്ഭരായ പൂർവ്വവിദ്യാർത്ഥികൾ ........ 215
21. റാങ്കുജേതാക്കൾ ........ 264
22. ഹോസ്റ്റലുകൾ ........ 276
23. ചിതറിയ ഓർമ്മകൾ ........ 283
24. സെന്റ് ബർക്കുമാൻസിലെ ഓഫീസ്, അനധ്യാപക സഹോദരങ്ങൾ ........ 289



# ഗ്രന്ഥകാരനെപ്പറ്റി

"സ്നേഹമാണഖിലസാരമൂഴിയിൽ" എന്നു വിശ്വസിക്കുന്ന സ്നേഹഗായകനാണ് വട്ടക്കളത്തിലച്ചൻ. അദ്ദേഹത്തിന്റെ സ്നേഹഗാഥയ്ക്കു മൂന്നു മാനങ്ങളുണ്ട്: ദൈവത്തിനു മനുഷ്യരോടുള്ള കരുണാർദ്രമായ, കരുതുന്ന, കാക്കുന്ന, പാലിക്കുന്ന, ക്ഷമിക്കുന്ന, നിത്യവും അചഞ്ചലവുമായ സ്നേഹം. അച്ചന്റെ 'സ്നേഹത്തിന്റെ കഥ', 'സ്നേഹപ്രവാഹം', 'സ്നേഹലാളനം' 'സ്നേഹതാത' (പരിശുദ്ധ അമ്മവഴി ദൈവം മനുഷ്യനെ സ്നേഹിക്കുന്നു), അച്ചന്റെ ഗവേഷണപ്രബന്ധം Mysticism in Gitanjali, (സ്നേഹത്തിൽ ദൈവവും മനുഷ്യനും ഒന്നാകുന്ന അവസ്ഥ) 'ആ മനുഷ്യസ്നേഹി', 'പരിശുദ്ധ കുർബാന' 'ആശ്വാസപ്രദൻ' തുടങ്ങിയ ഗ്രന്ഥങ്ങൾ സ്നേഹത്തിന്റെ പ്രഥമമാനം ഊന്നിപ്പറയുന്നു. 'പ്രേമസംഗീതം', 'ദൈവമേ നന്ദി' 'സങ്കീർത്തന സംക്ഷേപം' മുതലായവ രണ്ടാമത്തെ മാനത്തിലേക്കാണു വിരൽചൂണ്ടുക. 12 വാല്യങ്ങളിലായി അച്ചൻ നടത്തിയിരിക്കുന്ന അനന്യ, അന്യാദൃശമായ, ബൈബിൾ പഠനം 'സ്നേഹവചനം', 'കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി' ഇവയൊക്കെ അത്യന്തികമായി ദൈവസ്നേഹവും സഹോദരസ്നേഹവും സമഞ്ജസമായി സമ്മേളിപ്പിക്കാൻ ഗൗരവാവഹമായ പരിശ്രമമാണ്. ഇതു സ്നേഹത്തിന്റെ മൂന്നാമത്തെ മാനമാണ്.

ഗുരുഭക്തി, ശിഷ്യവാത്സല്യം, താൻ പഠിച്ച വിദ്യാക്ഷേത്രങ്ങളോടുള്ള അഗാധവും വ്യക്തിഗതവുമായ സ്നേഹം ഇവ അച്ചന്റെ സനേഹഗീതയുടെ മർമ്മപ്രധാനമായ ഒരു മുഖമാണ്. ഈ സ്നേഹമാണ് 'എന്റെ സെന്റ് ബർക്കുമാൻസ്' - 'A labour of love' എന്ന് അദ്ദേഹം തന്നെ ഈ ഗ്രന്ഥത്തിന് ഒരു sub title എന്നു കരുതാവുന്ന ഒരു വിശേഷണം നല്കിയിട്ടുണ്ട്. 'To live is to love' എന്നത് വട്ടക്കളത്തിലച്ചന്റെ കാതലായ സന്ദേശമാണ്.

സെന്റ് ബർക്കുമാൻസ് കോളജിനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച്, അതിനുവേണ്ടി 22 വർഷം അവിശ്രമം പരിശ്രമിച്ച മറ്റൊരു പൂർവ്വവിദ്യാർത്ഥിയെയോ, പൂർവ്വാധ്യാപകനെയോ അറിവില്ല. കഠിനാദ്ധ്വാനത്തിന്റെ പ്രതീകമാണദ്ദേഹം, സെന്റ് ബർക്കുമാൻസിനെക്കുറിച്ച് ഇത്രയും ആധികാരികമായി എഴുതാൻ മറ്റാർക്കും കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് നിയമമനുസരിച്ച് വട്ടക്കളത്തിലച്ചൻ അധ്യാപനത്തിൽനിന്ന് 1998 മാർച്ചു 31-നു വിരമിച്ചു. പിറ്റേദിവസം തന്നെ അദ്ദേഹം തക്കലരൂപതയിൽ പടന്താലുമ്മൂടുള്ള സേക്രഡ് ഹാർട്ട് ഇംഗ്ലീഷ് മീഡിയത്തിന്റെ മാനേജരായി ചാർജ്ജെടുക്കുകയും ആ സ്കൂളിനെ ഉയർന്ന നിലവാരം പുലർത്തുന്ന ഒരു ഹയർ സെക്കണ്ടറി സ്കൂളാക്കി ഉയർത്തുകയും ചെയ്തു. തത്സമയം തന്നെ സ്കൂളിൽ നിന്ന് അകലെയല്ലാതുള്ള മാർത്താണ്ഡം രൂപതവക മലങ്കര കാത്തലിക് കോളജിന്റെ പ്രഥമപ്രിൻസിപ്പലും കന്യാകുമാരി കമ്മ്യൂണിറ്റി കോളജിന്റെ സ്ഥാപക പ്രിൻസിപ്പലുമായി വട്ടക്കളത്തിലച്ചൻ സേവനമനുഷ്ഠിച്ചു. പടന്താലുമ്മൂട്ടിൽനിന്ന് സൂസൈപുരം സ്കൂളിന്റെ മാനേജരായി മാറിയെങ്കിലും മുൻപു പറഞ്ഞ രണ്ടു കോളജുകളുടെയും പ്രിൻസിപ്പൽ സ്ഥാനത്തു തുടർന്നു.

തക്കലരൂപതിയിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളജ് തുടങ്ങാനുള്ള അശ്രാന്തപരിശ്രമത്തിനിടയിൽ ടൈഫോയിഡും വൈറൽ ഫീവറും ഒരേസമയത്തു ബാധിച്ച് കന്യാകുമാരി ഡിസ്ട്രിക്റ്റിലെ സേവനം മതിയാക്കാൻ അച്ചൻ നിർബന്ധിതനായി. ആരോഗ്യം ഒട്ടൊന്ന് വീണ്ടെടുത്ത് 2001 ഫെബ്രുവരി 1 മുതൽ 2012 മാർച്ചു 12 വരെ അച്ചൻ കുന്നന്താനത്തുള്ള ദൈവപരിപാലനഭവനിൽ (ദൈവപരിപാലനയുടെ ചെറിയ ദാസികൾ എന്ന സന്ന്യാസസമൂഹത്തിന്റെ ജനറലേറ്റും, ദൈവപരിപാലനയിൽ 210 മക്കളെ സംരക്ഷിക്കുന്ന അഗതിമന്ദിരവും) ആദ്ധ്യാത്മികനിയന്താവായിരുന്ന വട്ടക്കളത്തിലച്ചൻ ദൈവമഹത്വത്തിനും ദൈവമക്കളുടെ നിത്യരക്ഷയ്ക്കുമായി തന്റെ തൂലികാപ്രേഷിതത്വം അനായാസം തുടരുന്നതിന്, ചങ്ങനാശ്ശേരിക്കടുത്ത് ഇത്തിത്താനത്തുള്ള സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ താമസിക്കുന്നു. തിരുവല്ലാ അതിരൂപതയുടെ അഭിമാനമായ Mar Athanasius College for Advanced Studies ന്റെ പ്രഥമ പ്രിൻസിപ്പലായും വട്ടക്കളത്തിലച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# *Just a Word*

His Eminence Most Rev. Dr. Antony Cardinal Padiyara, the then patron of St. Berchmans was welcoming the celebrities and the other participants, present at the inaugural function of the Golden Jubilee celebrations.

As usual, the Archbishop began with an ancedote. But this time the whole thing was a quotation! He said it. I am quoting the "Governor of Madras, Mr. Prakasha. The governor, had narrated it on an earlier occasion, while welcoming a group of delegates from the UNO to the beauty spots of the cool hills of the Nilgiris in Ootty.

The incident is this. A native guide was taking a foreign tourist round the town of Kottagiri. He assured the foreigner, "Sir, you are, indeed, very lucky to be here in Kottagiri, which has the very best climate of the world." What the guide gave was a very fascinating, but exaggerated, description of the salubrious climate there and concluded, "Sir, the climate here is so fine that nobody dies here." Hardly had he finished his words when a funeral procession was passing along the road.

When the tourist drew attention to this paradox, the guide just coolly remarked: "Well, that is the funeral of the grave digger, here and around, who died of starvation!"

Ofcourse, I cannot say I am taking you to any place which has the most salubrious climate of the world or that nobody dies there. But I am welcoming you to a 'magic world of enrichment, enchantment and scenic beauty', where love's labour is not lost, where you can find lots of dedication and sincerity, where lakhs are led to greater and greater heights of excellence, where the sky is the only limit. You will find here a world where most "strive to seek, to find and not to yeild".



What follows is certainly a very simple, humble, sincere, honest, affectionate attempt to recollect the merry reminiscences of an ardent son of St. Berchmans, the most prestigious citadel of learning in Kerala. He had the grace of doing his high school and college, including his research, in a rather new field--Indian English Lietrature-in this hallowed institution. In addition, he could be a professor here for 22 years. Tenderly and endearingly does he love his 'alma mater.'

The attempt is neither fully historical nor totally systematic and scientific. It should be estimated for what it is - reminiscences. Nevertheless, as order is heaven's first law, you find something of it throughout the work. The terrestrial man is encompassed by time and history. Hence the latter two are also given seats.

The author would love very much his 'labour of love' to be his glorious tribute to his 'dear, dear mother. St. Berchmans. 'Navathi' is the immediate, temporal 'provocation.'

If, there be any credit, it is solely his Creator's. The defects proclaim his imperfections and ignorance - - ' pure ignorance, pure ignorance.' Hence he has no apologies to any body. Except unto God, the author is answerable to none.

The author raises his heart in humble worship and thanksgiving to his good God for the choicest of His blessings. He thanks his dearest Mother Mary, his protectress, the nine choirs of angels, all the saints, his own devout and dedicated guardian angel, and the suffering souls in Purgatory, who are consistently requested to offer their sufferings for the good of the world, his family and himself.

This humble tribute is dedicated first and foremost to my merciful God and the heavenly choir, especially to my heavenly Mother, our heavnly patron St. Berchmans, my elder sister 'Little Queen and my elder brother Juvan and not the least, to my father, mother, brothers and sisters, my grand parents, my most beloved teachers and my dear, dear students, my mighty liquid bank balance.

Deo Gratias

# മുഖവുര

**കേ**രളത്തിൽ ഉന്നതവിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ത്വര അതിശീഘ്രം വർദ്ധിച്ചുവന്ന കാലം. പക്ഷേ, സുറിയാനി ക്രിസ്ത്യാനികൾ ഈ രംഗത്ത് പിന്നോക്കമായിരുന്നുവെന്നത് ദുഃഖസത്യവും. 1880 അവസാനം വരെ ഈ ദുരവസ്ഥ തുടർന്നു. അവർക്കു പള്ളികളോടു ചേർന്ന് ഏതാനും പള്ളിക്കൂടങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1846 ൽ മാന്നാനത്ത്, ഒരു സംസ്കൃത സ്ക്കൂൾ സ്ഥാപിച്ചത്, പ്രത്യേകം പ്രസ്താവ്യമാണ്. 1865 ൽ അദ്ദേഹം പുറപ്പെടുവിച്ച ഇടയലേഖനം സുറിയാനി കത്തോലിക്കരുടെ വിദ്യാഭ്യാസചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. എല്ലാ പള്ളികളോടും ചേർന്നു പള്ളിക്കൂടം സ്ഥാപിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചതും ഗവൺമെന്റിൽ നിന്നു ഗ്രാന്റു ലഭിക്കുന്ന സാഹചര്യവും ഒത്തുചേർന്നപ്പോൾ, തിരുവിതാംകൂർ-കൊച്ചി പ്രവിശ്യകളിൽ, പള്ളികളോടു ചേർന്നു കുറച്ചു പള്ളിക്കൂടങ്ങൾ സ്ഥാപിതമായി. വേദപഠനത്തിനു പുറമേ, മലയാളം, കണക്ക്, ശാസ്ത്രം ഇവയും പ്രസ്തുത പള്ളിക്കൂടങ്ങളിൽ പഠിപ്പിച്ചിരുന്നു.

ഉന്നതവിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ദാഹം

ഇക്കാലയളവിൽത്തന്നെ കോട്ടയം, തൃശൂർ എന്നു രണ്ടു വികാരിയാത്തുകൾ സ്ഥാപിച്ചുനല്കിക്കൊണ്ട്, ഏതദ്ദേശീയ മെത്രാന്മാർക്കുവേണ്ടിയുള്ള സുറിയാനി ക്രൈസ്തവരുടെ തീവ്രാഭിലാഷം പരിശുദ്ധസിംഹാസനം സഫലീകരിച്ചു. കോട്ടയം വികാരിയാത്തിനു, ഫ്രഞ്ചുകാരനായ ചാൾസ് ലവീഞ്ഞു പിതാവിനെയും തൃശൂർ വികാരിയാത്തിന് ഇംഗ്ലീഷുകാരനായ അഡോൾഫ് മെഡ്ലിക്കോട്ടിനെയുമാണ് അപ്പസ്തോലികമാരായി ലഭിച്ചത്. തന്റെ വികാരിയാത്തിന്റെ വിദ്യാഭ്യാസപുരോഗതിക്കായി അശ്രാന്തം പരിശ്രമിച്ച ആളാണ് ദീർഘവീക്ഷണപടുവും അർപ്പിതചേതസ്സുമായ അഭിവന്ദ്യ ലവീഞ്ഞുപിതാവ്. ഇതു സുറിയാനി ക്രൈസ്തവരുടെ വിദ്യാഭ്യാസപുരോഗതിക്കു വളരെയേറെ സഹായകമായി. അവരുടെ ഉന്നതവിദ്യാഭ്യാസരംഗത്തെ വലിയ മുന്നേറ്റത്തിന്റെ പ്രഥമപടിയാണു സെന്റ് ബർക്കുമാൻസ് ഹയർസെക്കണ്ടറി സ്കൂൾ. അതിന്റെ തുടർച്ചയാണ് സെന്റ് ബർക്കുമാൻസ് കോളജ്.



**അഭിവന്ദ്യ ലവീഞ്ഞു പിതാവ്**

പുണ്യശ്ലോകനായ, ചങ്ങനാശ്ശേരി രൂപതയുടെ യഥാർത്ഥശില്പിയായ, ചാൾസ് ലവീഞ്ഞു പിതാവ് 1987 മെയ് മാസം രണ്ടിനു മാന്നാനത്തെത്തി. പുതിയ മെത്രാനെ സർവ്വാഡംബരനിബിഡം ജനം വരവേറ്റു. ദൈവാലയത്തിലെ പ്രാർത്ഥനയ്ക്കു ശേഷം സ്വീകരണവേദിയിലെത്തിയ പിതാവിനു തങ്കമഷിയിൽ, ഇംഗ്ലീഷിലെഴുതിയ, ഒരു മംഗളപത്രം സമർപ്പിക്കുകയുമുണ്ടായി. അതിന് അഭിവന്ദ്യ പിതാവ്, ഇംഗ്ലീഷിൽത്തന്നെ മറുപടി നല്കുകയും ചെയ്തു. മെത്രാന്റെ മറുപടിയിൽ, പിതൃസഹജമായ വാത്സല്യത്താൽ പ്രേരിതനായി, പരിശുദ്ധപിതാവു

**ലെയോ XIII-ാമൻ മാർപ്പാപ്പായും സെന്റ് ബർക്കുമാൻസും**

ലെയോ മാർപ്പാപ്പാ, മലങ്കരയിൽ ഒരു ജാതീയ, ദേശീയ മഹാവിദ്യാലയം സ്ഥാപിക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്ന് ദലഗാദപ്പസ്തോലിക്കായുടെ പരസ്യലേഖനങ്ങളിൽ നിന്ന് മക്കൾ ഗ്രഹിച്ചിട്ടുണ്ടാവണമെന്നു വ്യക്തമാക്കി. പെൺകുട്ടികളും ഉന്നതവിദ്യാഭ്യാസത്തിൽ പങ്കുചേരുമെന്നു പിതാവ് ഊന്നിപ്പറഞ്ഞു. പ്രസംഗത്തിന്റെ ഏറ്റം പ്രസക്തമായ ഭാഗം മാത്രം ചുവടെ ചേർക്കുന്നു.

**സുറിയാനി ക്രൈസ്തവർക്കു പ്രത്യേക പരിഗണന**

"Your sons will find in the parish schools and in a higher college, soon to be opened, an education equal to the requirements of the present day. You know, full well, from the circular of H.E. the Delegate Apostolic that our Holy Father Pope Leo XIII, moved by his paternal solicitude for the Syrian people, has resolved to establish here a national college.

**National College.**

ലവീഞ്ഞ് പിതാവ് പരാമർശിക്കുന്ന 'college', ലിയോ പതിമൂന്നാമൻ മാർപ്പാപ്പാ അനുഗ്രഹിച്ചാശീർവ്വദിച്ച 'national college', മൂന്നരവയസ്സുള്ളപ്പോൾ മുതൽ, ദിവസവുമെന്നോണം, കണ്ടു സന്തോഷിക്കാൻ, അതിനോട്, നന്നായി അറിയാതെ തന്നെ, ഒരു ആത്മബന്ധവും സ്നേഹവും വച്ചുപുലർത്തി, വളർത്തിയെടുക്കാൻ, അനുഭവിക്കാൻ, കഴിഞ്ഞുവെന്നതു കർത്താവിന്റെ കൃപയാണ്. പതിനാറു വയസ്സുവരെ ഞാൻ വളർന്ന വീട് സെന്റ് ബർക്കുമാൻസിന് ഏതാണ്ടു നേരേ പടിഞ്ഞാറ്, ഈ മഹാവിദ്യാലയത്തിൽ നിന്ന് മൂന്നരകിലോമീറ്റർ മാത്രം ദൂരത്തിലുള്ള, കുമ്പേരൻകരി (കുമരങ്കരി) എന്ന ഗ്രാമത്തിലായിരുന്നു. അവിടന്നു കിഴക്കോട്ടു, ചങ്ങനാശ്ശേരിക്കു സമീപം വരെ, വിശാലമായ പുഞ്ചപ്പാടങ്ങളാണ്. ഓർമ്മവച്ച കാലം മുതൽ വീട്ടിൽ നിന്നും കിഴക്കോട്ടു നോക്കുമ്പോൾ ആദ്യം കണ്ടിരുന്നത് ഈ സരസ്വതീക്ഷേത്രത്തിന്റെ മുഖമുദ്രയായ, സർവ്വാഡംബരവിഭൂഷിതയായി, തലയുയർത്തി നില്ക്കുന്ന, അതിന്റെ ഉത്തുംഗഗോപുരമാണ്. രാത്രികളിൽ ക്രിസ്തുരാജന്റെ രൂപത്തിന്റെ മുമ്പിൽ നിത്യം പ്രകാശിച്ചിരുന്ന വൈദ്യുതിദീപം കൺകുളിർക്കെ കണ്ടു സന്തോഷിക്കുമായിരുന്നു.

**സെന്റ് ബർക്കുമാൻസും ലേഖകനും**

**ക്രിസ്തുരാജന്റെ രൂപത്തിനു 18 അടി ഉയരം**

സാന്ദർഭികമായി പറയട്ടെ, ക്രിസ്തുരാജന്റെ രൂപത്തിന്, അവിശ്വസനീയമെന്നു തോന്നാം, 18 അടി ഉയരമുണ്ട്. രൂപത്തിന്റെ അകം പൊള്ളയാണ്. മൂന്നു ഭാഗങ്ങളായിട്ടാണ് അതു നിർമ്മിച്ചിരിക്കുന്നത്. ഓരോ ഭാഗവും വടംകൊണ്ട് കെട്ടി, ആളുകൾ മുകളിൽ നിന്ന് ആയാസപൂർവ്വം വലിച്ചെടുത്താണ് അവ മുകളിലെത്തിച്ചു മൂന്നു ഭാഗങ്ങളും കൂട്ടിയോജിപ്പിച്ച് രൂപമായി ഉപരിതലത്തിൽ ഉറപ്പിച്ചത്. അതൊരു കലാലയത്തിന്റെ താഴികക്കുടമാണെന്നോ, ആ കലാലയം എന്റെ

ആത്മവിദ്യാലയമാകുമെന്നോ, അമ്മയെപ്പോലെ അതിനെ ഹൃദയത്തിൽ പ്രതിഷ്ഠിക്കാനിടയാകുമെന്നോ അന്നൊന്നും അറിഞ്ഞുകൂടായിരുന്നു. കോളജിന്റെ മുമ്പിലൂടെ ഒരായിരം പ്രാവശ്യം നടന്നിരുന്ന കാലത്ത് അതു കേരളത്തിലെ അതിപ്രസിദ്ധമായ ഒരു കോളജാണെന്ന അറിവു സമ്പാദിച്ചു.

എസ്.എസ്.എൽ.സി. പാസായി, പെറ്റി സെമിനാരിയിൽ ചേരാൻ, 1960 ജൂൺ മാസാരംഭത്തിൽ അന്നത്തെ പെറ്റിസെമിനാരി റെക്ടർ, സെന്റ് ബർക്കുമാൻസ് ഹൈസ്കൂളിൽ ഫോർത്ത്, ഫിഫ്ത്തു ക്ലാസുകളിൽ എന്റെ ഹെഡ്മാസ്റ്ററായിരുന്ന, കർമ്മധീരനായ, പെരിയ ബഹു. ഗ്രിഗറി സി തൈച്ചേരിലച്ചന്റെ മുമ്പാകെ അപേക്ഷ സമർപ്പിച്ചപ്പോഴും, ഒരു വിദ്യാർത്ഥിയായി മഹാവിദ്യാലയത്തിൽ പ്രവേശിക്കുമെന്ന് അറിഞ്ഞിരുന്നില്ല.

പിയുസി (പ്രീ യൂണിവേഴ്സിറ്റി - 1 വർഷം) യുടെ ഫലം പ്രഖ്യാപിച്ചു നിരവധി ദിനങ്ങൾ കഴിഞ്ഞിട്ടും സെന്റ് ബർക്കുമാൻസിൽ ഒരു ബിരുദവിദ്യാർത്ഥിയാകുമെന്ന് ഒരു സൂചന പോലും കിട്ടിയിരുന്നില്ല. ബിഎ കഴിഞ്ഞ്, സെമിനാരി പഠനം തുടർന്ന്, 1971 ൽ പൂർത്തിയാക്കി, ഡിസംബർ 18 ന് ഏറ്റം വലിയ ദൈവാനുഗ്രഹം, പൗരോഹിത്യം എന്ന മഹാദാനം സമ്മാനിക്കപ്പെട്ടപ്പോഴും, ഭദ്രാസന ദൈവാലയത്തിൽ സഹവികാരിയായി ശുശ്രൂഷ ചെയ്തപ്പോഴും, തുടർന്നു, കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പ്രൊഫസ്സർ ആയി നിയമിതനായപ്പോഴും, തുടർന്നു സെമിനാരിയിലെ ജോലിക്കുറവു മൂലം, ലേഖകന്റെ അഭ്യർത്ഥന അനുസരിച്ച്, നാലുകോടി സെന്റ് തോമസ്സ് ഇടവകയിൽ സഹവികാരിയായി നിയമിക്കപ്പെട്ടപ്പോഴും, സെന്റ് ബർക്കുമാൻസിൽ എം എ ഇംഗ്ലീഷ് വിദ്യാർത്ഥിയാകുമെന്നു ഈയുള്ളവൻ സ്വപ്നം പോലും കണ്ടിരുന്നില്ല.

നാലുകോടി സെന്റ് തോമസ് ഇടവകയിൽ ശുശ്രൂഷ ചെയ്യുമ്പോഴാണ്, എനിക്ക് 6-ാം പട്ടവും പൗരോഹിത്യപട്ടവും തന്ന് അനുഗ്രഹിച്ച, എന്റെ ഏറ്റം വലിയ അഭ്യുദയകാംക്ഷികളിലൊരാളായിരുന്ന, എനിക്ക് അവിസ്മരണീയനായ, അഭിവന്ദ്യ പടിയറ പിതാവ് എംഎയ്ക്കു പഠിക്കാൻ എന്നെ നിയോഗിച്ചത്.

എംഎയുടെ ഫലം പ്രഖ്യാപിക്കപ്പെട്ടപ്പോഴും (1975), 1977 ജനുവരി അവസാനം വരെയും, മാതൃകലാലയത്തിൽ ഒരു ശുശ്രൂഷകനാകുമെന്ന് അറിഞ്ഞിരുന്നില്ല. പക്ഷേ, കരുണാമയന്റെ അനന്തകാരുണ്യത്തിലും പരിപാലനയിലും, 1977 ഫെബ്രുവരി 17-ന്, കലാലയാധ്യാപകനെന്ന വലിയ അനുഗ്രഹം, പടിയറപ്പിതാവ് നിയോഗിച്ചു നൽകിയത്, ഏറ്റം നന്ദിയോടെ ഓർക്കുന്ന വലിയ സത്യമാണ്.

1978ൽത്തന്നെ അമേരിക്കയിൽപ്പോയി പി.ച്ച്.ഡി. ചെയ്യാൻ, അന്നത്തെ പ്രിൻസിപ്പൽ പുണ്യശ്ലോകനായ പുളിക്കപ്പറമ്പിലച്ചൻ നിർദ്ദേശിച്ചു. കഠിനാദ്ധ്വാനം ചെയ്ത്, വിദ്യാർത്ഥികളെ നന്നായി പഠിപ്പിച്ചുകൊള്ളാമെന്ന് ഉറപ്പ് നൽകി, അച്ചന്റെ സ്നേഹനിർഭരമായ നിർദ്ദേശം, സവിനയം നിരസിച്ചുവെന്നസത്യം അനുവാചകനു വിശ്വസിക്കാനാവുമോ? 1986 വരെ പുളിക്കപ്പറമ്പിലച്ചനോടുള്ള വാഗ്ദാനം, ആവുന്നത്ര പാലിച്ച്, അധ്യാപകനായി തുടർന്നു.

ക്രിസ്തുരാജൻ



യതിവര്യനും കർമ്മധീരനുമായ ഗ്രിഗറി സി തൈച്ചേരിലച്ചൻ ലേഖകന്റെ ഹെഡ്മാസ്റ്ററും റെക്ടറും

ലേഖകൻ സ്വപ്നം പോലും കാണാത്ത കാര്യങ്ങൾ

എല്ലാം കരുണാമയന്റെ അനന്തകാരുണ്യം, പരിപാലന

വിശ്വസിക്കാനാവുമോ...?



**ഗവേഷണം**

**വലിയ ദൈവാനുഗ്രഹം**

**മാത്തിപ്പറമ്പിലച്ചന്റെ പ്രഥമഗവേഷണ വിദ്യാർത്ഥി, സെന്റ് ബർക്കുമാൻസിലെ ഇംഗ്ലീഷ് വിഭാഗത്തിലെ പ്രഥമ ഗവേഷകൻ, എംജി യൂണിവേഴ്സിറ്റിയിലെ പ്രഥമ ഇംഗ്ലീഷ് പിഎച്ച്ഡിയുടെ ഉടമ**

1986 ൽ സെന്റ് ബർക്കുമാൻസ് കോളജിന്റെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റ് ഗവേഷണവിഭാഗമായി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഉയർത്തി. ബുദ്ധിമുട്ടുണ്ടാകുമെന്നറിയാമായിരുന്നെങ്കിൽപ്പോലും എനിക്ക് part time research നടത്താൻ നിഖിലേശന്റെ പ്രത്യേക ക്രമീകരണമാണ് ഇതെന്ന് എനിക്ക് തോന്നി. പൗരോഹിത്യത്തിൽ എന്റെ ജേഷ്ഠസഹോദരനാണ് മാത്തിപ്പറമ്പിലച്ചൻ.എം. എ. ക്ലാസ്സിൽ അദ്ദേഹത്തിന്റെ വിദ്യാർത്ഥിയാകാൻ ഭാഗ്യം സിദ്ധിച്ചു. ഇംഗ്ലീഷ് റിസർച്ചു ഡിപ്പാർട്ടുമെന്റിന്റെ ആദ്യത്തെ നിയോഗിത ഗൈഡ് ആയിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കീഴിൽ ഗവേഷണവിദ്യാർത്ഥിയായി എന്നെ സ്വീകരിച്ചു. നീണ്ട ആറു വർഷം കൊണ്ടാണ്, ഒരു ദിവസം പോലും അവധിയെടുക്കാതെ, Mysticism in Gitanjali എന്ന ഗവേഷണപ്രബന്ധം അവതരിപ്പിക്കാൻ കഴിഞ്ഞത്. മാത്തിപ്പറമ്പിലച്ചന്റെ പ്രഥമഗവേഷണ വിദ്യാർത്ഥി, സെന്റ് ബർക്കുമാൻസ് കോളജ് ഇംഗ്ലീഷ് വിഭാഗത്തിൽ പ്രഥമ ഗവേഷണം നടത്തി ബിരുദം നേടിയ ആൾ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഇംഗ്ലീഷ് വിഭാഗത്തിലെ പ്രഥമ പി.എച്ച്.ഡി. ബിരുദത്തിന്റെ ഉടമ, എന്നീ ബഹുമതികളൊക്കെ ദൈവത്തിന്റെ  എനിക്കുള്ള അപരിമേയ പരിപാലനയുടെ ഭാഗങ്ങൾ മാത്രം.

**നിയതിയുടെ നിയോഗം**

സാമാന്യദൈർഘ്യം അവകാശപ്പെടാവുന്ന 22 വർഷം ലക്ചറർ,  സെക്കന്റ് ഗ്രേഡ് പ്രൊഫസ്സർ, ഫസ്റ്റ് ഗ്രേഡ് പ്രൊഫസ്സർ എന്നീ തസ്തികകളിൽ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലും ചാപ്ലിൻ, വാർഡൻ, വൈസ്പ്രിൻസിപ്പൽ, പ്രിൻസിപ്പൽ എന്നീ തസ്തികകളിൽ സെന്റ് ബർക്കുമാൻസ് ധാത്രിയുടെ മണിമുറ്റത്ത്, വിശ്രമമില്ലാതെ, സ്വയംവ്യയംചെയ്യാൻ സാധിച്ചെന്നതു, ലേഖകനു മാത്രം പൂർണ്ണമായ അറിവു ള്ളതും നിയതിയുടെ നിയോഗവുമാണ്. മഹാമഹാദാനമായ, അനുഗ്രഹമായ, പൗരോഹിത്യപദവി സമ്മാനിച്ചതിനു ശേഷം, എന്റെ ദൈവം എനിക്കു തന്ന പരമപ്രധാന കൃപയാണിത്. നിസ്സാരനായ ഈ ലേഖകന് ഇക്കാര്യത്തിൽ തെല്ലും സംശയമില്ല. ദൈവമേ, നന്ദി!

**പ്രഥമ പ്രിൻസിപ്പലും ലേഖകനും**

ആദ്യത്തെ പ്രിൻസിപ്പൽ 13 വർഷം സെന്റ് ബർക്കുമാൻസ് നൗകയുടെ അമരത്തിരുന്നു. മറ്റാർക്കും ഈ ബഹുമതിയില്ല. പ്രഥമ പ്രിൻസിപ്പലായി ആരംഭിച്ചു. 'രക്തസാക്ഷി' പ്രിൻസിപ്പലായി അവസാനിപ്പിച്ചു. വിശ്രമമില്ലാത്ത 13 വർഷങ്ങൾ, വിലയേറിയ നിരവധി നേട്ടങ്ങളുടെ വർഷങ്ങൾ! 125 വിദ്യാർത്ഥികളുമായി, ബാലാരിഷ്ടതകളോടു കൂടി, തുടങ്ങിയ ജൂണിയർ കോളജ്, ഒരു ഫസ്റ്റ് ഗ്രേഡ് ആർട്ട്സ് ആൻഡ് സയൻസ് കോളജായി ഉയർത്താൻ അത്യുന്നതൻ അദ്ദേഹത്തിനു കൃപ നൽകി. നിരവധി മഹാരഥന്മാർക്ക് അദ്ദേഹം 'ജന്മം' നല്കി. സെന്റ് ബർക്കുമാൻസിന് ഒരു 'glorious past'  ഉണ്ടെന്ന സക്കറിയാസാറിന്റെ പ്രഖ്യാപനം അന്വർത്ഥമാക്കിക്കൊണ്ട് അതിപ്രഗത്ഭരായ അധ്യാപകരുടെ ഒരു ഗാലക്സി തന്നെ എന്റെ സെന്റ് ബർക്കുമാൻസിന്റെ പ്രശോഭിത ചക്രവാളത്തിൽ അദ്ദേഹം പ്രതിഷ്ഠിച്ചു.

11-ാമത്തെ പ്രിൻസിപ്പൽ (ലേഖകൻ) 22 വർഷം സെന്റ് ബർക്കുമാൻസ് ധാത്രിക്ക് ഉപാസന ചെയ്തിരുന്നുവെന്നതും ദൈവപരിപാലനയുടെ ഉദാത്തമായ

ആവിഷ്ക്കാരമാണ്. രണ്ടു വർഷം മാത്രമേ, ദൈവനീതി പ്രാവർത്തികമാകാൻ (The shortest innings in the annals of the principals of St. Berchmans), ലേഖകൻ (1996-'98), നൗകയുടെ അമരത്തുണ്ടായിരുന്നുള്ളു. താപസവര്യനായ വില്യമച്ചനാണ് വജ്രജൂബിലിയുടെ ചുക്കാൻ പിടിക്കാൻ ഭാഗ്യമുണ്ടായത്. നിരവധി സ്മാരകങ്ങൾ സ്ഥാപിച്ച്, സർവ്വാഡംബരസമന്വിതം, സുവർണ്ണജൂബിലി നടത്താൻ, നല്ലവനായ ദൈവം നിയോഗിച്ചത്, സർവ്വകലാവല്ലഭനായ, കുര്യാളശ്ശേരിൽ കുട്ടപ്പനച്ചനെയാണ്. ഈ മഹാരഥന്മാരുടെ പിന്മുറക്കാരനായി, കലാലയമുത്തശ്ശിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കാൻ അഖിലേശൻ അനുവദിച്ചത് 'വട്ടക്കളത്തിൽ കുട്ടപ്പ്' നെയാണ്. വെറും പൂജ്യമാണെങ്കിലും, 'വട്ടക്കളം', പൂജ്യത്തിനു മുമ്പ് 175 വലിയവർ, അധ്യാപകശ്രേഷ്ഠർ, 91 അനധ്യാപക സഹോദരങ്ങൾ ഉണ്ടായിരുന്നതുകൊണ്ടു കർത്താവിനു മഹത്വമുണ്ടായി. കാണപ്പെടുന്ന സ്മാരകം എന്നു പറയാൻ പ്രൊഫ. ഉലഹന്നാൻ മാപ്പിള സെന്റർ ഫോർ ഓറിയന്റൽ സ്റ്റഡീസ്, സെന്റ് ബർക്കുമാൻസ് ബെസ്റ്റ് ടീച്ചർ അവാർഡ് ഇവ മാത്രമേ ഉള്ളൂ.



മാർ കുര്യാളശ്ശേരി ബ്ലോക്ക്

വജ്രജൂബിലിയുടെ സാരഥി വില്യമച്ചൻ

സുവർണ്ണജൂബിലി നൗകയുടെ കപ്പിത്താൻ കുര്യാളശ്ശേരിൽ കുട്ടപ്പനച്ചൻ

പ്ലാറ്റിനംജൂബിലിയുടെ പുരോഹിതൻ പാവം വട്ടക്കളത്തിൽ കുട്ടപ്പൻ

1996 മാർച്ച് 31 സായംകാലത്ത്, ഡോ. സിറിയക് തോമസ്സിന്റെ സാന്നിദ്ധ്യത്തിൽ (തികച്ചും അവിചാരിതം) മഹോന്നതമായ മഹാനൗകയുടെ ഒന്നാം അണിയം, വിറയ്ക്കുന്ന കരങ്ങളോടെ, എളിയപ്രാർത്ഥനയോടെ, പ്രഗത്ഭനായ എന്റെ ഗുരുനാഥൻ മറ്റത്തിപ്പറമ്പിലച്ചന്റെ പാവനകരങ്ങളിൽ നിന്ന് ഏറ്റുവാങ്ങി. അന്നുവരെയുള്ള പ്രിൻസിപ്പൽമാരെല്ലാം വലിയ സാമ്പത്തിക പരാധീനതകളെ അതിജീവിച്ചാണ് നേട്ടങ്ങൾ കൊയ്തത്. 'ജൂബിലി പ്രിൻസിപ്പലി'ന്റെയും സ്ഥിതി വ്യത്യസ്തമല്ലായിരുന്നു.

ഒന്നാം അണിയത്ത്

സാമ്പത്തിക പരാധീനത നിത്യസംഭവം

ഈ പേരിനെക്കുറിച്ച് ഒരു വാക്ക്. പല നല്ല അധ്യാപകരും, ഗൗരവമായോ തമാശരൂപത്തിലോ; എനിക്കു നല്കിയ പേരാണിത്. പ്രിൻസിപ്പിലിന്റെയും വൈസ്പ്രിൻസിപ്പൽ പുഞ്ചയിലച്ചന്റെയും പൗരോഹിത്യ രജതജൂബിലി, ഭാരതാംബയുടെ സുവർണ്ണജൂബിലി, എന്റെ സെന്റ് ബർക്കുമാൻസിന്റെ പ്ലാറ്റിനംജൂബിലി, ഇവയെല്ലാം ഏകോപിച്ചു വന്നതു കൊണ്ടാണ്, അവർ പരാമർശിതപേരു നൽകിയത്.

ജൂബിലി പ്രിൻസിപ്പൽ

### മാർ കുര്യാളശ്ശേരി ബ്ലോക്ക് (അറ്റകുറ്റപ്പണികൾ)

ഇക്കാലയളവിൽ, മൂന്നു ബ്ലോക്കുകളിലും, ധാരാളം അറ്റകുറ്റപ്പണികൾ നടക്കേണ്ടിയിരുന്നു. കടം 'ധന' മായി തുടങ്ങിയതുകൊണ്ട് പണികൾക്കു വീണ്ടും കടം വാങ്ങേണ്ടി വന്നു. ആദ്യമായി കുര്യാളശ്ശേരി ബ്ലോക്കിലാണ് ശ്രദ്ധ പതിച്ചത്. എല്ലായിടത്തും സത്വരശ്രദ്ധ ആവശ്യമായിരുന്നെങ്കിലും, ക്യാമ്പസിലെ ആദ്യത്തെ കെട്ടിടം അതായതുകൊണ്ടാണ് അവിടെത്തുടങ്ങിയത്. ലേഖകൻ ബി.എ.യ്ക്കു പഠിക്കുമ്പോൾ പ്രിൻസിപ്പലിന്റെ ഓഫീസ് പോലും അവിടെയായിരുന്നു.

പ്ലാറ്റിനം ജൂബിലിയുടെ പ്രാരംഭം

പ്രഥമ കെട്ടിടം





**സെന്റ് ബർക്കുമാൻസ് സൗധ സമുച്ചയം മാതൃസൗധം ആനന്ദ ലഹരിയിൽ**

**സയൻസ്ബ്ലോക്ക്**
**ബയോളജി ബ്ലോക്ക്**
**സെന്റ് ജോസഫ്സ്**
**സെന്റ് തോമസ്സ്**
**സഹൃദയാ ഹോസ്റ്റലുകൾ**
**ക്രിസ്തുരാജാ കപ്പേള**
**കല്ലറയ്ക്കൽ ഹോൾ**
**അതിഥിമന്ദിരം**
**റിസർച്ച് ബ്ലോക്ക്**
**മാനേജ്മെന്റ് ബ്ലോക്ക്**
**ന്യൂമൻ ഹോസ്റ്റൽ**
**പഞ്ചനില ലൈബ്രറി**
**എസ്.എച്ച് കെട്ടിടം**
**ബൊട്ടാണിക്കൽ ഗാർഡനിലെ പഴയ സ്റ്റാഫ് ഹോസ്റ്റൽ**
**സ്റ്റേറ്റ് ബാങ്ക്, കന്റീൻ**
**അസംപ്ഷൻ കോളജ്**
**അവിടത്തെ ഏഴുഹോസ്റ്റലുകൾ**

ദക്ഷിണാഭിമുഖമായി സ്ഥിതിചെയ്യുന്ന ഈ മാതൃസൗധം തന്നിൽ നിന്നു പിറന്ന് 1937-ൽ പൂർണ്ണിമയിലെത്തിയ സയൻസ് ബ്ലോക്കിനെയും 1967-ൽ നാലുനിലയായി, വളർച്ചയിലെത്തി, തനിക്കു സമാന്തരമായി നിന്ന് അഭിമുഖദർശനം നല്കുന്ന ബയോളജി ബ്ലോക്കിനെയും നോക്കി ആനന്ദിക്കുകയാണ്. കുര്യാളശേരി ബ്ലോക്കിന്റെ കിഴക്കും വടക്കുമായി രൂപീകൃതങ്ങളായ സെന്റ് ജോസഫ്സ്, സെന്റ് തോമസ്, സഹൃദയാ ഹോസ്റ്റലുകളും, കുര്യാളശ്ശേരി ബ്ലോക്കിനു പടിഞ്ഞാറുതീർത്ത ക്രൈസ്റ്റ് ദ കിംഗ് ചാപ്പലും, മോൺ. കല്ലറയ്ക്കൽ ഹാളും കുര്യാളശ്ശേരി ബ്ലോക്കിനു കിഴക്ക് റിസർച്ച് സെന്ററും ഉലഹന്നാൻ മാപ്പിള ഗവേഷണകേന്ദ്രവും (പ്ലാറ്റിനംജൂബിലി സ്മാരകം) കഴിഞ്ഞ്, അതിലേറെ ഗംഭീരമായി, എന്നല്ല, ദക്ഷിണഭാരതത്തിൽ പ്രഥമവും വിശാലതമവുമായി, സുവർണ്ണജൂബിലി സ്മാരകമെന്നവണ്ണം 'തലയുയർത്തി നിൽക്കുന്ന ആർച്ചുബിഷപ്പ് കാവുകാട്ടുഹാളും, അതിനു തെക്ക് നാലുനിലയിൽ വിരാജിക്കുന്ന ലൈബ്രറി ബ്ലോക്കും, ചാപ്പലിനു വടക്കുള്ള അതിഥിമന്ദിരവും, സയൻസ് ബ്ലോക്കിനും കാവുകാട്ടുഹാളിനുമിടയ്ക്ക് ടെന്നീസ് കോർട്ടിന്റെ വടക്കേഅറ്റത്ത് ശിരസ്സുയർത്തി നിൽക്കുന്ന റിസർച്ച് ബ്ലോക്കും, അതിനു സമാന്തരമായി സ്ഥിതിചെയ്യുന്ന മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും, അതിനും തെക്കുവശത്തുള്ള ന്യൂമാൻ ഹോസ്റ്റലും, മോഹനകലാകുമാരിയായി ഉയർന്നു നിൽക്കുന്ന ജൂബിലി മെമ്മോറിയൽ സ്റ്റാഫ് ഹോസ്റ്റലും നേരത്തെ തന്നെ ബൊട്ടാണിക്കൽ ഗാർഡന്റെ കിഴക്ക് ഒറ്റനിലയിൽ തീർത്തിരുന്ന സ്റ്റാഫ് ക്വാർട്ടേഴ്സും, ആഗാമിയായ, നിഷ്കാസനത്തെ പ്രതീക്ഷിച്ചു കഴിയുന്ന, എസ്.എച്ച്. ഹോസ്റ്റലും, അതിനു തൊട്ടുകിഴക്ക് ലിറ്റിൽ ഫ്ളവർ ഹോസ്റ്റൽ രൂപാന്തരപ്പെട്ടുണ്ടായ, അശ്രേയമായ, ഷെഡ്ഡും പോസ്റ്റ് ഓഫീസും, പണിതീർന്നുകൊണ്ടിരിക്കുന്ന ലേഡീസ് ഹോസ്റ്റലും, എം.സി. റോഡിനു പടിഞ്ഞാറുള്ള സെന്റ് ബർക്കുമാൻസ് കോളജ് ബ്രാഞ്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും അതിനു തെക്കുവശത്തിരിക്കുന്ന സ്റ്റുഡന്റ്സ് കാന്റീനും, സർവ്വോപരി, അങ്ങ് കിഴക്കുവടക്കായി വളർന്നു പന്തലിച്ചിട്ടുള്ള അസംപ്ഷൻ കോളജും, കുമാരിമാരെ കുടിയിരുത്തിയിരിക്കുന്ന, ഏഴ് കുദാശകൾ പോലെ, ഏഴ് രാത്രി സത്രങ്ങളും എല്ലാം ഈ സൗധാംബികയുടെ അരുമമക്കളാണ്. ദൈവത്തിനു സ്തുതി!



ഹേതുഭൂതരായ ആത്മീയനേതാക്കന്മാർക്ക് നമോവാകം! ഇപ്പോൾ ഓഫീസ് സ്ഥിതിചെയ്യുന്ന ബയോളജി ബ്ലോക്കിനെക്കുറിച്ച് ദീർഘവീക്ഷണപടുവായ, എന്റെ അഭിവന്ദ്യ പ്രിൻസിപ്പൽ കാളാശ്ശേരിലച്ചൻ അന്നു ചിന്തിച്ചു തുടങ്ങി

യിരുന്നോ ആവോ?

**കണ്ടങ്കരി കറിയാച്ചന്റെ സഹായം**

കണ്ടങ്കരി കറിയാച്ചൻ, ഒരു നല്ല മനുഷ്യൻ (എന്റെ ഉറ്റ സുഹൃത്ത്, കോൺട്രാക്ടർ) തന്റെ സകലജോലിക്കാരുമായി വന്നു, ജൂബിലിയുടെ തുടക്കത്തിനു മുമ്പു തന്നെ, കുര്യാളശ്ശേരി ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിത്തന്നു.

**ബയോളജി ബ്ലോക്ക്**

ബയോളജി ബ്ലോക്കിൽ ഒരു വലിയ പ്രശ്നമുണ്ടായിരുന്നു. അതിന്റെ റൂഫിന്റെ വടക്കു വശത്തു കെട്ടിടത്തിന്റെ നീളമത്രയും നല്ല വീതിയുള്ള വരാന്തയാണ്. ആ ഭാഗത്ത് മേൽക്കൂരയില്ലായിരുന്നു. വർഷങ്ങളോളമുള്ള മഴ, വെയിലുകളുടെ ആഘാതമേറ്റ് വരാന്തയുടെ തറ മുഴുവൻ ലീക്കായിരുന്നു. വെള്ളം ഭിത്തികളിലേക്കിറങ്ങി തൂണുകളെപ്പോലും വലിയ ബലക്ഷയത്തിലാക്കിക്കൊണ്ടിരുന്നു. പടിഞ്ഞാറെവിംഗിലായിരുന്നു പ്രശ്നം രൂക്ഷം.

**ശാശ്വതപരിഹാരം**

മുമ്പ് ആത്മാർത്ഥമായ പല ശ്രമങ്ങളും നടത്തിയെങ്കിലും, പരിഹാരമായില്ല. പ്രാർത്ഥിച്ച്, ആലോചിച്ചു നോക്കിയപ്പോൾ ശാശ്വതമായ ഒരേ ഒരു പരിഹാരമേ കണ്ടുള്ളു. വരാന്ത കിഴക്കു പടിഞ്ഞാറ് റൂഫ് ചെയ്യുക. പ്രകൃതി സ്നേഹിയും 'ഒരു മരം' പരിപാടിയുടെ ഉപജ്ഞാതാവുമായ പ്രിയപ്പെട്ട കാളാശ്ശേരിലച്ചൻ, അനവധി തേക്കുകളോടൊപ്പം, ക്യാമ്പസിൽ വച്ചു പിടിപ്പിച്ചിരുന്ന നിരവധി മഹാഗണികളിൽ, വളർച്ചയായ കുറെ എണ്ണം, വെട്ടി അറപ്പിച്ച്, ആശാരിമാരെ ഇരുത്തിപ്പണിയിച്ച്, കഴുക്കോലും മറ്റനുസാരികളുമുണ്ടാക്കി, വരാന്ത മുഴുവൻ ഷീറ്റിടുകയാണ് ചെയ്തത്. അങ്ങനെ സെന്റ് ബർക്കുമാൻസിന്റെ മറ്റൊരു വലിയ പ്രശ്നം പരിഹൃതമായി.

**വരാന്തമുഴുവൻ ഷീറ്റ്**

**സയൻസ് ബ്ലോക്ക്**

സയൻസ് ബ്ലോക്കിന് അന്ന്, അറുപതുവർഷത്തിലധികം പഴക്കമായിരുന്നു, ഈ പ്രായാധിക്യം ധാരാളം അറ്റകുറ്റപ്പണികൾ അത്യന്താപേക്ഷിതമാക്കിയിരുന്നു. ജൂബിലി വർഷത്തിൽത്തന്നെ അവയുമൊക്കെ ചെയ്തുതീർത്തു. ഗ്രാന്റൊന്നും ഉണ്ടായിരുന്നില്ല. കടം വാങ്ങുക, തിരിച്ചു മറിച്ചൊക്കെ കാര്യങ്ങൾ നടത്തുക, സാധിക്കുന്നതു പോലെ കടം വീട്ടുക – അതായിരുന്നു പ്രിൻസിപ്പൽ സ്വീകരിച്ച മാർഗ്ഗം. 'ആരും പ്രത്യക്ഷമായി പരാതികളുമായി പോകാതിരുന്നതു പരാപരന്റെ അനുഗ്രഹം.

**കല്ലറയ്ക്കൽ ഹോൾ**

സയൻസ് ബ്ലോക്കു കഴിഞ്ഞാണ് പുരാതനപ്രസിദ്ധമായ കല്ലറയ്ക്കൽ ഹോളിലേക്ക് ശ്രദ്ധ തിരിക്കാൻ സാധിച്ചത്. ഹോളിന്റെ പട്ടികയൊക്കെത്തന്നെ ദ്രവിച്ചു തുടങ്ങിയിരുന്നു. മഹാനായ മോൺ. ജേക്കബ് കല്ലറയ്ക്കൽ 'പിതാവി' ന്റെ മഹാമനസ്കതയുടെ മകുടോദാഹരണമാണ് സെന്റ് ബർക്കുമാൻസിന്റെ, ആധ്യാത്മിക സ്രോതസ്സായ ക്രിസ്തുരാജാ ചാപ്പലും അനുബന്ധമായ കല്ലറയ്ക്കൽ ഹോളും. ഇവ അന്ന് പണിയിക്കുന്നതിന്റെ ചെലവുകൾക്കായി 8000 ഉറുപ്പിക കല്ലറയ്ക്കൽപിതാവ് സസന്തോഷം സെന്റ് ബർക്കുമാൻസിനു സമ്മാനിച്ചതാണ്.





**പ്ലാറ്റിനം ജൂബിലിയുടെ അവസരം അറ്റകുറ്റപ്പണിക്കോ!**

**എല്ലാവരുടെയും സഹകരണം**

**സകലകടങ്ങളും തീർത്ത് 11 ലക്ഷം രൂപാ മിച്ചവും യുജിസിയിൽനിന്ന് 31 ലക്ഷം ഉറുപ്പിക ഗ്രാന്റും!**

ഈ വക കാര്യങ്ങളെക്കുറിച്ച് ആർക്കും ഒരു അറിവോ പരിഗണനയോ, ഉണ്ടായിരുന്നില്ല എന്നുപറയുന്നതിൽ ഖേദമുണ്ട്. ക്ഷമിക്കുക. അറ്റകുറ്റപ്പണികൾ ആരാണു കാര്യമായി ശ്രദ്ധിക്കുക, ആർക്കാണ് അവയുടെ പ്രാധാന്യം മനസ്സിലാകുക! പക്ഷേ ഒരു വലിയ സ്ഥാപനത്തിലെ അറ്റകുറ്റപ്പണികൾ എത്ര അത്യന്താപേക്ഷിതമാണ്, അവയിൽ ദൈനംദിനം ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത ഇവയൊക്കെ സാന്ദർഭികമായി ഓർത്തു പോകുന്നു. പ്ലാറ്റിനംജൂബിലിയുടെ സമയത്ത് ഇതൊക്കെയാണോ ചെയ്യേണ്ടത് എന്നു ചിന്തിച്ചുകളഞ്ഞവരും കാണും.

ജൂബിലിയോടനുബന്ധിച്ചു പൂർവ്വവിദ്യാർത്ഥികളും അഭ്യുദയകാംക്ഷികളും അധ്യാപകരും വിദ്യാർത്ഥികളും അനധ്യാപകരും എല്ലാവരും സഹകരിച്ച് അതു മംഗളമാക്കിയെന്നു പറയുന്നതിൽ വലിയ പിശകില്ല. കോളജിന്റെ സകലകടങ്ങളും കർത്താവു തീർത്തു തന്നു. 11 ലക്ഷത്തിലധികം രൂപാ ലിക്വിഡ് ക്യാഷ് ആയി ബാങ്കിൽ നിക്ഷേപിച്ചിട്ട്, യുജിസിയിൽ നിന്നു 31 ലക്ഷം രൂപാ ഗ്രാന്റായും, അനുവദിപ്പിച്ചു നൽകിയതിനുശേഷം, പടിയിറങ്ങാൻ പരിമിതവിഭവനായ ഈയുള്ളവനെ പരമോന്നതൻ അനുഗ്രഹിച്ചു. അതിൽപ്പിന്നെ പ്രിൻസിപ്പൽമാർക്ക് യാതൊരു സാമ്പത്തിക പരാധീനതയും ഉണ്ടായിട്ടില്ല. പല നല്ല കാര്യങ്ങളും ചെയ്യാൻ പിന്മുറക്കാർക്കു ധാരാളം പണം ഇറക്കാൻ സാധിക്കുകയും ചെയ്തു. ഇപ്പോഴും സാധിക്കുന്നുവെന്ന, ശ്ലാഘനീയമായ വസ്തുത സസന്തോഷം അനുസ്മരിക്കുകയും, അവരെ, നിറമനസ്സോടെ, അഭിനന്ദിക്കുകയും ചെയ്യുന്നു.

## ജൂബിലി ആരംഭം

**തിരിതെളിയുന്നു മാധ്യമാഘോഷം**

ഒരു വർഷം നീണ്ടു നിന്ന പ്ലാറ്റിനംജൂബിലിക്കു തിരിതെളിച്ചത് ഒരു മാധ്യമാഘോഷത്തോടെയാണ്. ജൂൺ 9, 1997, എല്ലാ പ്രധാന മലയാളപത്രങ്ങളും പല ഇംഗ്ലീഷ്പത്രങ്ങളും സെന്റ് ബർക്കുമാൻസ് മാതാവിന്റെ 75 വർഷങ്ങളിലെ സേവനപാരമ്പര്യം, കലാലയത്തിലെ അവിസ്മരണീയരായ അധ്യാപകർ, വിദ്യാർത്ഥികൾ, ഇതര നിരവധിയായ നേട്ടങ്ങൾ, സംഭാവനകൾ, സ്വാധീനങ്ങൾ തുടങ്ങിയവയെക്കുറിച്ചു, വളരെ ഗൗരവാവഹവും അങ്ങേയറ്റം ആത്മാർത്ഥവുമായ, ആവിഷ്കാരങ്ങൾ ലേഖനങ്ങളിലൂടെയും അനുസ്മരണങ്ങളിലൂടെയും നടത്തുകയുണ്ടായി. കേളികൊട്ടു കെങ്കേമമായിരുന്നു. മാധ്യമങ്ങളെയും ഇതിൽ സഹായിച്ച മഹാരഥന്മാരെയും (അമ്മയുടെ മക്കൾ തന്നെ) നന്ദിയോടെ ഓർക്കുന്നു.

**പൂർവ്വവിദ്യാർത്ഥി സമാജത്തിന് ഉണർവും ഉത്തേജനവും പ്രൊഫ. ആർഎസ്. പണിക്കർ, പ്രസിഡന്റ്**

സെന്റ് ബർക്കുമാൻസ് പൂർവ്വവിദ്യാർത്ഥി സമാജം പൂർവ്വാധികം സജീവമാക്കാൻ പ്രൊഫ. ആർ. എസ്. പണിക്കർ അദ്ധ്യക്ഷനായി അതു പുനഃസംഘടിപ്പിച്ചു ശാക്തീകരിച്ചു. ഒരു ആഡ് ഹോക് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് രൂപം നല്കി. അതിന്റെയും എക്സിക്യൂട്ടീവ് പ്രസിഡന്റായിരുന്നു ആർ.എസ്സ്. പണിക്കർ സാർ. കൂടുതൽ പൂർവ്വവിദ്യാർത്ഥികളെ അംഗങ്ങളാക്കാനുള്ള പരിശ്രമം, അന്നു ജീവിച്ചിരുന്ന, സ്വയം ബസിൽ സഞ്ചരിച്ചു കോളജിൽ എത്താൻ അത്യധികം ആഗ്രഹിച്ച, അതിനുകഴിഞ്ഞ, പൂർവ്വവിദ്യാർത്ഥി ശ്രീ. റ്റി ജെ. ജോണിന്, അംഗത്വം നല്കി, ആരംഭിച്ചു. നെടുങ്കുന്നത്തു നിന്നും ബസ്സിൽ കയറി ചങ്ങനാശ്ശേരിയിലെ

പ്രധാന പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ ഇറങ്ങി, അവിടന്നു നടന്ന് പ്ലാറ്റിനംജൂബിലി ആഘോഷിക്കുന്ന 'അമ്മ'യുടെ നടുമുറ്റത്ത് അദ്ദേഹം എത്തി. അനന്തരം പ്രൗഢഗംഭീരമായ കാവുകാട്ടുഹാളിലേക്ക് നടന്നു നീങ്ങി. പഠിച്ചിരുന്നപ്പോൾ നടന്ന സമ്മേളനങ്ങളിൽ എന്നപോലെ, അന്നും എത്തണമെന്ന അദ്ദേഹത്തിന്റെ ഹൃദയാഭിലാഷം അങ്ങനെ പൂർത്തീകരിക്കുകയും ദൃഢനിശ്ചയം പ്രായോഗികമാക്കുകയും ചെയ്തു.

ജൂബിലിയാഘോഷങ്ങൾ ഔപചാരികമായി 1996 ജൂൺ 19-ന് ഉദ്ഘാടനം ചെയ്തത് അന്നത്തെ വിദ്യാഭ്യാസമന്ത്രിയും സെന്റ് ബർക്കുമാൻസിന്റെ വിശ്വസ്തസന്താനവുമായ ശ്രീ. പി. ജെ. ജോസഫാണ്. അദ്ദേഹം ഇന്നും മന്ത്രിയാണ്. സെന്റ് ബർക്കുമാൻസിന്റെ സന്താനങ്ങളില്ലാത്ത ഒരു മന്ത്രിസഭപോലും, ഇന്നുവരെ, കേരളത്തിൽ ഉണ്ടായിട്ടില്ല. മാതൃവിദ്യാലയത്തോടുള്ള അത്യഗാധമായ സ്നേഹവും കടപ്പാടും വിളിച്ചോതുന്നതും അമ്മയുടെ നാനാമുഖമായ നേട്ടങ്ങൾ ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നതുമായിരുന്നു, ശ്രീ. ജോസഫിന്റെ പ്രസംഗം.

യോഗത്തിൽ അധ്യക്ഷനായിരുന്നതു പൂർവ്വവിദ്യാർത്ഥികളിൽ ഒരു പ്രമുഖനും കോളജിന്റെ അന്നത്തെ രക്ഷാധികാരിയുമായിരുന്ന, അഭിവന്ദ്യ പവ്വത്തിൽ പിതാവാണ്. St. Berchmans is the brightest jewel on the ecclesiastical diadems of her patrons. നാളിതുവരെ ആറു രക്ഷാധികാരികളാണ് സെന്റ് ബർക്ക്മാൻസിന് ഉണ്ടായിട്ടുള്ളത്. ഇവരിൽ വിശുദ്ധി, വിജ്ഞാനം, വിനയം, പിതൃസഹജമായ സ്നേഹം ഇവകൊണ്ടെല്ലാം സമലംകൃതൻ സെന്റ് ബർക്കുമാൻസിന്റെ പൂർവ്വ വിദ്യാർത്ഥിയും വാർഡനും അധ്യാപകനുമായിരുന്ന ദൈവദാസൻ കാവുകാട്ടു പിതാവു തന്നെ. പ്രവിത്താനത്താണു പിറന്നതെങ്കിലും പിതാവിന്റെ മൂലകുടുംബം ചങ്ങനാശ്ശേരി മണക്കുന്നേലാണ്. അതുകൊണ്ടുതന്നെയാണ് ധാരാളം കുരിശുകൾ വഹിക്കേണ്ടിവരുമെന്ന് ഉറപ്പായിരുന്നിട്ടും ചങ്ങനാശ്ശേരിയിൽ മേല്പട്ടക്കാരനായി ശുശ്രൂഷ ചെയ്യാൻ പിതാവു പൂർവ്വാധികം ഇഷ്ടപ്പെട്ടത്.

മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ്ചാൻസലർ ഡോ. വി.എൻ. രാജശേഖരൻ പിള്ള ഉദ്ഘാടനസമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. സാന്ദർഭികമായി പറയട്ടെ, ജോധ്പൂർ യൂണിവേഴ്സിറ്റി വൈസ്ചാൻസ്‌ലർ ഡോ. വി. വി. ജോൺ, കേരളാ യൂണിവേഴ്സിറ്റി വൈസ്ചാൻസലർമാരായിരുന്ന ഡോ. എ. വി. വർഗ്ഗീസ്, ഡോ. ജെ. വി. വിളനിലം, ഗോവാ യൂണിവേഴ്സിറ്റി വൈസ്ചാൻസലറായിരുന്ന പി.എം. സക്കറിയാസ് (ലേഖകന്റെ സഹപാഠി), കേരളായൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്ന ഡോ. ബി. ഇക്ബാൽ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ്ചാൻസ്‌ലറായിരുന്ന ഡോ. ജാൻസി ജയിംസ് ഇവരെല്ലാം സെന്റ് ബർക്കുമാൻസിന്റെ അരുമ സന്താനങ്ങളാണ്. ലേഖകന്റെ just junior ആയിരുന്നു ജാൻസി.

ഉദ്ഘാടനദിനത്തിലെ മുഖ്യാതിഥി മേഘാലയാ ഗവർണർ ശ്രീ. എം.എം.

**അംഗത്വസമാഹരണം ജീവിച്ചിരുന്ന സീനിയർമോസ്റ്റ് പൂർവ്വ വിദ്യാർത്ഥി റ്റി.ജെ. ജോണിന് അംഗത്വം നല്കിക്കൊണ്ട് തുടങ്ങി**

**ഉദ്ഘാടനം പൂർവ്വവിദ്യാർത്ഥിയും അന്നത്തെ വിദ്യാഭ്യാസമന്ത്രിയുമായ പി.ജെ. ജോസഫ്**

**യോഗാദ്ധ്യക്ഷൻ പൂർവ്വവിദ്യാർത്ഥിയും അധ്യാപകനും വാർഡനും സിഎസ്.യു ചാപ്ലിനുമായിരുന്ന അന്നത്തെ രക്ഷാധികാരി പവ്വത്തിൽ പിതാവ്**

**പ്രഭാഷണം എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസ്‌ലർ സെന്റ് ബർക്കുമാൻസിൽനിന്നു നിരവധി വൈസ് ചാൻസ്‌ലർമാർ: വി.വി. ജോൺ, എ.വി. വർഗ്ഗീസ്, ജെ.വി. വിളനിലം, ബി. ഇക്ബാൽ ജാൻസി ജെയിംസ് പി.എം. സക്കറിയാസ്**



**മുഖ്യാതിഥി മേഘാലയ, ഗവർണർ**

**ജൂബിലിവർഷ സ്പെഷ്യൽ ബെനി ഫാക്ടേഴ്സ് ഡേ മുഖ്യാതിഥി പള്ളി ക്കാപ്പറമ്പിൽ പിതാവ്**

**സെന്റ് ബർക്കു മാൻസിന്റെ തിരു നാൾദിനം പ്ലാറ്റിനം ജൂബിലി സ്റ്റാഫ് ഡേ**

**അധ്യാപക രക്ഷാകർത്തൃ സമ്മേളനം നിറസാന്നിദ്ധ്യം**

**കമലാദാസ് ദേശീയ സെമിനാർ ഉദ്ഘാടനം ഡോ. അയ്യപ്പപ്പണി ക്കർ**

**പ്രത്യേക ക്ഷണി താവ് ജയന്ത മഹാ പത്ര**

**ലേഖകന് ഏറെ സന്തോഷകരം**

ജേക്കബ് ആയിരുന്നു. സെന്റ് ബർക്കുമാൻസിനോടു, ശിഷ്യസഹജമായ സ്നേഹം പുലർത്തുന്ന വലിയൊരു രാജ്യസ്നേഹിയും രാഷ്ട്രമീമാംസകനും ദീർഘവീക്ഷണപടുവുമാണ് ഈ മാന്യദേഹം.

നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ ദുക്റാന തിരുനാളായ ജൂലൈ മൂന്നാം തീയതി പ്ലാറ്റിനം ജൂബിലി വർഷ സ്പെഷൽ ബെനിഫാക്ടേഴ്സ് ഡേ ആഘോഷിക്കുകയും ബനിഫാക്ടേഴ്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പൂർവ്വവിദ്യാർത്ഥിയും പ്രത്യേക ബെനിഫാക്ടറുമായ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവായിരുന്നു അന്നത്തെ മുഖ്യാതിഥി.

സ്വർഗ്ഗീയമധ്യസ്ഥനായ വി. ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 13ന് പ്ലാറ്റിനംജൂബിലി സ്റ്റാഫ് ഡേ, വർണ്ണശബളമായ വിധത്തിൽ, അത്യാഡംബരപൂർവ്വം, ആഘോഷിക്കപ്പെട്ടു. വലിയ ഉന്മേഷത്തോടെ അധ്യാപകരെല്ലാവരും തന്നെ സമ്മേളിച്ചിരുന്നു. ഒരു നിരീക്ഷണം, മുതിർന്ന തലമുറയ്ക്കു തങ്ങളുടെ കലാലയത്തോടുള്ള സ്നേഹവും പരിഗണനയും വളരെ വളരെ കൂടുതലായിരുന്നുവെന്നതാണ്.

പ്ലാറ്റിനംജൂബിലി അധ്യാപകരക്ഷാകർത്തൃസമ്മേളനം ഒക്ടോബർ രണ്ടിനായിരുന്നു. ഒരു അസാധാരണ സമ്മേളനമെന്ന നിലയിൽ അന്യാദൃശമായ, ആവേശപൂർവ്വകമായ, സാധാരണയിൽ നിന്നും വളരെക്കൂടുതലായ ഒരു സാന്നിദ്ധ്യം ദൃശ്യമായിരുന്നു. പല അധ്യാപകരും രക്ഷാകർത്താക്കളും കലാലയമുത്തശ്ശിക്ക് അനുമോദനങ്ങൾ അർപ്പിക്കുകയും ഭാവുകങ്ങൾ നേരുകയും ചെയ്തു.

ഒക്ടോബർ 25, 26 തീയതികളിൽ, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കമലാദാസിനെക്കുറിച്ച് ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കപ്പെട്ടു. ഇംഗ്ലീഷ് മലയാള ഭാഷകളിൽ അഗാധപാണ്ഡിത്യത്തിന്റെ ഉടമയും മലയാളത്തിലെ എണ്ണപ്പെട്ട കവിയുമായ, ഡോ. അയ്യപ്പപണിക്കരാണ് സെമിനാർ ഔപചാരികമായി ഉദ്ഘാടനം ചെയ്തത്. കമലാദാസ് ആദ്യന്തം സെമിനാറിൽ സന്നിഹിതയായിരുന്നുവെന്നത്, എടുത്തു പറയേണ്ട കാര്യമാണ്.

ഈ സെമിനാറിലെ പ്രത്യേക ക്ഷണിതാവായിരുന്നു, പ്രസിദ്ധ ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യകാരൻ ജയന്തമഹാപത്ര. സെന്റ് ബർക്കുമാൻസിൽ എം.എയ്ക്ക് ഇന്ത്യൻ ഇംഗ്ലീഷ് ലിറ്ററേച്ചർ ആരംഭിച്ചപ്പോൾ ആ വിഷയം, അത്യധ്വാനം ചെയ്തു പഠിച്ചു, പഠിപ്പിക്കുകയും (കമലാദാസിന്റെ കവിതകളും പഠിപ്പിക്കാനുണ്ടായിരുന്നു) ആ മേഖലയിൽ ഗവേഷണം നടത്തുകയും ചെയ്ത എനിക്ക് ഈ സെമിനാർ ഏറെ സന്തോഷം പകർന്നുവെന്നുള്ളതു വസ്തുതയാണ്. വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കും പ്രസ്തുത സെമിനാർ ഏറെ പ്രയോജനകരമായി.

സെന്റ് ബർക്കുമാൻസിലെ വിവിധ വകുപ്പുകൾ ഇത്തരം ദേശീയ, അന്തർദേശീയ സെമിനാറുകൾ ധാരാളമായി സംഘടിപ്പിക്കാറുണ്ട്. Only St. Berchmans can do it എന്നത് കാലാകാലമായി മുഴങ്ങിക്കേൾക്കുന്ന ഒരു സൂക്തമാണ്. ഷേക്സ്പിയർ തിയേറ്ററിന്റെ അസുലഭനേട്ടങ്ങൾ പരിഗണിച്ചാണ് ഈ സൂക്തം

ജന്മം കൊണ്ടത് എന്നു കൂടി കൂട്ടിച്ചേർക്കേണ്ടിയിരിക്കുന്നു. ഈ സെമിനാറിലെ പ്രത്യേക ക്ഷണിതാവായിരുന്നു.

ജൂബിലിവർഷത്തിൽ ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആരംഭിക്കാൻ തെര ഞ്ഞെടുക്കപ്പെട്ടത് ജൂബിലേറിയൻ സെന്റ് ബർക്കുമാൻസ് തന്നെയാണ്. എന്നും മികവ് കാട്ടിയിട്ടുള്ള ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഈ കോഴ്സും മികവ് തെളിയിക്കുകയുണ്ടായി. അന്ന് സ്പോൺസർഷിപ്പ് കിട്ടിയത്, അഞ്ചു വർഷത്തേക്കായിരുന്നു.

ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്

ജനുവരി 21 മുതൽ 30 വരെ സംഘടിപ്പിക്കപ്പെട്ട കലോത്സവം ജൂബിലിയുടെ ഒരു നാഴികക്കല്ലെന്നു തന്നെ പറയാം. അതു വിജയമായിരുന്നു. കോളജിന്റെ സമഗ്ര വികസനത്തിന് ഒരു ഫണ്ട് ശേഖരിക്കുകയായിരുന്നു കലോത്സവത്തിന്റെ സാമ്പത്തിക ലക്ഷ്യം. പൂർവ്വവിദ്യാർത്ഥിയും, എന്റെ നേരെ സീനിയറുമായിരുന്ന ശ്രീ. എം. ജി. സോമനാണ് കലോത്സവം ഉദ്ഘാടനം ചെയ്തത്. തന്റെ ആത്മവിദ്യാലയത്തിന്റെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി നടത്തപ്പെട്ടപ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞതിൽ സോമേട്ടന് വലിയ സന്തോഷമായിരുന്നു, ആഹ്ലാദമായിരുന്നു. അദ്ദേഹം അത് പറയുകയും ചെയ്തു. തന്റെ മകനും മാതൃകലാലയത്തിൽ പഠിക്കണമെന്നത് അദ്ദേഹത്തിന്റെ വലിയ നിഷ്ഠയായിരുന്നു. അവസരം കിട്ടുമ്പോഴെല്ലാം, കലാലയം സന്ദർശിക്കുകയും സ്നേഹാദരവുകൾ പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്ന സോമേട്ടൻ, ഞങ്ങൾ സമകാലീനരായിരുന്നതുകൊണ്ട്, ഞാൻ പ്രിൻസിപ്പലായ ഉടനെതന്നെ അഭിനന്ദനം അറിയിക്കുകയും നിർബന്ധപൂർവ്വം വീട്ടിലേക്കു ക്ഷണിച്ചുകൊണ്ടുപോയി, മറ്റു പലരെയും ക്ഷണിച്ചുവരുത്തി, അവർക്ക് സെന്റ് ബർക്കുമാൻസിന്റെ പുതിയ പ്രിൻസിപ്പലിനെ, 'എന്റെ പ്രിൻസിപ്പലച്ചൻ' എന്നുപറഞ്ഞു പരിചയപ്പെടുത്തുകയും, ഞങ്ങളെ സത്കരിക്കുകയും ചെയ്തതു നന്ദിയോടെ ഓർക്കുന്നു.

താരനിശ കലോത്സവം ഉദ്ഘാടകൻ പൂർവ്വ വിദ്യാർത്ഥി എം. ജി. സോമൻ

ലേഖകനും സോമനും സമകാലീനർ

ജനുവരി 21ന് ഒരു താരനിശയും ഒപ്പം ഒരു മിമിക്സ്പരേഡും ഉണ്ടായിരുന്നു. 22-ന് പ്രൊഫ. രാജൻ പി ദേവ് ഡയറക്ട് ചെയ്ത്, അവതരിപ്പിച്ച ജൂബിലി തീയറ്റേഴ്സിന്റെ 'അമ്മിണിക്കുട്ടിക്കു സ്വയംവരം' എന്ന മലയാളനാടകം മികവ് പുലർത്തി. അഭിനേതാക്കൾ സിനി ആർട്ടിസ്റ്റുകളായിരുന്നു.

രാജൻ പി. ദേവ് ഡയറക്റ്റു ചെയ്ത അമ്മിണിക്കുട്ടിക്കു സ്വയംവരം

പ്രൊഫ. മുതുകാടിന്റെ മാജിക് ഷോ ആയിരുന്നു 23-ാം തീയതിയിലെ പ്രത്യേക പരിപാടി. 25-ാം തീയതിയുടെ സവിശേഷത, അന്ന് ഒരു ഇന്റർ കോളിജിയേറ്റ് ഡാൻസ് മത്സരം ഉണ്ടായിരുന്നുവെന്നതാണ്. ബിജുനാരായണൻ, രേണുക & പാർട്ടിയുടെ ഗാനമേളയായിരുന്നു 27നു നടത്തിയ പ്രത്യേക സദ്യ. ചങ്ങനാശ്ശേരി തരംഗം തീയറ്റേഴ്സിന്റെ 'മണ്ണിന്റെ മക്കൾ' എന്ന മലയാളനാടകം ജനുവരി 28 ലാണ് അഭിമാനപൂർവ്വം, അത്യാഹ്ലാദത്തോടെ, അവതരിപ്പിക്കപ്പെട്ടത്. 29, 30 തീയതികളിൽ സെന്റ് ബർക്കുമാൻസ് ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിന്റെ അഭിമാനമായ, അനന്യസമ്പാദ്യമായ, ഷേക്സ്പിയർ തിയേറ്ററിന്റെ അത്യുജ്ജ്വല പ്രകടനമായിരുന്നു. ഈ ദിവസങ്ങളിൽ 'ആന്റണി & ക്ലിയോപാട്ര'യുടെ രണ്ടു ഷോ

പ്രൊഫ. മുതുകാടിന്റെ മാജിക് ഷോ ഇന്റർ കോളജിയറ്റ് ഡാൻസ് മത്സരം ഗാനമേള, ബിജുനാരായണൻ, രേണുക



**ഷേക്സ്പിയർ തിയേറ്ററിന്റെ ആന്റണി & ക്ലിയോപാട്ര**

ഉണ്ടായിരുന്നു. സെന്റ് ബർക്കുമാൻസിന്റെ സന്താനം, ലേഖകന്റെ സമകാലീനനും സഹപ്രവർത്തകനുമായ, പ്രൊഫ. സി. സി. തോമസ്സാണ് നാടകം ഡയറക്റ്റു ചെയ്തത്.

കാളാശ്ശേരിലച്ചൻ തന്റെ പ്രിയപ്പെട്ട സെന്റ് ബർക്കുമാൻസ് ധാത്രിക്ക് സമ്മാനിച്ച വലിയ ഉപഹാരങ്ങളിൽ ഒന്നാണ് സഹൃദയ ഹോസ്റ്റൽ. ശ്രീ. പി. ജെ. ജോസഫിന്റെ, നടപ്പാകാതെ പോയ ഒരു പദ്ധതിപ്രകാരം, സഹൃദയ പ്ലസ്ടു കോളജാക്കാൻ അദ്ദേഹവും ഞാനും കൂടി പ്ലാനിട്ടതാണ്. തന്റെ ഹോസ്റ്റലിന്റെ (എസ്. എച്ച്.) നവ്യരൂപമായ സഹൃദയ അങ്ങനെ പുനഃപ്രതിഷ്ഠിക്കുന്നതു പി. ജെ. യ്ക്ക് ഏറെ ഇഷ്ടമായിരുന്നു.

**സഹൃദയാ ഹോസ്റ്റൽ പ്ലസ്ടു കോളജാക്കാൻ ശ്രമം**

## അവിസ്മരണീയദിനം

1977 ഫെബ്രുവരി 11 എന്റെ സെന്റ് ബർക്കുമാൻസിന്റെ ചരിത്രത്തിലെ അവിസ്മരണീയദിനങ്ങളിൽ ഒന്നാണ്. പ്ലാറ്റിനം ജൂബിലിയുടെ സമാപന ദിവസം! സമാപന സന്ദേശം നൽകാൻ, അന്ന് ഇന്ത്യയുടെ വൈസ്പ്രസിഡന്റും പിന്നീട് പ്രസിഡന്റുമായ, കേരളത്തിന്റെ പൊന്നോമനമകൻ, നമ്മയുടെ നിറകുടം ശ്രീ. കെ. ആർ. നാരായണൻ തന്നെ എത്തണമെന്നതായിരുന്നു പൊതു അഭിപ്രായം.

**പ്ലാറ്റിനംജൂബിലി സമാപനം**

അതു മാനിച്ച്, ആ മഹാനുഭാവനെ ക്ഷണിക്കാൻ, അന്നത്തെ പ്രിൻസിപ്പലായിരുന്ന ലേഖകൻ തന്നെയാണു പോയത്. സന്ദർശനാനുമതി നിഷ്പ്രയാസം കിട്ടി. എല്ലായിടത്തും നല്ല സ്വാധീനം ചെലുത്താൻ സെന്റ് ബർക്കുമാൻസിന്റെ മക്കൾ എവിടെയാണില്ലാത്തത്? അന്നത്തെ വിവിഐപി സെക്യൂരിറ്റിയുടെ പൂർണ്ണ ഉത്തരവാദിത്വം വഹിച്ചിരുന്ന ജോസ് ജെ. തറയിൽ ഐപിഎസ് (ഏതാനും വർഷങ്ങൾക്ക് മുമ്പ് ജോസ് തന്റെ നിത്യസമ്മാനത്തിനു പോയി), ആവശ്യമായ ക്രമീകരണങ്ങളെല്ലാം ചെയ്തിരുന്നു. വിമാനത്താവളത്തിൽ, അദ്ദേഹത്തിന്റെ ഔദ്യോഗിക വാഹനം, സെക്യൂരിറ്റിയുമായി വന്ന്, എന്നെ സ്വീകരിച്ച് എത്രയും വേഗം എന്നെ പാർലമെന്റ് ആസ്ഥാനത്ത് എത്തിച്ചു. സെന്റ് ബർക്കുമാൻസിന്റെ മറ്റൊരു പ്രഗത്ഭ സന്താനമായ ശ്രീ. പി. റ്റി. തോമസ്, പ്രഗത്ഭനായ പിതാവിന്റെ പ്രഗത്ഭനായ മകൻ, അദ്ദേഹത്തിന്റെ ആത്മവിദ്യാലയത്തിന്റെ ഒന്നാം അണിയക്കാരനെ കാത്തു നില്ക്കുന്നുണ്ടായിരുന്നു.

നിമിഷങ്ങൾക്കകം ഞങ്ങൾ വൈസ് പ്രസിഡന്റിന്റെ ചേംബറിൽ എത്തി. തോമ്മാച്ചൻ എന്നെ പരിചയപ്പെടുത്തുന്നതിനു മുമ്പു തന്നെ ഞാൻ ഉപചാരപൂർവ്വം പറഞ്ഞു. 'Sir, I am the student and sometime colleague of Prof. K.J. John, Kattoor. കെ. ജെ. ജോൺ എന്ന നാമം ഒരു വൈദ്യുതി തരംഗം പോലെ അദ്ദേഹത്തിൽ സ്നേഹത്തിന്റെ അനുരണനങ്ങൾ ഉളവാക്കി. സുസ്മേരവദനനായി, വലിയ താൽപര്യത്തോടെ, വൈസ്പ്രസിഡന്റ് ജോൺ സാറിന്റെ കുടുംബത്തെക്കുറിച്ച് (ജോൺസാർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകഴിഞ്ഞിരുന്നു) കുടുംബാംഗങ്ങളെക്കുറിച്ച്, ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചൊക്കെ, വിശദമായി അന്വേഷിക്കുകയും പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനത്തിന് വരാൻ അങ്ങേയറ്റം

**കെ.ആർ. നാരായണനും കെ.ജെ. ജോൺസാറും ഉറ്റ ചങ്ങാതികൾ, സതീർത്ഥ്യർ**

ശ്രമിക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്തു. അങ്ങനെ, പ്ലാറ്റിനം ജൂബിലി സമാപന സന്ദേശം ഭാരതാംബയുടെ പ്രതിഭാധനനായ മകൻ, കേരളത്തിന്റെ അഭിമാനം, തന്നെ നൽകി. അദ്ദേഹത്തിനു നല്കിയ സ്വീകരണം അനിതരസാധാരണമായ ഒരു സംഭവമായിരുന്നു.

ഉന്നതവിദ്യാഭ്യസരംഗത്ത്, കത്തോലിക്കാസഭ ചെയ്തുകൊണ്ടിരിക്കുന്ന നിസ്തുല സേവനങ്ങളെ കെ.ആർ. മുക്തകണ്ഠം പ്രശംസിച്ചു. സെന്റ് ബർക്കുമാൻസിന്റെ glorious past നെക്കുറിച്ചും ക്യാമ്പസിൽ അവൾ ഉളവാക്കിയിരിക്കുന്ന അച്ചടക്കപാരമ്പര്യത്തെക്കുറിച്ചും നിർലോഭം ശ്ലാഘിക്കാനും അദ്ദേഹം മറന്നില്ല. സെന്റ് ബർക്ക്മാൻസ് പരമ്പരാഗതമായി കാത്തുസംരക്ഷിക്കുന്ന ഉന്നതമായ വിദ്യാഭ്യാസ നിലവാരത്തെയും അദ്ദേഹം പരാമർശനവിധേയമാക്കി.

ശ്രീ. കെ. ആർ. നാരായണന്റെ വാലിഡിക്റ്ററി അഡ്രസ്സ് തന്റെ മാതൃഭാഷയിൽതന്നെയായിരുന്നു. പ്രിൻസിപ്പൽ കൃതജ്ഞതാ പ്രകാശനം നടത്തിയത് ഇംഗ്ലീഷ് ഭാഷയിലുമായിരുന്നു. സമ്മേളനാനന്തരം നടന്ന സ്വകാര്യ സംഭാഷണത്തിൽ, അദ്ദേഹം പറഞ്ഞ തമാശ ഓർക്കുന്നു. പ്രിൻസിപ്പിലച്ചൻ ഇംഗ്ലീഷിൽ പ്രസംഗിക്കുമെന്ന്, നേരത്തെ അറിഞ്ഞിരുന്നെങ്കിൽ, ഞാനും ഇംഗ്ലീഷിൽ തന്നെ പ്രസംഗിക്കുമായിരുന്നു!

തന്റെ പ്രസംഗമദ്ധ്യേ 'ആ വലിയ ചെറിയ' മനുഷ്യൻ സെന്റ് ബർക്കുമാൻസ് കലാലയമുത്തശ്ശിക്ക് ഭാവുകങ്ങൾ ആശംസിച്ചപ്പോൾ അദ്ദേഹത്തിന് ഒരു നൂറു നാവുകളായിരുന്നു. ഈ സരസ്വതീക്ഷേത്രത്തിന്റെ നടുമുറ്റത്ത് പിച്ചവച്ചു നടന്നു ജ്ഞാനപാനം നടത്തിയിട്ടില്ലെങ്കിലും, തന്റെ ഉറ്റസുഹൃത്ത് പ്രൊഫ. കെ. ജെ. ജോണിൽനിന്ന് (ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്) ഈ വിജ്ഞാനകേന്ദ്രത്തെക്കുറിച്ച് ധാരാളം മനസ്സിലാക്കിയിരുന്നു എന്നും ഇതിന്റെ സർവ്വതോമുഖമായ പുരോഗതിയിൽ ഹൃദയം നിറയെ സന്തോഷിക്കുന്നുവെന്നും, അദ്ദേഹത്തിന്റെ ലളിതസുന്ദരമായ പ്രസംഗത്തിൽ വ്യക്തമാക്കി.

മീറ്റിംഗ് കഴിഞ്ഞ ഉടനെ ഉണ്ടായ ഒരു സംഭവം അദ്ദേഹത്തിന്റെ എളിമയും അദ്ദേഹം മാനുഷികമൂല്യങ്ങൾക്ക് നൽകുന്ന മികവാർന്ന മുൻതൂക്കവും നിതരാം വ്യക്തമാക്കുന്നതാണ്. അദ്ദേഹം എന്നോടു ചോദിച്ചു: 'ജോൺ സാറിന്റെ സഹധർമ്മിണിയേയും മക്കളേയും അടുത്ത ബന്ധുക്കളേയും സ്റ്റേജിലേക്ക് ഒന്നുവിളിക്കാമോ' എന്ന്. അത്ഭുതകരം! അവിശ്വസനീയം! ഞങ്ങളിരുവരും കനത്ത സെക്യൂരിറ്റി വലയത്തിനുള്ളിൽ! ഒരുപക്ഷെ ഈ ക്ഷണം പ്രതീക്ഷിച്ച്, പറയപ്പെട്ടവരെല്ലാം തന്നെ സ്റ്റേജിനു മുൻഭാഗത്ത് സന്നിഹിതരായിരുന്നു. ആംഗ്യം കാണിച്ച് എല്ലാവരേയും സ്റ്റേജിലേക്ക് ക്ഷണിച്ചുവരുത്തി. ഇത് സെക്യൂരിറ്റിക്ക് ഏറെ തലവേദന ഉളവാക്കിയെന്ന് പറയേണ്ടതില്ലല്ലോ. അവരെ മറികടന്ന്, അദ്ദേഹം ഓരോരുത്തരെയും പേരു ചൊല്ലി വിളിക്കുകയും, സാറിന്റെ സഹധർമ്മിണിക്ക്, നിർദ്ദേശിക്കപ്പെട്ടിരുന്ന കാൽമുട്ടിലെ ശസ്ത്രക്രിയയെക്കുറിച്ച് വിശദാംശങ്ങൾ പ്രത്യേകം ചോദിച്ചറിയുകയും ചെയ്തു. 'ഇത്ര ചെറുതാകാൻ എത്ര വളരേണം?'

**കെ. ആറിന് ഉജ്വലവരവേല്പ്**

**സമാപനസന്ദേശം മാതൃഭാഷയിൽത്തന്നെ**

**കത്തോലിക്കാസഭയുടെ സേവനങ്ങൾ**

**ഉന്നതവിദ്യാഭ്യാസരംഗത്തു കത്തോലിക്കാസഭയും സെന്റ് ബർക്കുമാൻസും ചെയ്യുന്ന സേവനങ്ങൾക്കു മുക്തകണ്ഠമായ പ്രശംസ**

**സെന്റ് ബർക്കുമാൻസിനു ഭാവുകങ്ങൾ**

**ഉയരങ്ങളിലെത്തിയിരിക്കുന്നതിൽ ഹൃദയം നിറയെ സന്തോഷം**

**കെ.ആറിന്റെ എളിമയും ഇതരമാനുഷിക പുണ്യങ്ങളും**

**സെക്യൂരിറ്റിക്കു തലവേദന**

**ഇത്ര ചെറുതാകാൻ എത്ര വളരേണം?**



## സെന്റ് ബർക്കുമാൻസ് ഹോസ്റ്റൽ

ജൂബിലിയുടെ ഭാഗമായി, സഹൃദയ രണ്ടു ഹോസ്റ്റലുകളാക്കി. പടിഞ്ഞാറു വശത്തിനു സഹൃദയ എന്ന പേര് നിലനിർത്തി. കിഴക്കു വശത്തെ ഹോസ്റ്റലിന് സെന്റ് ബർക്കുമാൻസ് എന്ന പേരും നല്കി. ഈ പേരിൽത്തന്നെ ഒരു ഹോസ്റ്റൽ നേരത്തെ പ്രവർത്തിച്ചിരുന്ന വസ്തുത അന്യത്ര വ്യക്തമാക്കിയിട്ടുണ്ട്.

## ഓഫീസ് നവീകരണവും മറ്റും

പ്ലാറ്റിനംജൂബിലിയുടെ ഭാഗമായി, കോളജ് ഓഫീസ് നവീകരിച്ചു കമ്പ്യൂട്ടറൈസ് ചെയ്യുകയും ഒരു കമ്പ്യൂട്ടർ ലാബ് ആരംഭിക്കുകയും ചെയ്തുവെന്നതും ശ്രദ്ധേയം തന്നെ. സെന്റ് ബർക്കുമാൻസ് അലമ്നൈഡിറക്ടറി പ്രസിദ്ധം ചെയ്തതു മറ്റൊരു ചെറിയ കാര്യമാണ്. ഇൻഡ്യാ ഗവൺമെന്റ് അനുവദിച്ച എനർജി പാർക്ക് ഭാഗികമായി പ്രവർത്തനനിരതമാക്കി. സെന്റ് ബർക്കുമാൻസിന്റെയും ചങ്ങനാശ്ശേരി അതിരൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ഏകോപിച്ചുള്ള ഫ്ളോറികൾച്ചർ പ്രോജക്ട് ജൂബിലിയോടനുബന്ധിച്ചു പ്രവർത്തനമാരംഭിക്കുകയുണ്ടായി.

കമ്പ്യൂട്ടറൈസേഷൻ
കമ്പ്യൂട്ടർ ലാബ്

സെന്റ് ബർക്കുമാൻസ് അലമ്നൈ ഡിറക്ടറി
എനർജി പാർക്ക്

ഫ്ളോറികൾച്ചർ പ്രോജക്റ്റ്

കണ്മണിയുടെ കടബാധ്യതയിൽ നിന്നു മോചിതയാക്കാൻ, ജൂബിലിയോടനുബന്ധിച്ച്, ഗൾഫ് രാജ്യങ്ങൾ, ജർമ്മനി, ഇംഗ്ലണ്ട് ഇവിടങ്ങളിൽ സന്ദർശനം നടത്തേണ്ടി വന്നു. കാര്യം അവിടങ്ങളിലുള്ള പൂർവ്വവിദ്യാർത്ഥികളെ അറിയിച്ചു. ചിലരൊക്കെ മഹാമനസ്ക്കതയോടെ സഹകരിച്ചു. സെന്റ് ബർക്കുമാൻസിന്റെ ചരിത്രത്തിന് കണ്ണീരിന്റെ ഒരു കഥ കൂടിയുണ്ട്. ബ. പുരയ്ക്കലച്ചന്റെ കൈതവം കാണാക്കണ്ണുകണ്ണുനീർ തടാകമായത് അന്യത്ര പരാമർശിച്ചിട്ടുണ്ട്. ആലുവാപ്പുഴ പിന്നെയും ഒഴുകി. ലേഖകനുൾപ്പെടെയുള്ള പലരുടെയും അനുഭവങ്ങൾ ഉൾക്കൊള്ളിച്ച് ഒരു വാക്യം മാത്രം ഇവിടെ ഇംഗ്ലീഷിൽ എഴുതിച്ചേർക്കട്ടെ. All was not always well with St. Berchmans. ജീവിതം സുഖദുഃഖസമ്മിശ്രമാണല്ലോ.

കടക്കെണിയിൽനിന്നു മോചനം നേടാൻ പ്രിൻസിപ്പലിന്റെ വിദേശപര്യടനം

നിരവധി സംഭവങ്ങൾ ഓർമ്മയുടെ തീരങ്ങളിൽ ഓളം തല്ലുന്നുണ്ട്. എല്ലാം ആവിഷ്ക്കരിക്കാൻ ആവില്ലല്ലോ. നൂറ്റൊന്നു ശതമാനവും സെന്റ് ബർക്കുമാൻസിന്റെ സന്താനമായിരിക്കാൻ കഴിഞ്ഞത്, കോളിളക്കങ്ങളിലും അമ്മയുടെ അകൈതവമായ സ്നേഹവാത്സല്യങ്ങൾ ആസ്വദിക്കാൻ കഴിഞ്ഞത്, 22 വർഷത്തെ ശുശ്രൂഷയിൽ അല്പം പോലും കുണ്ഠിതമില്ലാതെ പടിയിറങ്ങാൻ കഴിഞ്ഞത്, എല്ലാം സർവ്വവല്ലഭന്റെ വിസ്മയനീയമായ പരിപാലന തന്നെ.

'അമ്മ'യുടെ അകൈതവമായ സ്നേഹവാത്സല്യങ്ങൾ

എന്റെ വലിയ ബാങ്കുബാലൻസ് (വല്ലഭൻ കനിഞ്ഞനുഗ്രഹിച്ചു ധാരാളമുണ്ട്) എന്റെ ശിഷ്യസമ്പത്താണ്. അവർ ലോകമെമ്പാടുമായി, ദൈവമഹത്ത്വത്തിനു വേണ്ടി പ്രവർത്തിക്കുന്നുവെന്നാണ് എന്റെ വിശ്വാസം. വിടപറയൽ സമ്മേളനത്തിനു തികഞ്ഞ ആത്മാർത്ഥതയോടെ കാവുകാട്ടുഹോളിൽ എത്തിയിരുന്നവരോടു പരസ്യമായി ഞാൻ പറഞ്ഞതു പോലെ, വിനയാന്വിതനായി ഇപ്പോഴും പറയട്ടെ, 'My life is my message'.

വലിയ ശിഷ്യസമ്പത്ത്

ക്യാമ്പസിലെ ഓരോ മണൽത്തരിയോടും ആത്മബന്ധം പുലർത്താൻ കഴിഞ്ഞിരുന്നതും കർത്താവിന്റെ കരുണകൊണ്ടു മാത്രമാണ്. കലാലയത്തിന്റെയും കുട്ടികളുടെയും നന്മയും നേട്ടങ്ങളും കൺമുമ്പിൽ കണ്ടുകൊണ്ടു മാത്രമേ പ്രവർത്തിച്ചിട്ടുള്ളൂ. ആരെയെങ്കിലും ബോധിപ്പിക്കാൻ ഇന്നുവരെ ഒന്നും ചെയ്തിട്ടില്ല. കയ്യടിക്കു വേണ്ടി ചെറുവിരൽ പോലും അനക്കാതെ, തത്വങ്ങളൊന്നും ബലി കഴിക്കാതെ, മൂല്യങ്ങളെ മുറുകെപ്പിടിച്ചു, പ്രവൃത്തിപഥം അത്രയും മഹോന്നതമഹത്വത്തിനു വേണ്ടി മാത്രം താണ്ടി, മുന്നോട്ടു പോകാൻ പരാപരൻ കനിഞ്ഞനുഗ്രഹിച്ചു. ദൈവമേ, നന്ദി!

പ്ലാറ്റിനംജൂബിലിയോടനുബന്ധിച്ചു വിദേശങ്ങളിൽപ്പോയി വലഞ്ഞതുകൊണ്ട്, തമ്പുരാൻ ഒരു വിശിഷ്ടാനുഗ്രഹം തന്നു. കണ്ണിലെ കൃഷ്ണമണി പോലെ ഞാൻ സ്നേഹിക്കുന്ന എന്റെ മാതൃവിദ്യാലയത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ, സെന്റ് ബർക്കുമാൻസിന്റെ, ജന്മഗൃഹത്തിൽ പോകുവാനും, അവിടെ കുറച്ച് സമയം പ്രാർത്ഥനയിൽ ചെലവഴിക്കുവാനും പരമപിതാവു കനിഞ്ഞനുഗ്രഹിച്ചു. കൃതജ്ഞതാനിർഭരനായി തിരുമുമ്പിൽ കൈകൾ കൂപ്പുന്നു. കൂട്ടുവന്ന പൂർവ്വവിദ്യാർത്ഥിക്കും എനിക്കും മാത്രമേ ഇങ്ങനെയൊരു അസുലഭഭാഗ്യം ഉണ്ടായിട്ടുള്ളൂ. പരിപാവനമായ ആ ഭവനത്തിൽ എത്തിയതും പ്രാർത്ഥിച്ചതും സെന്റ് ബർക്കുമാൻസ് പുണ്യവാന്റെ 400-ാം ജന്മദിനത്തിലായിരുന്നു. വി. ബർക്കുമാൻസേ, ഞങ്ങൾക്കു വേണ്ടി തുടർന്നും പ്രാർത്ഥിക്കണമേ! ദൈവമേ, നന്ദി!

സി. ഇസഡ്. സ്കറിയാ സാർ, ഞങ്ങളുടെ ബി.എ. ഫൈനൽ ഡിഗ്രി ക്ലാസ്സിൽ നടത്തിയ ഒരു പ്രസ്താവന, ഓർമ്മയിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കയാണ്. അത് ഒരിക്കൽക്കൂടി ആവർത്തിക്കട്ടെ: 'We have a glorious past'. ഈ പ്രസ്താവനയിൽ അണുപോലും അതിശയോക്തിയില്ലെന്നു പരിപൂർണ്ണമായി വിശ്വസിക്കുന്നയാളാണു ഞാൻ. സത്യസന്ധമായ ആ പ്രസ്താവന നടത്താൻ എന്റെ വന്ദ്യഗുരുനാഥനെ പ്രേരിപ്പിച്ച വ്യക്തികളിൽ ചിലരെയെങ്കിലും ഈ ആമുഖത്തിൽത്തന്നെ വ്യക്തമാക്കണമല്ലോ?

മഹാരഥന്മാരായ സാരഥികളും മഹാന്മാരായ അദ്ധ്യാപകരും പ്രഗത്ഭരായ വിദ്യാർത്ഥികളും ഉൾപ്പെടണം ഈ വിശകലനത്തിൽ. പത്തു മഹാരഥന്മാരായ സാരഥികളെ എടുത്തുപറയട്ടെ: ഫാ. മാത്യു പുരയ്ക്കൽ, ഫാ. ഈപ്പൻ അയിലൂപ്പറമ്പിൽ, ഫാ. റോമയോ തോമസ്, ഫാ. വില്യം, ഫാ. പി. സി. മാത്യു, മോൺ. ഫ്രാൻസിസ് കാളാശ്ശേരി, റവ. ഡോ. ആന്റണി കുര്യാളശ്ശേരി, ഫാ. മാത്യു പുളിയ്ക്കപ്പറമ്പിൽ, റവ. ഡോ. ജോസഫ് മാരൂർ, റവ. ഡോ. ജോർജ്ജ് മാത്തിപ്പറമ്പിൽ. അവരെക്കുറിച്ച് സാമാന്യം വിശദമായ ചർച്ചകൾ തുടർന്നുള്ള പേജുകളിൽ ഉണ്ട്.

## പ്രഗത്ഭരായ അദ്ധ്യാപകർ

പ്രഗത്ഭരായഅദ്ധ്യാപകരുടെ ഒരു നീണ്ട നിരതന്നെയുണ്ട്. എല്ലാവരെക്കുറിച്ചും വിശദമായി പഠിക്കാൻ പരിമിതികൾ പലതാണ്. എങ്കിലും ആത്മാർത്ഥമായ ഒരു

ഓരോ മണൽത്തരിയോടും ആത്മബന്ധം

മൂല്യങ്ങളെ മുറുകെപ്പിടിച്ച്

ബർക്കുമാൻസ് പുണ്യവാന്റെ 400-ാം ജന്മദിനത്തിൽ പ്രിൻസിപ്പൽ അദ്ദേഹത്തിന്റെ ജന്മഗൃഹത്തിൽ

പരിപാവനമായ ആ ഭവനത്തിൽ

അണുപോലും അതിശയോക്തിയില്ല

മഹാരഥന്മാരായ സാരഥികൾ

പുരയ്ക്കൽ, അയിലൂപ്പറമ്പിൽ, മണ്ണനാൽ, നേര്യമ്പറമ്പിൽ, പാറകുളങ്ങര, കാളാശ്ശേരി, കുര്യാളശ്ശേരി, പുളിക്കപ്പറമ്പിൽ, മാരൂർ, മാത്തിപ്പറമ്പിൽ



നീണ്ടനിര

മഹത്ത്വത്തിന്റെ
മാനദണ്ഡം
ഇംഗ്ലീഷു
ഡിപ്പാർട്ടുമെന്റ്

റ്റി.കെ. ശങ്കരമേനോൻ
എം.എ.(Hons)

കുളത്തൈസ്വാമി പിള്ളൈ

പി. ശങ്കരൻ നമ്പ്യാർ

എം.പി. പോൾ

വി.വി. ജോൺ

സി.എ. ഷെപ്പേർഡ്

എ.ഇ. അഗസ്റ്റിൻ

കെ.റ്റി. സെബാസ്റ്റ്യൻ

കെ. ശങ്കരപിള്ള

ഫാ. സി.കെ. മറ്റം

ഉലഹന്നാൻ മാപ്പിള

പരിശ്രമം. പ്രഗത്ഭരായ പ്രിൻസിപ്പൽമാർക്കു തൊട്ടുപിന്നാലെയുണ്ട്. ലേഖകൻ ആവിഷ്ക്കരിക്കുന്നതു തന്റെ ഓർമ്മകളാണ്. ഈ മുഖവുരയിൽ അവരിൽ ഏതാനും പേരുകൾ മാത്രം പറഞ്ഞുപോകട്ടെ. ദീർഘകാലം സെന്റ് ബർക്കുമാൻസിന്റെ മഹത്ത്വത്തിന്റെ മാനദണ്ഡം ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റായിരുന്നു. 1922 ജൂൺ 19-ാം തീയതി (ജന്മദിനം) ആദ്യമണിക്കൂറിൽ ക്ലാസ്സെടുത്തതു പ്രൊഫ. റ്റി. കെ. ശങ്കരമേനോൻ എം.എ (Hons) ആണ്. കോളജ് മാഗസിനായ എക്സൽസിയർ ആരംഭിക്കുകയും കോളജ് ക്രെസ്റ്റ്, കുലമുദ്ര (Coat of arms) ഇവ രൂപകല്പന ചെയ്യുകയുംചെയ്ത അവിസ്മരണീയനായ പ്രൊഫ. ആർ. പി. കുളത്തൈസ്വാമിപ്പിള്ളയുടെ പേരുതന്നെ വരണം രണ്ടാമത്. പി. ശങ്കരൻ നമ്പ്യാർ എം.എ. (Hons) മൂന്നാമനാകട്ടെ. എം.പി. പോൾ എന്ന അതുല്യപ്രതിഭയെ എവിടെ പ്രതിഷ്ഠിക്കണമെന്നറിയാതെ ലേഖകൻ കുഴങ്ങുകയാണ്. 1929 മുതൽ 1967 വരെ, ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ, സ്തുത്യർഹമായ സേവനമനുഷ്ഠിച്ച പ്രൊഫ. സി. എസ്. കുര്യൻ ബി.എ. (Hons) ഈ താളുകളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. എസ്. ജി. സുബ്രഹ്മണ്യ അയ്യർ ബി.എ. (Hons), പ്രൊഫ. വി. വി. ജോൺ ബി.എ. (Hons), പി. എസ്. വെങ്കിടേശ്വര അയ്യർ എം. എ., റവ. ഫാ. കെ. വി. ജോസഫ് എം. എ., എ. പി. ഒബ്രിയൻ എം.എ, ബി.എൽ, പ്രൊഫ. കെ. റ്റി. മത്തായി ബി. എ. (Hons), പ്രൊഫ. സി. എ. ഷെപ്പേർഡ് എം.എ., പ്രൊഫ. കെ.എം. ജോസഫ് ബി.എസ്.സി. (1943-'79) പ്രൊഫ. കെ. ജോസഫ് ഫ്രാൻസിസ് എം.എ (1946-'80) പ്രൊഫ. എ.ഇ. അഗസ്റ്റിൻ എം.എ. (1949 -'83). പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ എം.എ., എം.എഡ്., ഡോ. എ. വി. വർഗ്ഗീസ് എം.എ. പി.എച്ച്.ഡി, പ്രൊഫ. റ്റി. പി. മാധവൻപിള്ള എം.എ (1952-85) പ്രൊഫ. ജോസഫ് തോമസ് എം.എ, പ്രൊഫ. പി. ജെ. ദേവസ്യാ എം.എ. (1953 - 91) റവ. ഫാ. കുര്യാക്കോസ് ഏണേക്കാട്ട് എം.എ. (1954-78), പ്രൊഫ. ഫാ. വി. ജെ. അഗസ്റ്റിൻ എം. എ (1962-76), പ്രൊഫ. കെ. വി. ജോസഫ് എം. എ. ഇവരെയാണ് ഇപ്പോൾ ഓർക്കുന്നത്. (1964-93) Prof. KVJ is a fitting finale here in the wonderland of English.

മലയാള വിഭാഗത്തിലേക്കാകട്ടെ അടുത്ത യാത്ര. 1923 - 40 കളിൽ സേവനമനുഷ്ഠിച്ച ശ്രീ. കെ. ശങ്കരപ്പിള്ള ബി.എ., ഫാ. സി. കെ. മറ്റം (സാഹിത്യതിലകൻ) ഇവർ യാത്രയുടെ മുൻനിരക്കാരാകട്ടെ. പ്രഗത്ഭനായ പി. വി. ഉലഹന്നാൻ മാപ്പിള എം. എ. (1930-1970), വി. ആർ. ശ്രീനിവാസ ശർമ്മ (1946-1969), റവ. ഫാ. ജോൺ മറ്റം എം.എ, പ്രൊഫ. കെ.വി. രാമചന്ദ്രപൈ എം.എ.എൽ.റ്റി. (1950-75), പ്രൊഫ. എ. ജെ. ജോസഫ് എം. എ. (1950-86) പ്രൊഫ. എം. എം. ജോസഫ് എം.എ. (1956-81), പ്രൊഫ. എൻ. എസ്. സെബാസ്റ്റ്യൻ എം.എ (1965-96) ഇവരൊക്കെ പ്രഗത്ഭർ തന്നെ.

സിറിയക്കിൽ സേവനമനുഷ്ഠിച്ച മഹാന്മാരാണ് റവ. ഫാ. മാത്യു കാവുകാട്ട്, റവ. ഫാ. ജോസഫ് ഹഡ്രിയൻ റ്റി.ഒ.സി.ഡി., റവ. ഫാ.സി. റ്റി. കൊട്ടാരം ബി.എ. എൽ.റ്റി. ഫാ.എൽ.ജെ. ചിറ്റൂർ പി.എച്ച്.ഡി, ഡിഡി, റവ. ഫാ. ജോസഫ് കുര്യാസ്, റവ. ഫാ. തോമസ് വില്യം, റവ. ഫാ. ഗ്രിഗറി കരിക്കമ്പള്ളി, റവ. ഫാ. ഫിലിപ്പ്

ചാവറ, റവ. ഡോ. ഐസക് ആലഞ്ചേരി തുടങ്ങിയവർ.

മാത്സിൽ ആദ്യം അദ്ധ്യാപകനായത് പ്രൊഫ. എം. റ്റി. കുര്യനാണെങ്കിലും പ്രഥമ വകുപ്പദ്ധ്യക്ഷൻ പ്രസിദ്ധനായ, മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്നു വന്ന, പ്രൊഫ. റ്റി. എ. ശതഗോപനായിരുന്നു. പ്രൊഫ. പി.സി. ജോസഫ് നിഷ്ഠയും സഹിഷ്ണുതയുമുള്ള ഒരദ്ധ്യാപകനായിരുന്നു. പ്രൊഫ. ശതഗോപനും പ്രൊഫ. പി. സി. ജോസഫും 1946 ൽ പിരിഞ്ഞു പോയപ്പോൾ പ്രൊ. എം. റ്റി. കുര്യൻ വകുപ്പദ്ധ്യക്ഷനായി. 1962 ൽ അദ്ദേഹം വിരമിച്ചപ്പോൾ, പ്രൊഫ. ഒ. സി. കുര്യാക്കോസ് പ്രസ്തുത സ്ഥാനം ഏറ്റെടുത്തു. 1968ൽ അദ്ദേഹം വിരമിച്ചു. തുടർന്ന് ലേഖകന്റെ പ്രിയപ്പെട്ട ഗുരുനാഥൻ പ്രൊഫ. എസ്. എബ്രഹാം വകുപ്പദ്ധ്യക്ഷനായി.

ശ്രീ. സി.വി. രാമന്റെ ശിഷ്യനായ പ്രൊഫ. ഡി. ഗോപാലനാണ് ഫിസിക്സിലെ പ്രഥമാദ്ധ്യക്ഷൻ. 1949 ൽ അദ്ദേഹം വിരമിച്ചപ്പോൾ പ്രൊഫ. എസ്. എൽ. തോമസ് വകുപ്പദ്ധ്യക്ഷനായി. അടുത്തതായി തലപ്പത്തു വന്നതു മാലാഖ സദൃശൻ, എന്റെ പ്രിയപ്പെട്ട ഗുരുനാഥൻ, പ്രഫ. എൻ. ശിവശങ്കരൻ നായരാണ്. മറ്റു പ്രഗത്ഭരായ പ്രഫസ്സേഴ്സാണ് സി. ഔസേപ്പ്, സി. കെ. മൂസ്സത്, പി. വി. ജോസഫ്, എം. ബാലരാമമേനോൻ, ഇട്ടീരാ, എൻ. എൻ. മാത്യു, യു. വി. ജോൺ, ജെ. ജി. റാവു, പ്രൊഫ. കെ. കെ. ജോൺ, റവ. ഡോ. ജോസഫ് മാരൂർ, ഡോ. ജോർജ്ജ് വർഗീസ് തുടങ്ങിയവർ.

കെമിസ്ട്രി വിഭാഗത്തിലെ ആദ്യാധ്യാപകൻ ശ്രീ. കെ. ജെ. സക്കറിയാസ് 1933 ൽ വിരമിച്ചപ്പോൾ പ്രഫ. റ്റി. റ്റി. ചാക്കോ പിൻഗാമിയായി വന്നു. പ്രഫ. കെ. സി. പാപ്പു, കൃതഹസ്തനായി വിശ്രമത്തിൽ കഴിയുന്ന എന്റെ ഗുരുനാഥൻ പ്രഫ. എൻ. സി. തോമസ്, പ്രഫ. ചാക്കോ രാമച്ച, പ്രഫ. കെ. ജെ. ജോർജ്ജ്, റവ. ഫാ. ജെയിംസ് വലിയപറമ്പിൽ, പ്രഫ. ജോർജ്ജുകുഞ്ഞുസെബാസ്റ്റ്യൻ എന്നിവർ അവിസ്മരണീയരാണ്.

ഡോ. റ്റി. എസ്. രാഘവൻ, പ്രഫ. ആർ. വൈദ്യനാഥൻ, പ്രഫ. എം. എസ്. രാഘവാചാരി, പ്രഫ. പി. സി. മാത്യു, പ്രഫ. ഒ. ജെ. കുരുവിള തുടങ്ങിയവരാണ് ബോട്ടണിയിലെ പ്രമുഖർ. പ്രഫ. സി. ജോൺ, പ്രഫ. കെ. ജെ. ജോസഫ് (അപ്പച്ചിസാർ), പ്രഫ. എം. എം. സെബാസ്റ്റ്യൻ എന്നിവർ സുവോളജി വിഭാഗത്തിലെ മഹാന്മാരായിരുന്നു.

സെന്റ് ബർക്കുമാൻസും ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റും ഇരട്ടകളാണെന്നു പറഞ്ഞാൽ വലിയ പിശകില്ല, തെറ്റില്ല. 1922 മുതൽ ഇക്കണോമിക്സ് ഐച്ഛികവിഷയമാണ്. പ്രഫ. പി. ആർ. കൃഷ്ണയ്യർ, റവ. ഫാ. മാത്യു പുരയ്ക്കൽ, ഫാ. ഡൊമിനിക് തോട്ടാശ്ശേരി, പ്രഫ. എൽ. എം. പൈലി, പ്രഫ. കെ. ജെ. സിറിയക്, റവ. ഫാ. റോമയോ തോമസ്, റവ. ഫാ. തോമസ് വില്യം, റവ. ഡോ. എൻ. എ. തോമസ്, പ്രഫ.സി. ഇസഡ് സ്കറിയ, പ്രഫ. ഡി. വർഗീസ്, പ്രഫ. റ്റി. വി. എബ്രഹാം, പ്രഫ. കെ. എം. കുര്യൻ, റവ. ഡോ. ആന്റണി കുര്യാ

ഫാ. മാത്യു കാവുകാട്ട്

എൽ.ജെ. ചിറ്റൂർ

സി.റ്റി. കൊട്ടാരം

റ്റി.എ. ശതഗോപൻ

ഡി. ഗോപാലൻ

എസ്.എൽ. തോമസ്

റ്റി.റ്റി. ചാക്കോ

റ്റി.എസ്. രാഘവൻ

കെ.ജെ. ജോസഫ്

പി. ആർ. കൃഷ്ണയ്യർ

ഫാ. മാത്യു പുരയ്ക്കൽ



ഫാ. ജോസഫ് പവ്വത്തിൽ

ഉദ്ശ്ശേരി, പ്രഫ. കെ. കെ. ഫ്രാൻസിസ്, പ്രഫ. കെ. ജെ. തോമസ് കണയംപ്ലാവൻ, റവ. ഫാ. ജോസഫ് പവ്വത്തിൽ എന്നിവരൊക്കെ ഇക്കണോമിക്സിലെ അവിസ്മരണീയരാണ്.

## ഒരുപ്രത്യേകദിനവും അനുഭവവും

ഒരു സാധ്യായ ദിവസം, സെന്റ് ബർക്കുമാൻസിൽ, പ്രിൻസിപ്പലും വൈസ് പ്രിൻസിപ്പലും ഇല്ലായിരുന്നു. എന്തോ അത്യാവശ്യത്തിന് അവർ പുറത്തു പോയി. അന്ന്, പെരുന്ന കോളജിൽ നിന്നെന്നു പറഞ്ഞ്, കുറേ ആളുകൾ, സെന്റ് ബർക്കുമാൻസിൽ പഠിപ്പു മുടക്കാനെത്തി. വിവരമറിഞ്ഞു, ഞാൻ രംഗത്തെത്തി, കോളജിന് അവധി പ്രഖ്യാപിക്കുന്ന പ്രശ്നമേ ഇല്ലെന്ന് അവരോട് ആധികാരികമായി പറഞ്ഞു. ബഹളം കേട്ട്, എന്റെ വിദ്യാർത്ഥികൾ വരാന്തയിലൊക്കെ അല്പസമയത്തേക്കിറങ്ങി നിന്നു.

മിക്ക അദ്ധ്യാപകരുടെയും മാനേജ്മെന്റിന്റെയും നിലപാടുകൾ കോളജിന്റെയും വിദ്യാർത്ഥികളുടെയും നന്മയ്ക്കു വേണ്ടിയാണെന്ന് സെന്റ് ബർക്കുമാൻസ് സുതർക്കെല്ലാം നന്നായി അറിയാം. കടന്നുകയറ്റക്കാരെ ചെറുത്തു നിൽക്കാൻ, അവർ എന്നും മാതൃവിദ്യാലയത്തിനൊപ്പം ഉണ്ടായിരിക്കും. മുദ്രാവാക്യങ്ങൾ മുഴക്കി, അന്തരീക്ഷം അസ്വസ്ഥമാക്കിയിട്ടും, എന്റെ മക്കളാരും പുറത്തേക്കിറങ്ങിയില്ല. ക്ലാസ്സുകളെല്ലാം നടന്നു. 9.30 മുതൽ ഒരു മണി വരെ, ടവറിന്റെ മുമ്പിൽ, ബയോളജി ബ്ലോക്കിൽ നിന്നു കുര്യാളശ്ശേരി ബ്ലോക്കു വരെ നീണ്ടുകിടക്കുന്ന റോഡിൽ, ആ സമയമത്രയും, അങ്ങോട്ടുമിങ്ങോട്ടും ലേഖകൻ നടക്കുകയായിരുന്നു.

വിദ്യാർത്ഥികൾ എന്നും മാതൃവിദ്യാലയത്തോടൊപ്പം

ഈ സമയമെല്ലാം ഈയുള്ളവൻ തമ്പുരാനെ വിളിക്കുന്നുണ്ടായിരുന്നു. കുട്ടികൾ ഇറങ്ങുകയില്ലെന്നുറപ്പായിട്ടും, ശല്യക്കാർ മടങ്ങാൻ കൂട്ടാക്കിയില്ല. രണ്ടരമണിക്കൂർ സമയവും, അവരോട് മല്ലടിച്ച്, സെന്റ് ബർക്കുമാൻസിന്റെ സന്താനങ്ങളെ, എന്റെ മക്കളെ, അച്ചടക്കത്തിലാക്കി നിർത്തുവാൻ, സർവ്വശക്തനും സ്നേഹസ്വരൂപനുമായ ദൈവം അനുഗ്രഹിച്ചു. എന്റെ ഗുരുനാഥനും, കോളജിനെ ജീവനുതുല്യം സ്നേഹിക്കുന്നവനും, അന്ന് സീനിയർമോസ്റ്റുമായിരുന്ന കെ. ജെ. ജോർജ്ജ് സാർ, നിലപാടിൽ അല്പം അയവു വരുത്താൻ പ്രേരിപ്പിച്ചിട്ടും, സാറിനോടു ബഹുമാനമില്ലാത്തതുകൊണ്ടല്ല, എന്റെ ആത്മവിദ്യാലയത്തോടും മക്കളോടുമുള്ള സ്നേഹം ഒന്നുകൊണ്ടു മാത്രം, നിലപാടിൽ അയവു വരുത്തുകയോ, രംഗത്തു നിന്നു മാറുകയോ ചെയ്തില്ല.

കോളജിന്റെയും വിദ്യാർത്ഥികളുടെ നന്മയ്ക്ക് തമ്പുരാനെ വിളിച്ചു, വിളിച്ച്

യാതൊരു ഒത്തുതീർപ്പും ഉണ്ടാകില്ലെന്നു വ്യക്തമായപ്പോൾ, ഒരുമണി വരെ വിഫലശ്രമം നടത്തിയതിനു ശേഷം, "എൻ.എസ്.എസിന്റെ വഴിയെ നടക്കാൻ വരുമ്പോൾ കണ്ടോളാം", എന്നു പറഞ്ഞ്, ആശ്വസിച്ച്, അക്രമികൾ മടങ്ങിപ്പോയി. 18 വർഷം കഴിഞ്ഞിട്ടും ആർക്കും ഇനിയും കാണാൻ കഴിഞ്ഞിട്ടില്ല! ദൈവമേ, നന്ദി.

ഒത്തുതീർപ്പില്ലാതെ!

1970 കളിലും 1980 കളിലും, രാഷ്ട്രീയ ബലപരീക്ഷണം പ്രധാനമായും കെ.

എന്റെ
സെന്റ് ബർക്കുമാൻസ്

എസ്.യു.-കെ.എസ്.സി. സഖ്യങ്ങൾ തമ്മിലായിരുന്നു. 1980തിന്റെ ആരംഭത്തിൽ വാശി അതിശക്തമായിരുന്നു. ഇരുമുന്നണികളും ഇഞ്ചോടിഞ്ചു പൊരുതിയെന്നു പറയാം. വോട്ടെണ്ണൽ ആരംഭിച്ച്, അല്പം കഴിഞ്ഞപ്പോൾ ഇരുകൂട്ടരും, ഏറ്റുമുട്ടലിന്റെ വക്കിലെത്തി. 22 കൊല്ലവും, അങ്ങനെയൊക്കെയുള്ള രംഗങ്ങളിലും, സമരരംഗങ്ങളിലും, ഓടിയെത്തിയിരുന്നു. ജീവൻ പണയം വെച്ചും, അവസരത്തിനൊത്തുയരാൻ, ഉന്നതൻ ഉദാരമായി സഹായിച്ചിട്ടുണ്ട്.

ബഹളം അനിയന്ത്രിതമാകുമെന്നുകണ്ടപ്പോൾ ടവറിനു വടക്കു വശത്ത്, ഏകദേശം മദ്ധ്യത്തിൽ, ഒരു വര വരച്ച്, ഇരുകൂട്ടരെയും വരയുടെ ഇരുവശങ്ങളിൽ നിർത്തി. വോട്ടെണ്ണൽ തീരുന്നതുവരെ ആ വരയിലൂടെ, കിഴക്കു പടിഞ്ഞാറു നടന്ന്, അച്ചടക്കം കർശനമാക്കിയപ്പോൾ എല്ലാവരും സഹകരിച്ചതു, നന്ദിയോടെ സ്മരിക്കുന്നു. എന്റെ വിദ്യാർത്ഥികളുടെ, സഹകരണത്തിന്റെയും, പ്രോത്സാഹനത്തിന്റെയും, അംഗീകാരത്തിന്റെയും, രൂപത്തിൽ, ദൈവത്തിന്റെ സ്നേഹവും, പരിപാലനയും, ആവോളം ആസ്വദിക്കാൻ കഴിഞ്ഞത് അവിടുത്തെ കൃപയും കരുണയും കൊണ്ടാണ്. ദൈവമേ, നന്ദി!

വിദ്യാർത്ഥികളുടെ നന്മയ്ക്കു വേണ്ടി, ധീരധീരം നിലകൊള്ളുവാനും, പ്രവർത്തിക്കുവാനും, എന്നും പരിശ്രമിച്ചിട്ടുണ്ട്, പ്രാർത്ഥിച്ചിട്ടുണ്ട്. ഇന്നും മുടങ്ങാതെ പ്രാർത്ഥിക്കുന്നുണ്ട്. വളരെയേറെ ചാരിതാർത്ഥ്യം നല്കിയ ഒരനുഭവമായിരുന്നു ഇത്. ഇന്നും അതിന്റെ മധുരം നുകരുന്നുണ്ട്.

സെന്റ് ബർക്കുമാൻസിനും അവിടത്തെ വിദ്യാർത്ഥികൾക്കും വേണ്ടി മാക്സിമം അദ്ധ്വാനിക്കാൻ അഖിലേശൻ അനുഗ്രഹിച്ചു. ക്യാമ്പസിൽ ലേഖകന്റെ പാദങ്ങൾ പതിയാത്ത സ്ഥലങ്ങളില്ലെന്നു പറയാം. സമരക്കാരെ നേരിടാനോ, ക്ലാസിൽ കയറാത്തവരെ കണ്ടുപിടിച്ചു ക്ലാസിലേക്കു പറഞ്ഞുവിടാനോ, പോസ്റ്റ് ഓഫീസ് ജംഗ്ഷനിൽ നിന്ന് അവിടുത്തെ ഭൂമിയുടെ ഭാരം വർദ്ധിപ്പിക്കുന്നവരെ ശകാരിക്കാനോ, കരിസ്മാറ്റിക് കൺവൻഷനുകളും പ്രാർത്ഥനായോഗങ്ങളും സംഘടിപ്പിക്കാനോ, അജപാലനത്തിനടുത്ത മറ്റു കടമകൾ നിർവ്വഹിക്കുന്നതിനോ, ഇതര കരിക്കുലർ പ്രവർത്തനങ്ങൾക്കോ ഒക്കെയാകാം, 22 വർഷം, ക്യാമ്പസിൽ, അക്ഷീണം, അനവരതം, യത്നിക്കാൻ എന്നെ പ്രേരിപ്പിച്ചത്.

ഏതോ ഒരു പ്രതിമകൊണ്ടുപോയപ്പോൾ, കുട്ടികൾ [illegible] പറഞ്ഞ്, ഒരു കോളിളക്കമുണ്ടായി; രാത്രിയിൽ, കോളജിന് ആക്രമണമുണ്ടാകുമെന്നൊരു കിംവദന്തിയും. രാത്രിയിൽ, ഉറക്കമിളച്ച്, ക്യാമ്പസിലായിരിക്കുകയും, ഇടയ്ക്കിടയ്ക്ക്, ചിൽഡ്രൻസ്പാർക്കിൽ പോയി പരിശോധിക്കുകയും, ചെയ്തുകൊണ്ടിരുന്നു. ഒരു കുഞ്ഞുപോലും, അവിടെങ്ങും വരാൻ, ദൈവമായ കർത്താവ് അനുവദിച്ചില്ല. അവിടുന്ന് ഉറങ്ങാതെ, മയങ്ങാതെ, തന്റെ മക്കളെ കാക്കുന്നു, കരുതുന്നു, പരിപാലിക്കുന്നു.

കത്തോലിക്കാസഭയുടെ വിദ്യാഭ്യാസദൗത്യം നിർവ്വഹിക്കാനും പൂർത്തിയാക്കാനുമാണു ധന്യൻ കുര്യാളശേരിപ്പിതാവ് 1922-ൽ എന്റെ സെന്റ് ബർക്കുമാൻസ്

**കെ.എസ്.യു VS കെ.എസ്.സി**

**വരച്ചവരയിലൂടെ**

**വിദ്യാർത്ഥികളുടെ നന്മയ്ക്കു ധീര ധീരം**

**പാദങ്ങൾ പതിയാത്ത ഇടം തുലോം ചുരുക്കം**

**ഉറക്കമിളച്ചു ക്യാമ്പസിൽ ടോർച്ചുമായി**



സ്ഥാപിച്ചത്. ശ്രേഷ്ഠശ്രേഷ്ഠമായ ക്രൈസ്തവ സന്ദേശങ്ങൾ വിദ്യാർത്ഥികളിൽ രൂഢമൂലമാക്കാനുള്ള തീവ്രയത്നത്തിൽ സെന്റ് ബർക്കുമാൻസ് ഒരിക്കലും പരാജയപ്പെട്ടിട്ടില്ല. ഉന്നത വിദ്യാഭ്യാസരംഗത്ത് അവൾ ചെലുത്തിയിട്ടുള്ള സ്വാധീനം അസൂയാർഹവും അത്ഭുതാവഹവുമാണ്. ഇവിടെ ഏറ്റം ഉന്നതനിലവാരം പുലർത്തുകയെന്നത് അവളുടെ ജീവിതദൗത്യമാണ്. ഈ മേഖലയിൽ അവൾക്കു സഹിക്കേണ്ടിവന്നിട്ടുള്ള സഹനങ്ങൾ അസംഖ്യങ്ങളാണ്.

കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ ദൗത്യം പൂർത്തിയാക്കാൻ

125 വിദ്യാർത്ഥികളുമായി, വിഷമതകളുടെ നടുവിൽ, തുടങ്ങിയ ഇന്റർമീഡിയറ്റ് കോളജ്, ലേഖകൻ സാരഥ്യം വഹിച്ചപ്പോൾ, 3500 (maximum strength) വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കു വിദ്യാവെളിച്ചം പകർന്നു കൊടുക്കാൻ കെല്പുള്ളതായി. തുടർന്നു പ്രീഡിഗ്രി കോളജിൽനിന്നു മാറ്റിയപ്പോൾ, നമ്പർ ഗണ്യമായി കുറഞ്ഞുവെന്നതു വസ്തുതയാണ്. But quality is always superior to quantity. ഇരുപതോളം ഡിഗ്രികോഴ്സുകളും, ഇരുപതോളം ബിരുദാനന്തര ബിരുദകോഴ്സുകളും, ആറു ഗവേഷണ വിഭാഗങ്ങളും, ഒരു എംഫിൽ കോഴ്സും, കേരളത്തിലെ ഏറ്റം വലിയ കോളജ് ലൈബ്രറിയും നിരവധി പഠനകേന്ദ്രങ്ങളും (study centres), എനർജി പാർക്ക്, പരിസ്ഥിതി ഗവേഷണ ലബോറട്ടറി, ലാംഗ്വിജ് ലബോറട്ടറി, ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തുടങ്ങി പലതും ഇപ്പോൾ സെന്റ് ബർക്കുമാൻസിന് സ്വന്തമെന്ന് അവകാശപ്പെടാം. My 'Mother's is a many, variegated, Jewelled crown.I am quite proud of my dearest Mother, my St. Berchmans.

1922 ൽ 125 വിദ്യാർത്ഥികൾ 1997ൽ (പ്ലാറ്റിനം ജൂബിലി) 3500-
The biggest number on the record

ദൈവത്തിന്റെ കൃപയും കരുണയുമാണ് സെന്റ് ബർക്കുമാൻസിന് എന്നുമുള്ള കരുത്തും കരുതൽ ധനവും. കോളജിൽ സേവനമനുഷ്ഠിച്ചിരുന്ന പുണ്യശ്ലോകരുടെ, സ്ഥാപകപിതാവു ധന്യൻ കുര്യാളശ്ശേരിപ്പിതാവിന്റെ, അദ്ധ്യാപക-അനദ്ധ്യാപക, വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾ ഇവരുടെ പ്രാർത്ഥന, സെന്റ് ബർക്കുമാൻസ് പുണ്യവാന്റെ ശക്തമായ മാദ്ധ്യസ്ഥ്യം, ഹോസ്റ്റലുകളിൽ നടക്കുന്ന പ്രാർത്ഥനകൾ, സർവ്വോപരി നിത്യം നടക്കുന്ന ദിവ്യബലികൾ, ഗുണകാംക്ഷികളുടെ പ്രാർത്ഥനകൾ - എല്ലാം എന്റെ മാതൃകലാലയത്തിന് അനുഗ്രഹമാണ്. എന്റെ പോറ്റമ്മ, മദർ എസ്പിരിത്ത് എസ്.എ.ബി.എസ്., ഈ മകൻ പ്രിൻസിപ്പലായ അന്നുമുതൽ, ഇന്നുവരെ, അനാരോഗ്യത്തിന്റെ കടന്നാക്രമണം നടക്കുമ്പോഴും മകന്റെ മാതൃവിദ്യാലയത്തിനുവേണ്ടി, 100 ത്രിത്വസ്തുതി ചൊല്ലി കാഴ്ച വയ്ക്കുന്നുണ്ട്. ദൈവമേ, നന്ദി! ദൈവമേ സ്തുതി! ദൈവമേ, സ്തോത്രം! ദൈവമേ, ആരാധന! ദൈവമേ, മഹത്ത്വം! ദൈവമേ പുകഴ്ച!

ദൈവത്തിന്റെ കരുണയും കൃപയും സെന്റ് ബർക്കുമാൻസിന്റെ കരുത്ത്

തിരുവനന്തപുരം മുതൽ വടക്കോട്ട്, വൈക്കംവരെ, മിക്ക താലൂക്കുകളിലുമുള്ള വിദ്യാർത്ഥികളുടെ ഉപരിവിദ്യാഭ്യാസരംഗം, പ്രാരംഭദശകങ്ങളിൽ എന്റെ സെന്റ് ബർക്കുമാൻസ് മാത്രമായിരുന്നു. വിവിധ മണ്ഡലങ്ങളിൽ പ്രശോഭിച്ചിരുന്ന, ഇന്നും പരിശോഭിക്കുന്ന പതിനായിരങ്ങളെ ബിരുദ, ബിരുദാനന്തര, ഗവേഷണ സാചികളാക്കി (ലേഖകനുൾപ്പെടെ) ജീവിതനാടകവേദിയിലേക്ക് ഒരുക്കി

വിട്ട്. ഇപ്പോഴും അണിയിച്ചൊരുക്കി അയച്ചുകൊണ്ടിരിക്കുന്ന ഈ അമ്മ മഹാറാണിയുടെ പാദം തൊട്ടു നമസ്കരിക്കാതിരിക്കാൻ, ഈ സരസ്വതീ മന്ദിരത്തിൽ അർച്ചനകൾ അർപ്പിക്കാതിരിക്കാൻ കരളുള്ള ഏതു മകനാണ് മകൾക്കാണ് ആവുക?

അധ്യാപനകലയിൽ അതിപ്രശസ്തരായിരുന്ന മാമുനികളുടെ നിറസാന്നിധ്യം, അനുകരണാർഹമായ അച്ചടക്കം, പ്രശാന്തമായ അന്തരീക്ഷം, മക്കൾ നേടിയിരുന്ന, നേടിക്കൊണ്ടിരിക്കുന്ന, അസൂയാർഹമായ വിജയശതമാനം, റാങ്കുകളുടെ ഘോഷയാത്ര എന്നിങ്ങനെ ഒട്ടനവധി കാര്യങ്ങൾ, എന്റെ സെന്റ് ബർക്കുമാൻസിനെ വിശ്വവിഖ്യാതമാക്കിയിട്ടുണ്ട്. എവിടെയുമുള്ള രക്ഷാകർത്താക്കളുടെയും ലക്ഷ്യം സെന്റ് ബർക്കുമാൻസ് കോളജായിത്തീരത്തക്കവിധം എന്റെ സെന്റ് ബർക്കുമാൻസിലെ ശിഷ്യത്വവും ശിക്ഷണവും ലക്ഷങ്ങളെ, ജീവിതസാഗരത്തിൽ നിന്ന്, ഏതെങ്കിലും ഒരു കരപറ്റാൻ സഹായിച്ചിട്ടുണ്ട്. പെറ്റമ്മയുടെ, വാത്സല്യത്തോടെ, എല്ലാ മക്കളെയും പോറ്റിവളർത്തിയ എന്റെ സെന്റ് ബർക്കുമാൻസിനെ ഏതു മകനാണു മകൾക്കാണു മറക്കാൻ കഴിയുക!

തിരുവനന്തപുരം മുതൽ
വൈക്കം വരെയുള്ള
വർക്ക് സെന്റ് ബർക്കു
മാൻസ് ആശ്രയം

വിശ്വവിഖ്യാതം!

1

# അവിസ്മരണീയർ

## റൈറ്റ് റവ. ഡോ. ചാൾസ് ലവീഞ്ഞ് എസ്.ജെ.

വിന്റെ സെന്റ് ബർക്കുമാൻസിന്റെ ഉപജ്ഞാതാവായി ഉടയവൻ നിയോഗിച്ചതു ഫ്രഞ്ചുകാരനും ഈശോസഭാവൈദികനുമായ ചാൾസ് ലവീഞ്ഞു പിതാവിനെയാണ്. ഈ ബഹുമുഖപ്രതിഭ ഈശോ സഭാജനറലിന്റെ സെക്രട്ടറിയും റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിലെ പ്രൊഫസ്സറുമായിരുന്നു. അദ്ദേഹത്തിന്റെ സത്വരശ്രദ്ധ പതിഞ്ഞത് കേരള നസ്രാണികൾക്ക് ഉന്നത വിദ്യാഭ്യാസം നല്കുന്നതിലായിരുന്നു. തന്മൂലം തന്റെ മിസത്തിൽ എല്ലാ സമുദായക്കാർക്കും പഠിക്കത്തക്ക ഒരു മഹാപാഠശാല കത്തോലിക്കാ മെത്രാന്റെ നിയന്ത്രണത്തിൽ സ്ഥാപിക്കാൻ, അദ്ദേഹം തീരുമാനിച്ചുറച്ചു. കോട്ടയത്തേക്കുള്ള യാത്രാ മദ്ധ്യ അദ്ദേഹം തൃശ്ശിനാപ്പള്ളിയിൽ ഇറങ്ങിയതു തന്നെ അവിടുത്തെ കോളജിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കാനായിരുന്നു. കോട്ടയത്തെത്തുന്നതിനു മുൻപ് ഊട്ടിയിൽ വച്ച്, പരിശുദ്ധസിംഹാനത്തിന്റെ പ്രതിനിധിയായ ദിവന്നാസ്യോസ് മെത്രാനുമായി ഇക്കാര്യം തിരുമേനി ചർച്ച ചെയ്യുകയും ചെയ്തു.

കേരള നസ്രാണികൾക്ക് ഉന്നതവിദ്യാഭ്യാസം

കാരാപ്പുഴ ഭാഗത്തുള്ള പറയൻകുന്നിൽ (ഏതാനും ഈഴവരിൽ നിന്നു വിലയ്ക്കെടുത്തത്; ഇന്നത്തെ പേൾഹിൽ) നാലേമുക്കാൽ ഏക്കർ ഭൂമി വിലയ്ക്കെടുത്ത്, അവിടെ ഡലിഗേറ്റ് മാർ അയൂത്തി തിരുമനസ്സുകൊണ്ട് മെത്രാസനമന്ദിരത്തിനു ശിലാസ്ഥാപനം നടത്തി. താൻ നിദർശനം ചെയ്തിരുന്ന മഹാപാഠശാലയും അവിടെ സ്ഥാപിക്കാനായിരുന്നു അഭിവന്ദ്യലവീഞ്ഞു പിതാവിന്റെ ആഗ്രഹം. ദൈവതിരുമനസ്സ് മറിച്ചായിരുന്നു. കത്തോലിക്കാ മെത്രാന്റെ തലസ്ഥാനമാകാൻ, കോട്ടയത്തിന്റെ അന്നത്തെ അന്തരിക്ഷം അനുകൂലമല്ലെന്നു വന്നു. ഫാ. നിധീരി നിർദ്ദേശിച്ച കുറവിലങ്ങാടും പറ്റിയ സ്ഥലമായി തിരുമേനിക്കു തോന്നിയില്ല.

കോളജ് കോട്ടയം പറയൻകുന്നിൽ തുടങ്ങാൻ ശ്രമം

## ഡോ. ലവീഞ്ഞും ചങ്ങനാശ്ശേരിയും

കോട്ടയത്തു വന്നു താമസമാക്കിയ ലവീഞ്ഞു പിതാവിനു, കത്തോലിക്കാ സുറിയാനിക്കാരുടെ ഒരു കേന്ദ്രമെന്ന നിലയിൽ (കേരളത്തിന്റെ വത്തിക്കാൻ)

ചങ്ങനാശ്ശേരിപ്പള്ളി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അത് അദ്ദേഹത്തിനു വള രെയിഷ്ടപ്പെട്ടു. ചങ്ങനാശ്ശേരി തന്റെ ആസ്ഥാനമാക്കാൻ അദ്ദേഹം തീരുമാനി ച്ചു. പാലാ ഇടവകയിൽ കണ്ണാടിയുറുമ്പ് എന്ന സ്ഥലത്തോ പരിസരങ്ങളിൽ ഒരിടത്തോ ക്ലാരമഠം സ്ഥാപിക്കാനാഗ്രഹിച്ച സാധുസ്ത്രീകൾക്കു ഒരു സ്ഥലം കിട്ടാതെ വന്നതും, തിരുമേനിയുടെ ശ്രദ്ധ ചങ്ങനാശ്ശേരിക്കു തിരിയാൻ നിമിത്ത മായി.

ചെറുകര മാത്തുച്ചൻ (ലേഖകന്റെ വലിയ മാതുലൻ) തന്റെ വക നാലരയേ ക്കർ സ്ഥലവും മുന്നുനാലു മുറികളുള്ള ഒരു ബംഗ്ലാവും ഇതിനു ദാനമായി നല്കാ മെന്നും, എന്തെങ്കിലും പ്രതിഫലം നിർബന്ധമെങ്കിൽ, രണ്ടു പാവപ്പെട്ട പെൺകുട്ടികളെ മഠത്തിലെടുക്കുന്നതാവട്ടെയെന്നും, തിരുമനസ്സുണർത്തിച്ചു. 1888 ഡിസംബർ 14 നു കോട്ടയം അരമന ബംഗ്ലാവിൽ വച്ചു, തിരുമേനി എട്ടു ഭക്ത സ്ത്രീകൾക്ക് സഭാവസ്ത്രം നല്കുകയും, പിറ്റേദിവസം തന്നെ, അവരെ ചങ്ങ നാശ്ശേരിയിലെ ചെറുകര ബംഗ്ലാവിൽ താമസിപ്പിക്കുകയും ചെയ്തു.

ഈ മഠത്തിനു നല്ലൊരു കെട്ടിടം പണിയിക്കയായിരുന്നു പിതാവിന്റെ അടുത്ത ലക്ഷ്യം. യൂറോപ്പിൽ നിന്ന് അഭ്യർത്ഥിതമായ ധനസഹായമുണ്ടായി. ഇംഗ്ലണ്ടിലെ രാജ്ഞി തന്നെ ആയിരം പവൻ സമ്മാനിച്ചു. അക്കാലത്തു, ഗവൺമെന്റ് കോൺട്രാക്ടർ കൂടിയായിരുന്ന, ചെറുകര മാത്തുച്ചൻ തന്നെയാണു, കെട്ടിടം പണിയുടെ മേൽനോട്ടം വഹിച്ചത്. 1891 ജൂൺ 15ന്, ഒൻപതുമാസം കൊണ്ട്, പ ണിപൂർത്തിയായി. ഈ വൈദേശികദാനഫലമായ സൗധതല്ലജമാണിന്നത്തെ സെന്റ് ബർക്കുമാൻസ് ഹൈസ്ക്കൂൾ മന്ദിരങ്ങളുടെ നടുനായകം.

ചങ്ങനാശ്ശേരി ഇടവക വികാരി ഫാ. സിറിയക് കണ്ടങ്കരി, ലവീഞ്ഞു പിതാ വിന്റെ സെക്രട്ടറിയായിരുന്ന ഫാ. ളൂയീസ് പഴേപറമ്പിൽ (ഭാവിയിലെ എറണാ കുളം മെത്രാൻ) തുടങ്ങിയ വൈദികശ്രേഷ്ഠരുടെ ഫലോന്മുഖമായ പരിശ്രമം, ചെറുകര മാത്തുച്ചൻ തുടങ്ങിയ മഹാശയന്മാരായ പൗരമുഖ്യരുടെ നിർല്ലോഭ മായ സഹകരണം, അഭിനവമായി രൂപം കൊണ്ടിരുന്ന ചങ്ങനാശ്ശേരിപ്പള്ളിയുടെ വൈശിഷ്ട്യം, ഇടവകജനങ്ങൾ ഓടിക്കൂടി, മുട്ടുകുത്തി, തിരുമേനിയോടു കാണിച്ച ഭക്തിനിർഭരമായ സ്നേഹാദരങ്ങൾ, സ്ഥലജലപാതകൾ സമ്മേളിക്കുന്ന ചങ്ങനാശ്ശേരിപ്പട്ടണത്തിന്റെ വാണിജ്യപ്രാധാന്യം, എല്ലാം, ക്രാന്തദർശിയായ ലവീ ഞ്ഞുപിതാവിനെ ആകർഷിക്കാൻ മതിയായ സാഹചര്യങ്ങളായിരുന്നു.

1890 ജനുവരി ആറാം തീയതി ഡോ. ലവീഞ്ഞിന് അൻപതു വയസ്സു തിക യുന്ന ജന്മദിനം, ചങ്ങനാശ്ശേരിയിൽ വച്ചു, സർവ്വാഡംബരവിഭൂഷിതമായി, കൊണ്ടാടപ്പെട്ടതു തന്നെ തലസ്ഥാനവിപര്യാസത്തിന്റെ (മാറ്റത്തിന്റെ) നാന്ദിയാ യി. പിറ്റേന്നു പിതാവു സപരിവാരം ചങ്ങനാശ്ശേരിയിൽ, തരിശായിക്കിടന്ന ഇരു മ്പനാത്തുകുന്നും പരിസരങ്ങളും സന്ദർശിച്ചു സംതൃപ്തനായി. ഈ ഇരുമ്പന ത്തുകുന്നും പടിഞ്ഞാറുള്ള വെടിക്കുന്നും പതിച്ചുകിട്ടുമെന്നായപ്പോൾ, പരിശുദ്ധ സിംഹാസനത്തിന്റെ അനുവാദത്തിന് അപേക്ഷ അയച്ചു. അതു ലഭിക്കുന്നതി നുള്ള സമയമത്രയും മാത്രമാണ് തലസ്ഥാനമാറ്റത്തിനു വേണ്ടി വന്നത്. എല്ലാ



ബിഷപ്പ് ചാൾസ് ലവീഞ്ഞ്

ചെറുകര മാത്തുച്ചൻ (ലേഖകന്റെ വലിയ മാതുലൻ) ഫ്രാൻസിസ്കൻ ക്ലാര സമൂഹത്തിന്റെ തുടക്കം എട്ടു ഭക്ത സ്ത്രീകൾ - 1888 ഡിസം. 14

ക്ലാരമഠത്തിന് ബ്രിട്ടീഷ് രാജ്ഞി യുടെ സഹായം

അവിസ്മരണീയ ജന്മദിനാഘോഷം



വരെയും പ്രകാശിപ്പിക്കുന്ന ശാസ്ത്രത്തിന്റെ വിളക്കു നിങ്ങളുടെ മദ്ധ്യേകൊളുത്തപ്പെടും എന്ന പ്രഖ്യാപനത്തിനു ശേഷം, 1891 ഫെബ്രുവരി ഒന്നാം തീയതി തിരുമേനി, ചരിത്രമുറങ്ങുന്ന ചങ്ങനാശ്ശേരി പള്ളിക്കടുത്തു താൻ തന്നെ നേരത്തെ പണിയിച്ച, ഇന്നത്തെ കർമ്മലീത്താമഠത്തിൽ താമസമാരംഭിച്ചു.

## സെന്റ് ബർക്കുമാൻസ് കോളജ് എന്ന പേര്

സെന്റ് ബർക്കുമാൻസ് കോളജ് 1891-ൽ ഫെബ്രുവരി 4നു സ്ഥാപിതം!

ചങ്ങനാശ്ശേരിയിൽ താമസമാക്കിയതിന്റെ നാലാംദിവസം, ഫെബ്രുവരി നാലാംതീയതി 'സെന്റ് ബർക്കുമാൻസ് കോളജ്' എന്ന പേരിൽ ലവീഞ്ഞുപിതാവ്, ചങ്ങനാശ്ശേരിപ്പള്ളിക്കടുത്തു തലേദിവസമേ എത്തിയ നാല്പതു വിദ്യാർത്ഥികളെയും കൊണ്ട്, മട്രിക്കുലേഷൻ, പ്രീമട്രിക്കുലേഷൻ എന്നീ, ക്ലാസ്സുകൾ ആരംഭിച്ചു. മട്രിക്കുലേഷൻ ക്ലാസ്സ് താൻ സ്വന്തവസതിയാക്കിയ കർമ്മലീത്താമഠം കെട്ടിടത്തിലും, പ്രീമട്രിക്കുലേഷൻ ക്ലാസ്സ്, വികാരി കണ്ടങ്കരിലച്ചന്റെ താമസസ്ഥലമായ പള്ളിമേടയുടെ പടിഞ്ഞാറേ മുറിയിലുമാണ്, നടത്തിയത്. യോഗ്യതയുള്ള ഹെഡ്മാസ്റ്ററായി മംഗലാപുരം സെന്റ് അലോഷ്യസ് കോളജിൽ നിന്നു ഡിഗ്രിയെടുത്ത ശ്രീ പരമേശ്വരയ്യരും സയൻസ് അധ്യാപകനായി ആലപ്പുഴ സ്വദേശി വർഗീസ് ചാണ്ടിയും മലയാളപണ്ഡിതനായി പയ്യമ്പള്ളി കെ. കൃഷ്ണപിള്ളയും മാനേജരായി ഫാ. റിക്കാർഡും (ഫ്രാൻസിൽ നിന്നു ഡിഗ്രി നേടി പിതാവിനോടൊപ്പം വന്ന ഫ്രഞ്ചുമിഷനറി) നിയമിതരായി.

സെന്റ് ജോൺ ബർക്കുമാൻസ്

ലവീഞ്ഞു പിതാവു കോട്ടയം വികാരിയാത്തിന്റെ മെത്രാനായ ഉടനെ 1888ൽ, വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്തപ്പെട്ട, ഒരു യുവവിദ്യാർത്ഥിയാണു, സെന്റ് ജോൺ ബർക്കുമാൻസ്. 1599 മാർച്ചു 13 നു ബൽജിയത്തിലെ ഡയസ്റ്റ് ഗ്രാമത്തിൽ, കുലീനനെങ്കിലും നിസ്വതകൊണ്ടു തോൽ ഊറയ്ക്കിടുന്ന ജോലി കൈക്കൊണ്ട പിതാവിന്റെ പുത്രനായ ജോൺ, നല്ലൊരു നടനും വാഗ്മിയും, എന്നല്ല അതുല്യപ്രതിഭയും, എന്ന ഖ്യാതി ചെറുപ്പത്തിലേ നേടി. ഈശോസഭയിൽ പ്രവേശിച്ച അദ്ദേഹം, സഭാനിയമങ്ങൾ അക്ഷരശഃ അനുസരിച്ചും വിശുദ്ധിയുടെ ജീവിതം നയിച്ചും, ഏവർക്കും മാതൃകയായും 'മാലാഖ' എന്ന പ്രശംസ നേടുകയും 1624 ആഗസ്റ്റ് 13 നു റോമിൽ മരിക്കുകയും ചെയ്തു. തന്റെ മഹാവിദ്യാലയത്തിന്റെ സ്വർഗീയമദ്ധ്യസ്ഥനാകാൻ, സർവ്വഥാ യോഗ്യനാണു വി. ബർക്കുമാൻസ് എന്ന വലിയ ബോധ്യത്തിലാണു ലവീഞ്ഞു പിതാവു, തന്റെ സ്കൂളിനു തന്നെ സെന്റ് ബർക്കുമാൻസ് കോളജ് എന്ന പേരു നൽകിയത്. യഥാർത്ഥത്തിൽ ഈ ഈ യുവവിശുദ്ധനെ കേരളീയവിദ്യാർത്ഥികളുടെ ആദർശമാക്കാൻ പിതാവു തിരുമനസ്സായി എന്നു പറയണം.

അതുല്യപ്രതിഭ നടൻ - വാഗ്മി

കേരളീയ വിദ്യാർത്ഥികൾക്ക് ആദർശമായി

## വെടിക്കുന്ന്

ശിലാസ്ഥാപനം

നായാട്ടുകാരുടെ വെടി നടന്നിരുന്ന സ്ഥലമായതുകൊണ്ടാണ്, സെന്റ് ബർക്കുമാൻസ് ക്യാമ്പസിനു വെടിക്കുന്ന് എന്ന പേരു കിട്ടിയത്. കോളജിനുള്ള ശിലാസ്ഥാപനവും വാനംവെട്ടിക്കലും തിരുമേനി അവിടെ നടത്തി. കുറേ ഏറെ കല്ലുകളും അങ്ങോട്ടിറക്കപ്പെട്ടു. 1916-22 കളിൽ, സെന്റ് ബർക്കുമാൻസ് ഹൈസ്കൂളിൽ

പഠിച്ച ആളാണ്, പിന്നീട് എൻ.എസ്സ്.എസ്സിന്റെ പ്രിൻസിപ്പലായ, പ്രൊഫ. ഗോപാലൻ നായർ. അദ്ദേഹം മാപ്പിളസാറിനോടു പറഞ്ഞിട്ടുണ്ടത്രെ, ഈ വെടിക്കുന്നിൽ സ്ഥാപിതമായ ശിലയുടെ മുകളിൽ കൂട്ടിയ കല്ലുകൾ അദ്ദേഹം കണ്ടിട്ടുണ്ടെന്ന്.

നാഗപട്ടണത്തു നിന്ന് ഈശോസഭക്കാരെ വരുത്തി, വൻതോതിലുള്ള ഒരു കലാലയം സ്ഥാപിക്കുകയായിരുന്നു ലവീഞ്ഞുപിതാവിന്റെ ഉന്നം. ക്ലാരമഠത്തിന് ഇംഗ്ലണ്ടിലെ രാജ്ഞിയുടെ സഹായം സംസിദ്ധമായതുപോലെ, പിതാവിന്റെ അഭ്യർത്ഥനപ്രകാരം, യൂറോപ്പിൽ നിന്നു വന്ന സംഭാവനകളാണ് ഇന്നത്തെ കർമ്മലീത്താ മഠത്തിന്റെ പറമ്പ്, മൂന്നുനിലക്കെട്ടിടം, അരമന, ക്ലാരമഠമായിരുന്ന ഇന്നത്തെ ഹൈസ്ക്കൂൾ ത്രിപദശില്പം എന്നിവ. കരുത്തനായിരുന്ന ഈ ബുദ്ധിരാക്ഷസന് ചങ്ങനാശ്ശേരിയുടെ വികസനത്തിലുണ്ടായിരുന്ന താത്പര്യം ഇന്നും നമ്മെ പുളകം കൊള്ളിക്കേണ്ടതാണ്. ബോട്ടുജെട്ടി മുതൽ പള്ളി വരെയുള്ള അങ്ങാടി വീതികൂടിയ ഘണ്ടാപഥമാക്കി വികസിപ്പിക്കുക, താൻ പതിപ്പിച്ചു. തറക്കല്ലിടുക വരെ ചെയ്ത വെടിക്കുന്നിൽ, തൃശ്നാപ്പള്ളി കോളജിനെ വെല്ലുന്ന, ഒരു മഹാപാഠശാല സ്ഥാപിക്കുക, തൊട്ടടുത്ത പൂക്കാട്ടുചിറ ബോട്ടുകടവാക്കി പടിഞ്ഞാറോട്ടുള്ള ജലമാർഗം വികസിപ്പിക്കുക മുതലായവയെല്ലാം ആ മഹാനുഭാവന്റെ മസ്തിഷ്കത്തിൽ രൂപം കൊണ്ടതാണ്. ചങ്ങനാശ്ശേരി മെത്രാന്മാരുടെ വേനൽക്കാലവസതിക്കു പീരുമേട്ടിലുള്ള 'ചാൾസ് മൗണ്ട്' പതിപ്പിച്ചു സമ്പാദിച്ചതും തിരുമേനി തന്നെ. സ്കൂളിനും കോളജിനും മറ്റും ആവശ്യമായ പണം സമ്പാദിക്കാമെന്ന ഉറച്ചവിശ്വാസത്തിലാണു പിതാവ് 1895 സെപ്റ്റംബർ 15 നു റോമിനു പുറപ്പെട്ടത്. പക്ഷേ, പഥം മറ്റൊരു ഗതിയിലായി.

നാട്ടുമെത്രാനുവേണ്ടിയുള്ള മുറവിളി മൂർദ്ധന്യത്തിലായിരുന്ന അവസരമായിരുന്നു അത്. ഇതുമനസ്സിലാക്കിയ പതിമൂന്നാം ലിയോ മാർപ്പാപ്പ തൃശ്ശൂരേയ്ക്ക് ഫാ. മേനാച്ചേരിയെയും ചങ്ങനാശ്ശേരിക്കു ഫാ. മാത്യു മാക്കീലിനെയും, നടുമിസമെന്ന പേരിൽ രൂപം കൊണ്ട, എറണാകുളത്തേക്ക് അഭിവന്ദ്യനായ ലവീഞ്ഞു പിതാവിന്റെ സെക്രട്ടറി ആയിരുന്ന, ഫാ. ളൂയീസ് പഴേപറമ്പിലിനെയും, തിരുസിംഹാസനം മെത്രാന്മാരായി നിയമിച്ചു. അങ്ങനെ ചങ്ങനാനാശ്ശേരിക്കും സിറിയൻ കേരളത്തിന്റെ തന്നെ സർവ്വതോമുഖമായ പുരോഗതിക്കും ഉന്നതവിദ്യാഭ്യാസത്തിനും, മഹോപകാരിയായി വിരാജിച്ച ആ പുണ്യപുരുഷൻ, അസമയത്ത്, ഒരു നന്ദിവാക്കുപോലും ചൊല്ലിക്കേൾക്കാതെ, 'രക്തസാക്ഷി' യായി ചങ്ങനാശ്ശേരിയുടെ വികാരി അപ്പസ്തോലിക്കാസ്ഥാനത്തു നിന്നും വിരമിക്കാനിടയായി. ദൈവം ക്ഷമിക്കട്ടെ! ഇങ്ങനെയൊക്കെ സംഭവിച്ചിട്ടും, ചങ്ങനാശ്ശേരി -തൃശ്ശൂർ മിസങ്ങളുടെ നാട്ടുമെത്രാന്മാരായി, ക്രമാനുഗതം, ഫാ. മാത്യു മാക്കിലിന്റെയും ഫാ. ളുയീസ് പഴേപറമ്പിലച്ചന്റെയും പേരുകൾ നിർദ്ദേശിച്ചതു ലവീഞ്ഞു പിതാവാണത്രെ. എന്തൊരു മഹാമനസ്കത! നന്മ ചെയ്തവരെ കറിവേപ്പില പോലെ കയ്യൊഴിഞ്ഞ് അവർക്കു ഹൃദയവേദന ഉളവാക്കി, ഉൾക്കാമ്പിൽ 'നിർവൃതി' കണ്ടെത്തുന്നതിൽ ഗവേഷണബിരുദങ്ങൾ തന്നെ സമ്പാദിച്ചിട്ടുള്ളവർക്കു നമോവാകമരുളുക ഒരു അസുലഭ ഭാഗ്യം തന്നെയല്ലേ?

**ഉന്നം വൻതോതിലുള്ള ഒരു കലാലയം**

**ചങ്ങനാശ്ശേരിയുടെ വികസനം ലക്ഷ്യം**

**തൃശ്നാപ്പള്ളി കോളജിനെ വെല്ലുന്ന മഹാവിദ്യാലയം സ്ഥാപിക്കുക!**

**സ്കൂളിനും കോളജിനും ആവശ്യമായ പണം സമ്പാദിക്കാൻ!**


**നാട്ടുമെത്രാനു വേണ്ടിയുള്ള മുറവിളി ഫലം, മേനാച്ചേരി, മാക്കീൽ പഴേപറമ്പിൽ**

**ഒരു നന്ദിവാക്കു പോലും ചൊല്ലി ക്കേൾക്കാതെ 'രക്ത സാക്ഷി'യുടെ വിട**



സെന്റ് ബർക്കുമാൻസ് എപ്പോഴും നന്ദിപൂർവ്വം ഓർമ്മിക്കുകയും ഓർമ്മ നില നിർത്താൻ പോന്ന എന്തെങ്കിലും ഒരു സ്മാരകം സ്ഥാപിക്കുകയും ചെയ്യേണ്ട ഒരു മഹദ്വ്യക്തിത്വമാണ്, നിതാന്ത വന്ദ്യ ദിവ്യശ്രീ റൈറ്റ് റവ. ഡോ. ചാൾസ് ലവീഞ്ഞ് എസ്. ജെ. ആ മഹാനുഭാവന്റെ, ആ മനുഷ്യസ്നേഹിയുടെ, സൈന്യങ്ങളുടെ ദൈവമായ കർത്താവിനെപ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ചിരുന്ന (1 രാജാ19:10) ആ സാത്വികപ്രതിഭയുടെ, 'ജ്ഞാനശിശു' (brian child) വാണ് സെന്റ് ബർക്കുമാൻസ് കോളജ്.

## ധന്യൻ കുര്യാളശ്ശേരിപ്പിതാവ്



കുര്യാളശേരി
പിതാവ്

കാലചക്രം പിന്നെയും കറങ്ങി. മാർ മാക്കീൽ കോട്ടയത്തേക്കു മാറി. താമസംവിനാ ഫാ. തോമസ് കുര്യാളശ്ശേരി, ചങ്ങനാശ്ശേരിയുടെ വികാരി അപ്പസ്തോലിക്കാ ആയി നിയമിക്കപ്പെട്ടു.

യുവകോമളൻ

ലവീഞ്ഞുപിതാവു തന്റെ കോട്ടയത്തെ താത്കാലികാരമനയിൽ വച്ച് 1890 ജനുവരി പതിനെട്ടാം തീയതി, അന്നേക്ക് നാലു ദിവസം മുമ്പ് 17 വയസ്സു തികഞ്ഞ ശ്രീ. കെ. സി. തോമസ് (കുഞ്ഞുതോമാച്ചൻ) എന്ന യുവാവിനു സ്ഥൈര്യലേപനം കൊടുത്ത്, ഒന്നാം വൈദികപട്ടവും നല്കുകയുണ്ടായി. അനാരൂഢസ്മശ്രുവായിരുന്ന, ആ യുവകോമളനെ വൈദികവിദ്യാഭ്യാസത്തിനായി റോമിലേയ്ക്കയക്കുന്നതിന്റെ എന്നവണ്ണം, ഭാവിയിലെ മെത്രാഭിഷേകത്തിന്റെയും നാന്ദിയായി, ഈ കൊച്ചുപട്ടാഭിഷേചനം.

ഒന്നാം ഘട്ടം

ഈ യുവാവ് തന്റെ പ്രാഥമിക പഠനങ്ങൾ സ്വദേശത്തു തന്നെ നടത്തി. അനന്തരം, ബന്ധുവീടായ ചങ്ങനാശ്ശേരി പുല്ലുകാട്ടു [(ഇന്ന്, ആരാധനാഭവൻ (നിത്യാരാധന), വട്ടപ്പള്ളി] താമസിച്ച്, അടുത്തുള്ള ഗവൺമെന്റ് സ്കൂളിൽ, കുറച്ചുനാൾ ഇംഗ്ലീഷ് പഠിച്ചു. പിതൃമരണം മൂലം, പഠനം മതിയാക്കിയ കുട്ടിയെ, വിവരമറിഞ്ഞ, വിവേകിയും എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്തിരുന്നവനുമായ, അഭിവന്ദ്യ ലവീഞ്ഞു പിതാവ്, മാന്നാനം സെന്റ് എഫ്രേംസിൽ അയച്ചു പഠിപ്പിക്കാൻ, കുട്ടിയുടെ മാതാവിനു നിർദ്ദേശം നൽകി. ഫ്രഞ്ചുകാരനായ ആ പാവനചരിതന്റെ മുൻപിൽ ആരാണു നമോവാകം നേരാത്തത്! ഒരു വിശുദ്ധനെ തിരിച്ചറിഞ്ഞ്, അദ്ദേഹത്തെ വേണ്ടവിധമൊക്കെ സഹായിച്ചനുഗ്രഹിച്ച, സ്നേഹധനനായ, അഭിവന്ദ്യ പതാവ്, കുഞ്ഞുതോമ്മാച്ചനെ, മാന്നാനത്തെ പഠനം കഴിഞ്ഞയുടനെ, വൈദിക പഠനത്തിനായി റോമിന് അയച്ചു.

കുഞ്ഞുപുണ്യവാൻ

ഒൻപതുകൊല്ലത്തെ വിദ്യാഭ്യാസത്തിനിടയ്ക്ക് 'കുഞ്ഞു പുണ്യവാൻ' എന്ന ബഹുമതി കുഞ്ഞുതോമ്മാച്ചൻ നേടാതിരുന്നില്ല.1899 മേയ്മാസം ഇരുപത്തേഴാം തീയതി, റോമിൽ വച്ചു, വൈദികപട്ടം സ്വീകരിച്ചു. നവവൈദികൻ (തോമസ് കുര്യാളശേരി) നാട്ടിലേയ്ക്കു മടങ്ങും മുമ്പ്, തന്റെ വൈദികപഠനത്തിന്റെ ആദ്യകാലത്തു പ്രൊപ്പഗന്താറെക്ടറായിരുന്ന ഫാ. ജോസ് സാർത്തോയെ (കുഞ്ഞുതോമാച്ചൻ പൗരോഹിത്യം സ്വീകരിക്കുമ്പോൾ അദ്ദേഹം അന്ന് വെനീസിലെ പാത്രിയർക്കീസായിരുന്നു. പിൽക്കാലത്തു പത്താം പീയൂസ് മാർപ്പാപ്പാ; പിന്നീടു

നവവൈദികൻ

വി. പത്താം പീയൂസ്) കണ്ട് അനുഗ്രഹം സ്വീകരിച്ചു. ദൈവമേ, നന്ദി!

**കൊച്ചുമെത്രാൻ**

പാത്രിയർക്കീസ് തിരുമേനി സസ്നേഹം ആശ്ലേഷിച്ച്, വാത്സല്യാതിരേകത്തിന്റെ പ്രതീകമായി, കൊച്ചച്ചനെ 'കൊച്ചുമെത്രാൻ' എന്നു പറഞ്ഞ് ഒരു കുരിശും മാലയും കഴുത്തിലണിയിച്ചു സമ്മാനിച്ചതും പ്രത്യേകം പ്രസ്താവ്യമാണ്.

**മെത്രാൻ**

സെന്റ് ബർക്കുമാൻസ് സ്കൂൾ ബോർഡിംഗ് വൈസ് റെക്ടർ, ചേന്നങ്കരി, കാവാലം, എടത്വാ, പള്ളികളുടെ വികാരി, മാർ ളൂയീസ് പഴേപറമ്പിലിന്റെ, റോമായാത്രയിലെ, സെക്രട്ടറി, ആരാധനാ സന്ന്യാസ സമൂഹത്തിന്റെ സ്ഥാപകൻ. ഇങ്ങനെ പ്രഖ്യാതനായ ഫാ. തോമസ് കുര്യാളശ്ശേരിയെ, 1911 ആഗസ്റ്റ് ഇരുപത്തെട്ടാം തീയതി, മെത്രാൻ പദവിയിലേയ്ക്കുയർത്തിയത്, അക്കാലത്ത് പത്താം പീയൂസ് മാർപ്പാപ്പാ ആയിരുന്ന ജോസ് സാർത്തോ തിരുമേനി തന്നെയായിരുന്നുവെന്നതു ദൈവനിയോഗവും പരിപാലനയുമല്ലാതെ മറ്റെന്താണ്?

**ദൈവനിയോഗം**

1911 ഡിസംബർ പതിനഞ്ചാം തീയതി ചങ്ങനാശ്ശേരി വികാരിയാത്തിന്റെ ഭരണഭാരം കുര്യാളശ്ശേരിപ്പിതാവ് ഏറ്റെടുത്തു. സെന്റ് ബർക്കുമാൻസ് ഹൈസ്കൂളിൽ വച്ച് നല്കിയ സ്വീകരണത്തിൽ, പിതാവു തറപ്പിച്ചു പറഞ്ഞു, ചങ്ങനാശ്ശേരിയിൽ ഒരു കോളജു സ്ഥാപിക്കുക തന്റെ ദൃഢവ്രതമായിരിക്കുമെന്ന്. തന്റെ ഉത്കർഷത്തിനു വളംവച്ച ലവീഞ്ഞുപിതാവിന്റെ അഭിലാഷപൂർത്തീകരണമായിരുന്നു, കുര്യാളശ്ശേരിപ്പിതാവിന്റെ വാഗ്ദാനം. പക്ഷേ, പ്രസ്തുതവാഗ്ദാനം നിറവേറ്റാൻ പിതാവിനു പത്തു വർഷം താണ്ടേണ്ടതായി വന്നു.

**ദൃഢവ്രതം**

**വ്രതപൂർത്തി**

കോളജിന് അംഗീകാരം ലഭിച്ചപ്പോൾ, ഏറ്റവും അനുഗ്രഹമായത്, കണ്ടങ്കരിയച്ചൻ (മോൺസിഞ്ഞോർ) 1905 ലെ, അമലോത്ഭവ ജൂബിലി സ്മാരകമായി, ചങ്ങനാശ്ശേരി, പാറേൽ, പണിയിച്ച ചാപ്പലിനടുത്തു, പെറ്റി സെമിനാരിക്കു വേണ്ടി, കുര്യാളശ്ശേരിപ്പിതാവു തന്നെ പണി കഴിപ്പിച്ച മൂന്നു നിലക്കെട്ടിടം, ഒരു 'സരസ്വതീക്ഷേത്രത്തിന്റെ' സർവ്വാംഗീണ സൗഷ്ഠവത്തോടെ നിലകൊള്ളുന്നുണ്ടായിരുന്നുവെന്നതാണ്.

പ്രഗത്ഭരായ അധ്യാപകരെ സമ്പാദിക്കുന്നതിനും കുര്യാളശ്ശേരിപ്പിതാവു കലമൊരുക്കാതിരുന്നില്ല. ഉന്നതവിദ്യാഭ്യാസം ലഭിച്ച വൈദികവിദ്യാർത്ഥികളെ, കാൻഡിയിലും റോമിലും അയച്ചു വൈദികരാക്കുന്നതിൽ പിതാവു ജാഗരൂകനായി. ഫലമോ, ഫാ. കോശി മമ്പലം, ഡോ. ജയിംസ് കാളാശ്ശേരി, ഡോ. മാത്യു വടക്കേൽ, ഡോ. സിറിയക് കാപ്പൻ തുടങ്ങിയവർ റോമിൽ നിന്നും ഫാ. മാത്യു പുരയ്ക്കൽ, ഫാ. കെ. സി. ചാണ്ടി, ഫാ. എ. സി. ഈപ്പൻ മുതലായവർ കാണ്ടിയിൽ നിന്നും പുരോഹിതപട്ടം സ്വീകരിച്ചു രൂപതാ സേവനത്തിനായി വന്നുവെന്നതും.

**ലോകപര്യടനവും ഒന്നാം ലോക മഹായുദ്ധവും**

1914 ൽ സെന്റ് ബർക്കുമാൻസ് ഹൈസ്കൂൾ വികസിപ്പിച്ചു കോളജാക്കുക എന്ന ലക്ഷ്യത്തോടെ, കുര്യാളശ്ശേരിപ്പിതാവ് ഒരു പാശ്ചാത്യപര്യടനം നടത്തി, യൂറോപ്പിലെത്തി. ഏറെ നാൾ കഴിയുംമുൻപ് ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. സൈ്വരമായ പര്യടനവും ധനശേഖരണവും, അങ്ങനെ, നിലച്ചു.



എങ്കിലും പിതാവ് ഓക്സഫെഡ്, കെയിംബ്രിഡ്ജ്, എഡിൻബറോ യൂണിവേഴ്സിറ്റികൾ സന്ദർശിച്ച്, പ്രസ്തുത മഹാവിദ്യാലയങ്ങളുടെ സംവിധാനങ്ങളൊക്കെ മനസ്സിലാക്കിയെടുക്കാൻ, പ്രത്യേകം ശ്രദ്ധിച്ചു. കാന്തികശക്തിയുടെ ഉടമയായിരുന്നു കുര്യാളശ്ശേരിപ്പിതാവ്; വിദ്യാഭ്യാസകാര്യങ്ങളിൽ മെത്രാന്റെ വലംകയ്യായി പ്രവർത്തിച്ച ആളാണ് ഫാ. കോശി മമ്പലം. അദ്ദേഹത്തിന്റെ സതീർത്ഥ്യൻ കാളാശ്ശേരിപ്പിതാവിന്റെ കാലത്ത്, രൂപതയിലെ വിദ്യാഭ്യാസത്തിന്റെ ഡയറക്ടർ പദവിയിൽ അധിരോഹണം ചെയ്ത്, എന്റെ സെന്റ് ബർക്കുമാൻസിന്റെ ധാർമ്മിക ഭാഗധേയത്തിലും സാമ്പത്തികപ്രശ്ന പരിഹൃതിയിലും, അദ്ദേഹം സഹകരിച്ചിട്ടുണ്ട്.

**ഫാ. ഒണേരെ**

ഫാ. ഒണേരെ തുടങ്ങിയ പ്രഗത്ഭരായ ഈശോസഭാവൈദികർക്കു മദ്രാസ് സർവ്വകലാശാലയിലുണ്ടായിരുന്ന വലിയ സ്വാധീനം പ്രയോജനപ്പെടുത്തി, ജൂണിയർ കോളജിനുള്ള അഫീലിയേഷൻ അതിശീഘ്രം ലഭ്യമാക്കുന്നതിന്, അഭിവന്ദ്യപിതാവിന്, അനായാസം സാധിച്ചു. സെന്റ് ബർക്കുമാൻസ് ഹൈസ്ക്കൂളിൽ കോശിച്ചന്റെ സഹപ്രവർത്തകനായിരുന്ന ഫാ. മാത്യു പുരയ്ക്കലിനെ തന്റെ കലാലയത്തിന്റെ പ്രഥമ പ്രിൻസിപ്പലായി നിയമിച്ചതു പിതാവിന്റെ, ഏറെ തന്ത്രപ്രധാനവും അനുഗ്രഹപ്രദവുമായ, ഒരു തീരുമാനമായിരുന്നു. സഹജമായ കർമ്മകുശലതയോടെ, കോളജു സ്ഥാപനത്തിനും ഭരണത്തിനും പര്യാപ്തനായിരുന്നു പുരയ്ക്കലച്ചൻ.

**പാറേൽ അമലോത്ഭവ മാതാവിന്റെ തിരുനടയിൽ ബലിയർപ്പിച്ചു കൊണ്ട് തുടക്കം**

1922 ജൂൺ പത്തൊമ്പതിനു കുര്യാളശ്ശേരിപ്പിതാവു, പാറേൽ അമലോത്ഭവ മാതാവിന്റെ നടയിൽ [ലേഖകൻ പട്ടം സ്വീകരിച്ചു പുത്തൻകുർബ്ബാന ആ പരിപാവനമായ നടയിൽ ചൊല്ലിയതു മാതാവിന്റെ മാദ്ധ്യസ്ഥ്യത്തിലാണ്] ദിവ്യപൂജ അർപ്പിച്ചശേഷം, തൊട്ടടുത്തുള്ള കെട്ടിടത്തിന്റെ മൂന്നാംനിലയിൽ കിഴക്കുപടിഞ്ഞാറായുള്ള ഹോളിൽ, ഇംഗ്ലീഷ് ക്ലാസ്സ് ആരംഭിച്ചു. പ്രൊഫ. റ്റി. കെ. ശങ്കരമേനോൻ എം. എ. (Hons) പ്രഥമ ക്ലാസ്സെടുത്തതു രക്ഷാധികാരിയായ ധന്യൻ കുര്യളശ്ശേരിപ്പിതാവിന്റെ വലിയ താത്പര്യവും, പുരയ്ക്കലച്ചന്റെ ആത്മാർത്ഥമായ പരിശ്രമവും, മൂലവുമാണ്. ഇക്കാര്യം, ആദ്യബാച്ചിലെ അതികായന്മാരിലൊരാളായ, കുരീത്തടത്തിലച്ചൻ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. പിന്നെ, ഒരാഴ്ച കഴിഞ്ഞേ ക്ലാസ് നടന്നുള്ളൂ. മേനോൻസാറിന് അന്നാണു രണ്ടാമതു വരാൻ കഴിഞ്ഞത്.

സെന്റ് ബർക്കുമാൻസ് ക്യാമ്പസിലെ പ്രഥമസൗധമായ കുര്യാളശ്ശേരിബ്ലോക്കു പണികഴിപ്പിക്കുന്നതിൽ കുര്യാളശ്ശേരിപ്പിതാവിന് ഏറെ സഹായകനായ മാന്യദേഹമാണു കോശിച്ചൻ. കോളജിൽ, ഫസ്റ്റ് ഗ്രൂപ്പും സെക്കന്റ് ഗ്രൂപ്പും തുടങ്ങുന്നതിനുള്ള അപേക്ഷകൾ യൂണിവേഴ്സിറ്റിയിലെത്തി. പുരയ്ക്കലച്ചന്റെ നിസ്തന്ദ്രാദ്ധ്വാനത്താൽ, സയൻസ് ലാബററ്ററിക്കുള്ള സാധനങ്ങൾ, യഥാകാലം, ലണ്ടനിലെ മെസ്സേഴ്സ് ബക്കർ ആന്റ് കമ്പനിയിൽ നിന്നു കൈവന്നു.

1925 മാർച്ചു പതിമൂന്നാം തീയതി, എല്ലാം ഒട്ടൊരു പൂർണ്ണിമയിലെത്തിച്ച

ശേഷം, പുണ്യശ്ലോകനായ, സെന്റ് ബർക്കുമാൻസിന്റെ ഔപചാരിക സ്ഥാപകനും ആദ്യത്തെ രക്ഷാധികാരിയുമായ, കുര്യാളശ്ശേരിപ്പിതാവ്, ജൂബിലിവത്സരത്തിൽ സംബന്ധിക്കാൻ, റോമിലേക്കു പുറപ്പെട്ടു. നിത്യനഗരത്തിൽ വച്ച്, ജൂൺ രണ്ടാംതീയതി പെട്ടെന്നു, പിതാവു ദിവംഗതനായത്, ഏവരെയും കദനക്കടലിലാഴ്ത്തി. കോളജിന്റെ രക്ഷാകർത്തൃസ്ഥാനം, വികാരി ജനറൽ കല്ലറയ്ക്കൽ പിതാവിൽ, നിക്ഷിപ്തമായി. ഏതായാലും, രൂപതയുടെ വൈധവ്യത്തിലെ തപ്താശ്രുക്കൾ തോരുന്നതിനു മുമ്പു സെന്റ് ബർക്കുമാൻസ് കോളജ്, വെടിക്കുന്നിൽ പണിതീർന്ന, കുര്യാളശ്ശേരി ബ്ലോക്കിലേക്കു, മാറ്റി സ്ഥാപിക്കാൻ കഴിഞ്ഞത് ആ പുണ്യന്റെ മാദ്ധ്യസ്ഥ്യത്തിലായിരിക്കണം.

ഏവരും കദനക്കടലിൽ

## മാർ ജയിംസ് കാളാശ്ശേരി



മാർ ജെയിംസ് കാളാശേരി Consecration എട്ടുപട്ടത്തിന്മേൽ

1927 ഒക്ടോബർ മുപ്പതു ഞായറാഴ്ച സായാഹ്നത്തിൽ സെന്റ് ബർക്കുമാൻസിന്റെ വൈസ്പ്രിൻസിപ്പലും ലോജിക് ലെക്ചററുമായിരുന്ന, റവ. ഡോ. ജയിംസ് കാളാശേരിയെ തിരുസിംഹാസനം, ചങ്ങനാശ്ശേരിയുടെ മൂന്നാമത്തെ നാട്ടുമെത്രാനായി നിയമിച്ചു. അരമനയിലെ ചേങ്ങിലയും തുടർന്നു കത്തീഡ്രലിലെ മണികളും മുഴങ്ങി. 1927 ഡിസംബർ ഇരുപത്തൊന്നാംതീയതി പട്ടാഭിഷേകം, കത്തീഡ്രലിന്റെ മുറ്റത്തു, പടുത്തുയർത്തിയ എട്ടുപട്ടവേദിയിൽ വച്ച്, ആനന്ദഭരിതരായ അനേകായിരം ജനങ്ങളുടെ മധ്യേ, പരിപൂർണ്ണ പവിത്രതയിലും നിശബ്ദതയിൽ നടന്നു. തൃശൂർ മെത്രാൻ ഫ്രാൻസിസ് വാഴപ്പിള്ളിത്തിരുമേനി, കാർമ്മികനായി. കോട്ടയം മെത്രാൻ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവും, സെന്റ് ബർക്കുമാൻസിന് അവിസ്മരണീയനായ കൊല്ലം മെത്രാൻ ബൻസിഗർ തിരുമേനിയും, സഹകാർമ്മികരായിരുന്നു. 1928 ജനുവരി ഒന്നിനേ പിതാവു ഭരണഭാരം കൈയേറ്റുള്ളൂ. അന്ന്, ലോകത്തിലെ ഏറ്റം പ്രായം കുറഞ്ഞ ബിഷപ്പായിരുന്നു കോമളകളേബരനായ ഈ മുപ്പത്തിയഞ്ചുകാരൻ.

Alumni and Students - Hope of the World

പിതാവിനു പാറേൽ വച്ചു നല്കിയ സ്വീകരണത്തിൽ സെന്റ് ബർക്കുമാൻസിലെ ഹോസ്റ്റൽ വിദ്യാർത്ഥികളെ പരാമർശിച്ചു പിതാവു പറഞ്ഞു: You are the hope of my diocese and of Malabar. 1927-ൽ റോമിൽ നിന്നു പൗരോഹിത്യം സ്വീകരിച്ചു മടങ്ങിവന്ന റവ. ഡോ. എബ്രഹാം വടക്കെയിൽ ബി.എ., പിഎച്ച്.ഡി.ഡി.ഡി.യെ തിരുമേനി സ്വസ്ഥാനത്തു, ലോജിക് ലെക്ചററായി നിയമിച്ചു.

ഫസ്റ്റ് ഗ്രേഡ്

1927-28 ൽ കോളജ് ഫസ്റ്റ് ഗ്രേഡായതോടെ, എറണാകുളം മഹാരാജാസ് കോളജിൽ നിന്നു, പ്രൊഫ. പി. ശങ്കരൻ നമ്പ്യാരെ (എം.എ.Hons) ഇംഗ്ലീഷ് വകുപ്പദ്ധ്യക്ഷനായി കൊണ്ടുവരാനുള്ള, പിതാവിന്റെ അഭിലാഷം, കരുത്തനായ പുത്തൻപുരയ്ക്കലച്ചന്റെ ഭഗീരഥപ്രയത്നം സഫലമാക്കി. 1928 ജനുവരി പന്ത്രണ്ടിന് അദ്ദേഹം കോളജിൽ വന്നു. 'കായാമ്പു' നിറത്തിലും കമനീയത, കമനീയതയോടൊത്ത വേഷസമ്പന്നത, ഇവ ഒത്തിണങ്ങിയ ആ സാഹിത്യകേസരിയുടെ പ്രവേശനം ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിനു പ്രത്യേകിച്ചും സെന്റ് ബർക്കുമാൻസിനു

പ്രൊഫസർ ശങ്കരൻ നമ്പ്യാർ ഇംഗ്ലീഷ് വകുപ്പധ്യക്ഷൻ




**സെന്റ് ബർക്കുമാൻസിനു പൊതുവെയും ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിനു പ്രത്യേകമായും അലങ്കാരവും പ്രശസ്തിയും**

പൊതുവേയും (വലിയ) അലങ്കാരവും പ്രശസ്തിയും വരുത്തി. അന്ന് അദ്ദേഹത്തിനു നല്കിയിരുന്ന ശമ്പളം 500 രൂപാ ആയിരുന്നു. അത് ഇന്നത്തെ 50,000 നു സമമെന്നു പറയുമ്പോൾ, കോളജിനുണ്ടായ ഭാരത്തിന്റെ അമൂല്യത ഏതാണ്ടൊന്നു മനസ്സിലാകും. സെന്റ് ബർക്കുമാൻസ്, ഡിറക്റ്റു പേമെന്റു വരെയെങ്കിലും, അജയ്യയായി excellence നു വേണ്ടി മാത്രം നിലകൊണ്ടുവെന്നു നിസ്സംശയം പറയാം. 1936 വരെ നമ്പ്യാർസാർ വകുപ്പധ്യക്ഷനായിരുന്നു.

1928-29 ൽ ബി.എ. മാത്തമാറ്റിക്സ് തുടങ്ങിയപ്പോൾ സുപ്രസിദ്ധനായ പ്രൊഫ. റ്റി. എ. ശതഗോപനെ, മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്നും വകുപ്പുമേധാവിയായി കൊണ്ടുവന്നതും, കാളാശ്ശേരിപ്പിതാവിന്റെ, ദീർഘവീക്ഷണത്തിന്റെയും പുരയ്ക്കലച്ചന്റെ അമാനുഷികസ്വാധീനത്തിന്റെയും, തെളിവാണ്. 1946 വരെ അദ്ദേഹം ഗണിതശാസ്ത്രനൗകയുടെ ഒന്നാം അണിയം കയ്യേന്തിയിരുന്നു. ദക്ഷിണഭാരതത്തിൽ, മാത്തമാറ്റിക്സ് പഠിപ്പിക്കാൻ ശതഗോപനെ അതിശയിക്കാൻ ആരും തന്നെ കാണുകയില്ലെന്നു പില്ക്കാലത്ത് ഉന്നതസ്ഥാനീയനായി ത്തീർന്ന ഒരു ശിഷ്യൻ പറഞ്ഞത് ഇവിടെ പ്രസ്താവ്യമാണ്.

**പ്രൊഫ. റ്റി. എ. ശതഗോപൻ**



**മാർ മാത്യു കാവുകാട്ട്**

## കാവുകാട്ടുപിതാവ്

1950 ജൂലൈ 25 നു സെന്റ് ബർക്കുമാൻസിന്റെ പൂർവ്വവിദ്യാർത്ഥിയും, പതിനൊന്നു കൊല്ലം സിറിയക് ലക്ചററും, സേക്രഡ് ഹാർട്ട്, സെന്റ് തോമസ്, സെന്റ് ജോസഫ്സ് ഹോസ്റ്റലുകളിൽ വാർഡനുമായിരുന്ന, ഏവർക്കും പ്രിയങ്കരനും വിശുദ്ധനെന്നു സുവിദിതനുമായിരുന്ന, കാവുകാട്ടച്ചനെ ചങ്ങനാശ്ശേരി രൂപതയുടെ നാലാമത്തെ നാട്ടുമെത്രാനായി പരിശുദ്ധ സിംഹാസനം നിയമിച്ചതും നിശ്ചയമായും നിയതിയുടെ നിയോഗമാണ്. പ്രഥമബാച്ചിൽ പഠിച്ചിരുന്ന വിദ്യാർത്ഥിയായിരുന്നു അദ്ദേഹം. നവമായി സ്ഥാപിതമായ പാലാരൂപതയുടെ മെത്രാനായി, പിതാവിന്റെ സഹപാഠിയും സുഹൃത്തുമായ, വയലിലച്ചനും നിയമിതനായി. ഇരുവർക്കും റോമിലെ വി. കൊച്ചുത്രേസ്യായുടെ ദൈവാലയത്തിൽ വച്ച് അത്യുന്നതകർദ്ദിനാൾ റ്റിസറന്റ് തിരുമേനി, മെത്രാൻപട്ടം നല്കി. 1951 ജനുവരി മൂന്നാം തീയതി, കാവുകാട്ടുപിതാവു, രൂപതയുടെ ഭരണം ഏറ്റെടുത്തു.

**Gentleman Bishop**

വിദ്യാർത്ഥികൾക്ക് ഏറ്റം പ്രിയങ്കരനായ ഹോസ്റ്റൽ വാർഡൻ, ഇംഗ്ലീഷിലും മലയാളത്തിലും സമർത്ഥമായി സംസാരിക്കുന്ന വാഗീശൻ, സ്നേഹോദാരമായ പെരുമാറ്റത്തിന്റെ ഉടമ, സംസ്ക്കാരസമ്പന്നൻ, അതിമാന്യൻ എന്നീ നിലകളിൽ ജനഹൃദയങ്ങളെ സ്വാധീനിച്ചിരുന്ന ഈ gentleman Bishop, ഭാരതത്തിലെ മെത്രാന്മാരുടെ മുൻപന്തിയിലെത്താൻ കാലമേറെ കഴിയേണ്ടിവന്നില്ല.

1956 ജൂലൈ ഇരുപത്തൊമ്പതാം തീയതി, ചങ്ങനാശ്ശേരിയെ, അതിരൂപതയായും കാവുകാട്ടുപിതാവിനെ ആർച്ചുബിഷപ്പായും, ഉയർത്തിക്കൊണ്ടുള്ള പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ തിരുവെഴുത്തുകൾ, പുറപ്പെട്ടു. ഒപ്പം, പാലാ, കോട്ടയം രൂപതകൾ, ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിലുള്ള, സാമന്തരൂപ

കളുമായി. കാവുകാട്ടുപിതാവിന്റെ സത്വരശ്രദ്ധ പതിയേണ്ടിയിരുന്നത്, സെന്റ് ബർക്കുമാൻസിൽ ഒരു വനിതാവിഭാഗം തുടങ്ങാൻ താത്പര്യപ്പെട്ട്, തന്റെ അഭിവന്ദ്യമുൻഗാമി തറക്കല്ലിട്ടു, പണി തുടങ്ങിയ, കെട്ടിടത്തിന്റെ പൂർത്തീകരണത്തിലായിരുന്നു.

പിതാവിന്റെ പട്ടാഭിഷേകം റോമിൽ നടന്നതിനോടനുബന്ധിച്ച് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. ക്രിസ്തുമാതാവായ പരിശുദ്ധമറിയം, ആത്മശരീരങ്ങളോടെ സ്വർഗത്തിലേയ്ക്കെടുക്കപ്പെട്ടെന്നു. ക്രിസ്ത്യാനികൾ നൂറ്റാണ്ടുകളായി വസ്തുതയാക്കി, മനസ്സിൽ വച്ചിരുന്ന കാര്യം, സഭാസമ്രാട്ട്, പ്രമാദരഹിതമായ വചസ്സുകൾ വഴി, സ്ഥാപിച്ചുറപ്പിച്ചു. സെന്റ് ബർക്കുമാൻസിന്റെ ഔരസപുത്രിയാകാനിരുന്ന വനിതാകലാലയത്തിന്, പ്രഖ്യാപിക്കപ്പെട്ട വിശ്വാസസത്യത്തിന്റെ വെളിച്ചത്തിൽ, പുണ്യശ്ലോകനായ പിതാവ്, അസംപ്ഷൻ കോളജ്, എന്ന പാവനനാമം നല്കി സെന്റ് ബർക്കുമാൻസിന്റെ സീമന്തപുത്രിയെ അനുഗ്രഹിച്ചു.

അസംപ്ഷൻ
കോളജ്

സെന്റ് ബർക്കുമാൻസിൽ, പെൺകുട്ടികൾക്ക് ഇന്റർമീഡിയറ്റിനും, ബി.എ., ബി.എസ്.സിക്കും പ്രവേശനം നല്കാനുള്ള അനുമതി സർവ്വകലാശാല നല്കി. പരിശോധനയ്ക്കുവന്ന എ. ഗോപാലമേനോൻ യൂണിവേഴ്സിറ്റിയിൽ പറഞ്ഞത് 'annex' എന്നാണു പറയുന്നതെങ്കിലും, "It is a pacca Girls' College' എന്നാണ്. സെന്റ് ബർക്കുമാൻസിലെ അധ്യാപകരും പ്രത്യേകം നിയമിതരായ അധ്യാപികമാരും ആ നൂതനനാരീനിലയത്തിൽ വിദ്യാദീപികകളുമായെത്തി. കണ്വാശ്രമത്തിന്റെ അന്തരീക്ഷം! മാമുനി കണ്വനെ അതിശയിക്കുന്ന ആർഷപ്രതാപത്തോടെ ആദരണീയനായ വില്യമച്ചൻ എല്ലാമെല്ലാം പര്യവേക്ഷണം ചെയ്യാൻ; ചുരുക്കം ചില ക്ലാസ്സുകളെടുക്കാനും.

"It is a pacca Girls' College'

നൂതന നാരീനിലയത്തിൽ
വിദ്യാദീപികകളുമായി

ആരാധനാമഠാംഗമായ, ബി.എ. യ്ക്കു കാവുകാട്ടുപിതാവിന്റെ സതീർത്ഥ്യയും എം.എ. ക്കാരിയുമായിരുന്ന, സി. മേരി സേവ്യർ, (സേവ്യറമ്മ ഒറ്റക്കുടശ്ശേരി) ചരിത്രാധ്യാപികയും വനിതാവിഭാഗത്തിന്റെ വൈസ്പ്രിൻസിപ്പലുമായി. താമസംവിനാ, ഇന്റർമീഡിയറ്റു വിഭാഗം ഒരു സ്വതന്ത്രവനിതാ കോളജായി ഉയർന്നു. രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ അസംപ്ഷൻ, സെന്റ് ബർക്കുമാൻസിന്റെ പ്രിൻസിപ്പലും വകുപ്പധ്യക്ഷന്മാരും മേൽനോട്ടം വഹിക്കുന്ന സ്വതന്ത്രകോളജായി അംഗീകരിക്കപ്പെട്ടു. ഒന്നോ, രണ്ടോ കൊല്ലത്തിനകം, അസംപ്ഷൻ തരുണീമണി സർവ്വഥാ സ്വതന്ത്ര!

രക്ഷാധികാരിയായ കാവുകാട്ടുപിതാവിന്റെയും മാനേജരായ റൈറ്റ് റെവ. മോ. എൽ. ജെ. ചിറ്റൂരിന്റെയും പ്രിൻസിപ്പൽ സിസ്റ്റർ മേരി സേവ്യറിന്റെയും സർവ്വകലാശാലയുടെയും വിദഗ്ധവും ഉദാരവുമായ സംരക്ഷണത്തിൽ, കേരളത്തിലെ ഒരു വനിതാ കോളജിനും, പരിമിതമായ കാലത്തിനുള്ളിൽ, നേടാനാവാത്ത പ്രഖ്യാതിയുടെ മേൽത്തട്ടിലേക്കാരോപിത(assumed)

അസംപ്ഷൻ
പ്രഖ്യാതിയുടെ
മേൽത്തട്ടിൽ



സർവ്വേശ്വരന്റെ കരുണയും കൃപയും

യാകാൻഅസംപ്ഷനു സാധിച്ചതു സർവ്വേശ്വരന്റെ കരുണയും കൃപയും പരിശുദ്ധ അമ്മയുടെ പ്രത്യേകമാദ്ധ്യസ്ഥ്യവുമാണ്.

1951 ൽ പിതാവു ഭരണഭാരമേറ്റ ഉടനെ, കെമിസ്ട്രി ബി.എസ്.സി. തുടങ്ങാനുള്ള ചിരപ്രതീക്ഷിതമായ അംഗീകാരം സെന്റ് ബർക്കുമാൻസിനു കൈവന്നു. റ്റി.റ്റി. ചാക്കോ സാർ പ്രൊഫസറും വകുപ്പധ്യക്ഷനുമായി. സെന്റ് തോമസ്, സെന്റ് ഫ്രാൻസിസ് സേവ്യർ എന്നീ വിശുദ്ധന്മാർ ഭാരതത്തിൽ വന്നതിന്റെ ശതവത്സരാഘോഷങ്ങൾ എറണാകുളത്തു വച്ചു സാഡംബരം നടന്നപ്പോൾ ആഘോഷക്കമ്മറ്റിയുടെ പ്രസിഡന്റു സ്ഥാനത്തു ദൈവദാസൻ കാവുകാട്ടുപിതാവായിരുന്നുവെന്നതും സെന്റ് ബർക്കുമാൻസ് മക്കൾ പരിപാടികളിൽ ഗണ്യമായ പങ്കുവഹിച്ചെന്നതും പിതാവിന്റെ അക്കൊല്ലത്തെ നേട്ടങ്ങളിൽപ്പെടുന്നു.

സെന്റ് ബർക്കുമാൻസിലെ 340 വിദ്യാർത്ഥികൾ ഐക്കഫിന്റെ പ്രഥമ വാർഷിക സമ്മേളനത്തിനു മദ്രാസ് ലയോളയിൽ

ഐക്കഫിന്റെ പ്രഥമ വാർഷികസമ്മേളനം 1952 ('53)ൽ മദ്രാസ് ലയോളാ കോളജിൽ വച്ചുനടന്നതിൽ, സെന്റ് ബർക്കുമാൻസിലെ 340 വിദ്യാർത്ഥിനീവിദ്യാർത്ഥികൾ സംബന്ധിച്ച്, ആർഷഭാരതത്തിലെ മതിശാലികളുടെ പ്രഭാഷണങ്ങൾ ശ്രവിച്ചതും, നമ്മുടെ ചുണക്കുട്ടികൾ, പ്രകടിപ്പിച്ച ശിക്ഷണ വൈശിഷ്ട്യവും ഏവരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായി. 1951-52 ൽ കുട്ടികളുടെ സംഖ്യ 1546 ആയിരുന്നു. 1952-53 ൽ അത് 1754 ആയി ഉയർന്നു. മദ്രാസിലെ കോൺഫറൻസുകളിൽ ഒരു പ്രധാന പുരുഷനായി പങ്കെടുത്തതിനു ശേഷം, എറണാകുളത്തെ ശതവത്സരാഘോഷങ്ങളിൽ സംബന്ധിക്കുമ്പോഴാണ്, ആർച്ചുബിഷപ്പ് വലേറിയൻ ഗ്രേഷ്യസിനു കാർഡിനൽ പദവി നല്കി, പരിശുദ്ധപിതാവ് ആദരിച്ചത്.

## ഇന്ത്യയുടെ പ്രഥമ കാർഡിനൽ

വലേറിയൻ ഗ്രേഷ്യസ്

ഭാരതത്തിന് ഇദംപ്രഥമമായി ലഭിച്ച അനുഗ്രഹത്തിൽ പരിശുദ്ധ സിംഹാസനത്തോടു നന്ദി പറയുന്നതിന്, കർദ്ദിനാൾ ചെമന്ന തൊപ്പി അണിയിക്കപ്പെടുന്ന സമ്മേളനത്തിൽ, ഇന്ത്യൻ ബിഷപ്സിന്റെ പ്രതിനിധികളായി കർദ്ദിനാളിനെ അനുഗമിക്കാൻ തെരഞ്ഞെടുക്കപ്പെട്ട രണ്ടു മെത്രാന്മാരിൽ ഒരാൾ സെന്റ് ബർക്കുമാൻസിന്റെ രക്ഷാധികാരി കാവുകാട്ടു തിരുമേനിയായിരുന്നു. അപരൻ ബാംഗ്ലൂർ മെത്രാപ്പോലീത്തായും.

രക്ഷാധികാരി കർദ്ദിനാളിനൊപ്പം റോമിലേയ്ക്ക്

കാത്തലിക് ഹോസ്റ്റൽ

സെന്റ് ബർക്കുമാൻസിലെ പുരാതനപ്രസിദ്ധമായ കാത്തലിക് ഹോസ്റ്റലായിരുന്നു സേക്രട്ട് ഹാർട്ട്. അതിന് ഒരു ചാപ്പലും അവിടെ നിത്യം കുർബാനയുമുണ്ടായിരുന്നു. ദൈവദാസൻ കാവുകാട്ടുപിതാവ് അവിടെ വാർഡനുമായിരുന്നു. അക്കാലത്തുണ്ടായ ഒരു സംഭവം കേട്ടിട്ടുണ്ട്. ശ്രവണമാത്രയിൽ സെന്റ് ബർക്കുമാൻസിൽ കാവുകാട്ടച്ചന്റെ ഹോസ്റ്റലിൽ ഇങ്ങനെയോ എന്നു തോന്നാം. സംഭവവും അതിന്റെ ബാക്കിപത്രവും കൂട്ടിവായിക്കുമ്പോൾ സെന്റ് ബർക്കുമാൻസിൽ മാത്രം സംഭവിക്കാവുന്ന, കാവുകാട്ടു പിതാവിനു മാത്രം ചെയ്യാൻ സാധിക്കുന്ന, ഒരു കാര്യമാണ് ഇതെന്നു സംശയലേശമെന്യേ വ്യക്തമാകും.

ഹോസ്റ്റലിലായിരുന്നപ്പോൾ, കാവുകാട്ടച്ചന് ഒരു ചാരുകസേര (കവഞ്ചി) ഉണ്ടായിരുന്നു. വാർഡന്റെ മുറിക്കു മുമ്പിൽ, വരാന്തയിലാണ് അതു ഇട്ടിരുന്നത്. ചില സമയങ്ങളിൽ, ആ വരാന്തയിൽ നല്ല കാറ്റു കിട്ടുമായിരുന്നു. അന്നു കാവുകാട്ടുഹോളൊന്നും ഉണ്ടായിരുന്നില്ല. വല്ലപ്പോഴുമൊക്കെ, കുറച്ചുസമയം, അച്ചൻ അതിൽ വിശ്രമിക്കുമായിരുന്നു. ഒരുദിവസം എന്തോ അത്യാവശ്യത്തിന് അദ്ദേഹത്തിന്, സായം കാലത്ത്, പുറത്തുപോകേണ്ടി വന്നു. കുറച്ച് ഇരുട്ടിയാണ് മടങ്ങിയത്. വാർഡന്റെ അസാന്നിദ്ധ്യത്തിൽ ഒരു വിദ്യാർത്ഥി മറ്റാരുമറിയാതെ പുറത്തുപോയി 'പൂസ്സാ' യി മടങ്ങി വന്ന് ഹോസ്റ്റലിന്റെ വരാന്തയിൽ കയറി. വാർഡനച്ചൻ ഇനിയും എത്തിയിട്ടില്ല. വരാന്തയിൽ നല്ല കാറ്റ്. വിദ്യാർത്ഥിക്ക് നല്ല ക്ഷീണവും ഉറക്കവും തോന്നി. അയാൾ വരാന്തയിൽ കിടന്നിരുന്ന കാവുകാട്ടച്ചന്റെ കവഞ്ചിയിൽ കിടന്ന് സുഖമായി ഉറങ്ങുന്നത് ആരും ശ്രദ്ധിച്ചില്ല. അച്ചൻ വന്നപ്പോൾ വൈകി. വരാന്തയിൽ കയറി ചാരുകസേരയിൽ അല്പം വിശ്രമിക്കാമെന്നു കരുതി അടുത്തു ചെന്നപ്പോൾ ഒരാൾ അതിൽ കിടക്കുന്നു! ആ പാവനഹൃദയൻ ആളെ തിരിച്ചറിഞ്ഞു. ആളിന്റെ അവസ്ഥയും മനസ്സിലാക്കി.

ഒട്ടും പ്രതികരിക്കാതെ, സാവകാശം മുറിയിൽക്കയറി, കുട അതിന്റെ സ്ഥാനത്ത് വച്ചു. വാർഡന്റെ മുറിയിൽ സ്വിച്ച് സൂക്ഷിച്ചിരിക്കുന്ന ഒരു ലൈറ്റ് വരാന്തയിലുണ്ട്. അച്ചൻ അതു തെളിച്ചു. ലൈറ്റിടുമ്പോൾ ആൾ എഴുന്നേല്ക്കുമെന്ന് ആ പുണ്യശ്ലോകൻ കരുതിയിരിക്കാം. പക്ഷേ, ഒന്നും സംഭവിച്ചില്ല. മുറിക്കു പുറത്തിറങ്ങി വരാന്തയിലൂടെ പലപ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും നടന്നുനോക്കി. ഇതൊന്നും കവഞ്ചി കവർന്നെടുത്തിരുന്ന മാന്യദേഹം അറിയുന്നില്ല. അവസാനം അച്ചൻ അയാളെ സ്നേഹപൂർവ്വം പിടിച്ചെഴുന്നേല്പിച്ചു, നടത്തി, അയാളുടെ കിടക്കയിൽ കൊണ്ടുപോയി കിടത്തി. കുട്ടികളെല്ലാവരും നല്ല ഉറക്കത്തിലായിരുന്നു. ഈ സംഭവം ആരും അറിഞ്ഞതേയില്ല. പക്ഷേ, 'പ്രതി' ക്ക് എല്ലാം തെളിഞ്ഞ ഒരു സ്വപ്നം പോലെ അനുഭവപ്പെട്ടു.

ഈ സംഭവത്തെക്കുറിച്ചു വാർഡനും വാർഡും തമ്മിൽ സംസാരിച്ചോ എന്നു വ്യക്തമല്ല. ഏതായാലും പഠനം പൂർത്തിയാവുന്നതുവരെ അയാൾ ആ ഹോസ്റ്റലിൽത്തന്നെ ആയിരുന്നെന്നും, ആ സംഭവം അയാളുടെ ജീവിതത്തിൽ ഒരുവഴിത്തിരിവായിരുന്നെന്നും, അയാൾക്കതൊരു വലിയ പാഠമായിരുന്നെന്നും അതിൽപ്പിന്നെ ഒരിക്കലും തുള്ളിപോലും മദ്യപിച്ചിട്ടില്ലെന്നും, പില്ക്കാലത്ത് അയാൾ ഒരു സുഹൃത്തിനു വെളിപ്പെടുത്തി. ആ സുഹൃത്തിൽ നിന്നാണ് ഈയുള്ളവൻ ഈ വിവരമറിയുന്നത്. ആ സുഹൃത്ത് എന്നോടു സംസാരിക്കുമ്പോൾ അദ്ദേഹത്തിനു നല്ല പ്രായമുണ്ടായിരുന്നു. വിവരമെല്ലാം കേട്ടപ്പോൾ ഞാൻ എന്നോട് ഇങ്ങനെ ഒരു ചോദ്യം ചോദിച്ചു: കാവുകാട്ടച്ചന്റെ സ്ഥാനത്തു നീ ആയിരുന്നെങ്കിൽ നീ എന്തു ചെയ്യുമായിരുന്നു! മാന്യവായനക്കാരനായിരുന്നു അദ്ദേഹത്തിന്റെ സ്ഥാനത്തെങ്കിൽ, എന്തുചെയ്യുമായിരുന്നു?

കാവുകാട്ടച്ചന്റെ ചാരുകസേരയുടെ ദൗർഭാഗ്യം

വാർഡന്റെ അസാന്നിദ്ധ്യത്തിൽ


പാവനഹൃദയൻ ആളെ തിരിച്ചറിഞ്ഞു

സ്നേഹപൂർവ്വം പിടിച്ചെഴുന്നേല്പിച്ചു നടത്തി

അത്ഭുതാവഹവും വിശുദ്ധനു ചേർന്നതുമായ പ്രതികരണം



## കർദ്ദിനാൾ മാർ ആന്റണി പടിയറ



മാർ ആന്റണി പടിയറ

സെന്റ് ബർക്കുമാൻസ് ഹൈസ്ക്കൂളിന്റെ സന്താനമായ പുണ്യപിതാവ് സെന്റ് ബർക്കുമാൻസ് കോളജിന്റെ നാലാമത്തെ രക്ഷാധികാരിയായതു ദൈവപരിപാലനയുടെ ആവിഷ്കാരമാണ്. ദൈവദാസൻ കാവുകാട്ടു പിതാവിന്റെ ശവസംസ്കാരത്തിൽ സംബന്ധിക്കാനെത്തിയ പിതാക്കന്മാർ ഭക്ഷണശാലയിലെ കസേരകളിൽ ഇരിപ്പുറപ്പിച്ചിരിക്കയാണ്. തന്റെ മാതൃരൂപതയുടെ മെത്രാപ്പോലീത്തായും ഏവരെയും പിതൃതുല്യം സ്നേഹിക്കുകയും ചെയ്തിരുന്ന കാവുകാട്ടുപിതാവിന്റെ ശവസംസ്ക്കാരശുശ്രൂഷയ്ക്ക് ഊട്ടിയിൽ നിന്നു പടിയറപ്പിതാവും എത്തിയിരുന്നു. അദ്ദേഹം അല്പം താമസിച്ചാണ് ഊട്ടുമുറിയിലെത്തിയത്. സീറ്റുകിട്ടാതെ വിഷണ്ണഭാവത്തിൽ നിന്ന പടിയറപ്പിതാവിനോടു മറ്റുമെത്രാന്മാർ, ഏവരും ആദരിച്ച കാവുകാട്ടുപിതാവിനോടുള്ള സ്നേഹാദരസൂചകമായി ഒഴിച്ചിട്ടിരുന്ന കാവുകാട്ടു പിതാവിന്റെ കസാല ചൂണ്ടിക്കാട്ടി, ഏകകണ്ഠമായി, ആ കസാല ഇരുപ്പിടമാക്കാൻ പടിയറപ്പിതാവിനോട് അഭ്യർത്ഥിച്ചു. അനന്യഗതിയായ പടിയറപ്പിതാവ് പാവനമായ ആ ഇരുപ്പിടത്തിൽത്തന്നെ ഇരുന്നു. ഈ അവിചാരിത സംഭവം ഒരു വലിയ ദൈവപരിപാലനയുടെ നാന്ദിയായിക്കാണാം.

നാലാമത്തെ രക്ഷാധികാരി

തികഞ്ഞ മിഷനറി ആകാരം! രൂപാനുഗുണമായ പ്രജ്ഞ, ഗാംഭീര്യം! ഇംഗ്ലീഷ്, തമിഴ്, മലയാള ഭാഷകളുടെ നടനരംഗമായ രസനാഗ്രം, ആരെയും ആകർഷിക്കുന്ന സ്വീകരണ വ്യഗ്രത, എല്ലാം ഒത്തിണങ്ങിയ മഹാനുഭാവനായിരുന്നു സെന്റ് ബർക്കുമാൻസിന്റെ നാലാമത്തെ രക്ഷാധികാരി. സെന്റ് ബർക്കുമാൻസ് ഹൈസ്ക്കൂളിലെ തന്റെ അധ്യാപകനും, മൂന്നു പന്തീരാണ്ടുകാലം കോളജിനു പുണ്യപുഷ്കലമായ ശുശ്രൂഷ കാഴ്ചവച്ചശേഷം, വിശ്രമാർത്ഥം സ്വദേശമായ ആനക്കല്ലിനു പോകാൻ നിർബന്ധിതനുമായ, പുണ്യവാനായ ഊപ്പച്ചന്, 1971 ജൂലൈ ഒമ്പതാംതീയതി നല്കിയ, ഹൃദ്യവും ഹൃദയസ്പർശിയുമായ യാത്രയയപ്പു സമ്മേളനത്തിൽ, അധ്യക്ഷപദം അലങ്കരിക്കാൻ കിട്ടിയ അനുഗ്രഹം പടിയറപ്പിതാവു വിശിഷ്ടമായി മാത്രമേ കരുതിയിരിക്കയുള്ളു.

പുണ്യവാൻ ഊപ്പച്ചന്റെ ശിഷ്യൻ

1970-'71 ലെ കലാലയദിനത്തിനു വിശിഷ്ടാതിഥിപദം അലങ്കരിച്ചതും പടിയറപ്പിതാവു തന്നെയായിരുന്നു. 1965ൽ കുര്യാളശ്ശേരിലച്ചൻ ആരംഭിച്ച കലാലയവികസന പരിപാടിയുടെ ഒരു തുടർച്ച എന്ന നിലയിൽ 1971 ജനുവരി പതിനാറു മുതൽ മുപ്പത്തൊന്നുവരെ സെന്റ് ബർക്കുമാൻസിൽ ഒരു കലാമഹോത്സവം കൊണ്ടാടുകയുണ്ടായി. അധ്യാപകാധ്യേതാക്കളുടെയും രക്ഷാകർത്താക്കളുടെയും നിർലോഭമായ സഹായസഹകരണം കാവുകാട്ടുഹോളിന്റെ ധനഭാഗത്തിന്റെ ഒന്നാംപടി ഉറപ്പിച്ചെന്നു പറയാം. 1971 ആഗസ്റ്റ് പതിനഞ്ചാം തീയതി, സുവർണ്ണജൂബിലി സ്മാരകമായ ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചശേഷം, പടിയറപ്പിതാവു പറഞ്ഞു: "കാവുകാട്ടുപിതാവു തിരുമനസ്സുകൊണ്ട് ഉപയോഗിച്ചിരുന്ന ഷവർലെ കാർ, ഓഡിറ്റോറിയത്തിന്റെ ധനശേഖരണാർത്ഥം, ഞാൻ സമ്മാനിക്കുന്നു." തിരുമേനിയുടെ സമ്മാനം, ഒരു വലിയ പടർന്നുപന്തലിപ്പിന്റെ നാന്ദിയായിരുന്നു. ശില്പകലാലാളിത്യ വൈചിത്ര്യങ്ങൾക്കു മൂർത്തി

സുവർണ്ണജൂബിലി സ്മാരകമായ കാവുകാട്ടുഹോളിന്റെ വെഞ്ചരിപ്പ്

മിതാനം നല്കുന്നതും, ദക്ഷിണോത്തരം കണ്ടതിലേക്കും വലുതും, മേൽത്തട്ടിലും കീഴ്ത്തട്ടിലുമായി, മൂവായിരത്തിയിരുന്നൂറിലധികം പ്രേക്ഷകരെ ഇരുത്തി രസിപ്പിക്കുന്നതും, കാവുകാട്ടുപിതാവിന്റെ പാവനസ്മരണ നിലനിർത്തുന്നതും, ഇതിന്റെയെല്ലാം വിധാതാവെന്നു പറയത്തക്കവണ്ണം, കുര്യാളശ്ശേരിലച്ചൻ കഠിനപ്രയത്നം കൊണ്ടു നേടിയതും കോളജിന്റെ സുവർണ്ണജൂബിലി സ്മാരകമായി, താൻ തന്നെ ശിലാസ്ഥാപനം നടത്തിയതുമായ, കാവുകാട്ടുഹാൾ 1974 ജനുവരി ഒന്നാം തീയതി പടിയറപ്പിതാവ് തന്നെ ആശീർവദിക്കുകയും ചെയ്തു.

കാവുകാട്ടുപിതാവിന്റെ ഛായാചിത്രം അനാച്ഛാദനം ചെയ്തുകൊണ്ട്, അദ്ദേഹത്തിന്റെ സതീർത്ഥ്യനും ഒപ്പം പുരോഹിത, മെത്രാൻ പട്ടങ്ങൾ സ്വീകരിക്കുകയും ചെയ്ത വയലിൽപ്പിതാവു (പാലാരൂപതയുടെ പ്രഥമമെത്രാൻ) ചെയ്ത പ്രസംഗം സഹസ്രോപസഹസ്രം വിദ്യാർത്ഥിനീവിദ്യാർത്ഥികളിലും അധ്യാപകാനധ്യാപകരിലും ആചാര്യരിലും പൗരാവലിയിലും സംജാതമാക്കിയ സാംസ്കാരാനുഭൂതി പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. കോളജ് സുവർണ്ണജൂബിലിയാഘോഷത്തിന്റെ ദിവ്യനാന്ദി!

ഈ വിശാലമണ്ഡപത്തിൽ വച്ചു നടന്ന സമാപനസമ്മേളനത്തിൽ കലാലയരക്ഷാധികാരി പടിയറപ്പിതാവു സ്വതസിദ്ധമായ വാഗ്ധാടിയോടെ നടത്തിയ സ്വാഗതപ്രസംഗം ആർക്കും വിസ്മരിക്കാനാവില്ല. സെന്റ് ബർക്കുമാൻസ് വിജയിപ്പൂതാക!

## കല്ലറയ്ക്കൽ പിതാവ്

എന്റെ സെന്റ് ബർക്കുമാൻസിന്റെ ഒരു വലിയ ഉപകാരിയാണ് 'കുബേരാവർത്തം' എന്നു പ്രഖ്യാതമായ കാഞ്ഞിരപ്പള്ളിയിൽ കുബേരകുമാരനായി പിറന്ന യാക്കോബ്. കാലക്രമത്തിൽ അദ്ദേഹം പുരോഹിതനായി. മൂന്നു തവണ ചങ്ങനാശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേറ്റർ പദം, അഭിനന്ദനാർഹമായ രീതിയിൽ, അലങ്കരിക്കുകയും സുദീർഘമായ ഒരു കാലഘട്ടം സെന്റ് ബർക്കുമാൻസ് കോളജിന്റെ മാനേജരായിരിക്കുകയും ചെയ്തു. 'മക്കൾ' മെത്രാന്മാരെയെന്നവണ്ണം ആദരവോടെ പിതാവ് എന്ന് അദ്ദേഹത്തെ വിളിച്ചാദരിച്ചിരുന്നു. മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ, അഡ്മിനിസ്ട്രേറ്റർ എന്ന പദവിയിൽ കോളജിന്റെ താല്ക്കാലിക രക്ഷാധികാരിയും ആയിരുന്നു.

ധന്യൻ കുര്യാളശ്ശേരിപ്പിതാവിന്റെ സെക്രട്ടറി എന്ന നിലയിലും 1919 മുതൽ വികാരി ജനറൽ എന്ന നിലയിലും ചങ്ങനാശ്ശേരി രൂപതയ്ക്കും സെന്റ് ബർക്കുമാൻസിനും അമൂല്യസേവനങ്ങൾ കാഴ്ചവച്ച ഈ മഹാനുഭാവനു കുര്യാളശ്ശേരിപ്പിതാവു വഴി ഡൊമസ്റ്റിക് പ്രിലേറ്റ് സ്ഥാനവും പരിശുദ്ധസിംഹാസനം യഥാസമയം സമ്മാനിക്കുകയുണ്ടായി.

കുര്യാളശ്ശേരിപ്പിതാവു കാലം ചെയ്തുകഴിഞ്ഞു വെടിക്കുന്നിൽ പിതാവു പണിയിപ്പിച്ച കെട്ടിടത്തിലേക്കു കോളജു മാറ്റിയത് കല്ലറയ്ക്കൽ പിതാവിന്റെ അഡ്മിനിസ്ട്രേറ്റർ ഭരണത്തിന്റെ പ്രാരംഭത്തിലാണ്. പുരയ്ക്കലച്ചന്റെ സദുദ്യമങ്ങളെ സഹർഷം പ്രോത്സാഹിപ്പിച്ച ഈ മതിശാലി രക്ഷാധികാരിയായിരുന്ന

മൂവായിരത്തി ഇരുനൂറിലധികം പ്രേക്ഷകരെ ഉൾക്കൊള്ളുന്നു.

കാവുകാട്ടുപിതാവിന്റെ ഛായാചിത്രം അനാച്ഛാദനം വയലിൽപ്പിതാവ്

സുവർണ്ണജൂബിലി ആഘോഷത്തിന്റെ നാന്ദി

സുദീർഘമായ കാലഘട്ടം സെന്റ് ബർക്കുമാൻസിന്റെ മാനേജർ

അഡ്മിനിസ്ട്രേറ്റർ എന്ന പദവിയിൽ രക്ഷാധികാരി

സെന്റ് ബർക്കുമാൻസ് കോളജ് വെടിക്കുന്നിലുള്ള കുര്യാളശ്ശേരി ബ്ലോക്കിലേക്ക്

സെന്റ് ബർക്കുമാൻസ്
ഫസ്റ്റ് ഗ്രേഡ് കോളജ്

കാലത്തുതന്നെയാണ് എന്റെ സെന്റ് ബർക്കുമാൻസ് ഫസ്റ്റ് ഗ്രേഡായത്. അന്ന് സുവോളജിക്കും ബോട്ടണിക്കും പതിനഞ്ചുവിദ്യാർത്ഥികളെ വീതം ചേർക്കാനുള്ള അനുവാദമാണ് മദ്രാസ് സർവ്വകലാശാല നല്കിയത്.

സുദീർഘകാലഘട്ടം
സെന്റ് ബർക്കുമാൻസ്
കോളജിന്റെ മാനേജിംഗ്
ബോർഡു ചെയർമാ
നായിരുന്ന മഹാരഥൻ

## റൈറ്റ് റവ. ഡോ. എൽ. ജെ. ചിറ്റൂർ

ദീർഘകാലം സെന്റ് ബർക്കുമാൻസ് മാനേജിംഗ് ബോർഡിന്റെ ചെയർമാനായിരുന്ന ഈ മഹാരഥൻ പത്തുമാസക്കാലം അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ കോളജിന്റെ രക്ഷാധികാരിയുമായി. 1937 ജൂൺ മുതൽ 1940 ആഗസ്റ്റു പതിനൊന്നു വരെ ചിറ്റൂരച്ചൻ സെന്റ് ബർക്കുമാൻസിൽ (അക്കാലത്തൊന്നും ലേഖകൻ ജനിച്ചിട്ടില്ലെങ്കിലും) മതാധ്യാപകൻ, സേക്രഡ് ഹാർട്ട് ഹോസ്റ്റൽ വാർഡൻ എന്നീ നിലകളിൽ തന്റെ വിലയേറിയ സേവനം സെന്റ് ബർക്കുമാൻസിനു സമ്മാനക്കുകയുണ്ടായി. ഒന്നാന്തരം വാഗ്മി, സയുക്തികമായ ലേഖനങ്ങളുടെ കർത്താവ്, ചിന്തകൻ, പണ്ഡിതൻ ഈ നിലകളിൽ അദ്ദേഹം അതിരൂപതയ്ക്കും സമുദായത്തിനും കാഴ്ച വച്ച സേവനങ്ങളെ കണക്കിലെടുത്ത് കാവുകാട്ടുപിതാവ് അദ്ദേഹത്തെ അതിരൂപതയുടെ വികാരിജനറലായി അവരോധിച്ചു. ചിറ്റൂരച്ചന്റെ സാകല്യസേവനപാരമ്പര്യം കണക്കിലെടുത്ത് കാവുകാട്ടുപിതാവ് അദ്ദേഹത്തിനു ഡൊമസ്റ്റിക് പ്രീലേറ്റ് സ്ഥാനം ശുപാർശ ചെയ്തു. പരിശുദ്ധ സിംഹാസനം പ്രസ്തുത ബഹുമതി കൊണ്ട് അച്ചനെ അനുഗ്രഹിച്ചു. ഒരു വിശുദ്ധനെ ഭരണ കാര്യങ്ങളിൽ സഹായിക്കുകയെന്ന അസുലഭാനുഗ്രഹമാണു ചിറ്റൂരച്ചനു കൈവന്നത്. തിരുമേനിയെ അകൃതവചസ്സുകളോടെ സഹായിച്ചു ശീലിച്ച ചിറ്റൂരച്ചന്റെ അഡ്മിനിസ്ട്രേറ്റർ ഭരണകാലം പ്രസിദ്ധിയാർജ്ജിച്ചു. ഈ മഹാനുഭാവനോടൊപ്പം ഒരുവർഷം പാറേൽ പള്ളിയിൽ താമസിച്ച് honorary assistant ആയിരിക്കാൻ സാധിച്ചത് അനുഗ്രഹമായി. അദ്ദേഹത്തിന്റെ സ്നേഹവാത്സല്യങ്ങളും പരിഗണനയും ലേഖകന് ഏറെ പ്രോത്സാഹനമായിട്ടുണ്ടെന്ന വസ്തുത നന്ദിപൂർവ്വം സ്മരിക്കുന്നു.

ചിന്തകൻ
പണ്ഡിതൻ

ഡൊമസ്റ്റിക് പ്രിലേറ്റ്

## പവ്വത്തിൽപ്പിതാവ്

സെന്റ് ബർക്കുമാൻസ് കോളജിനെ സംബന്ധിച്ചിടത്തോളം ബഹുമുഖസാംഗത്യമുള്ള വ്യക്തിയാണ്, അഭിവന്ദ്യപവ്വത്തിൽ പിതാവ് - പൂർവ്വവിദ്യാർത്ഥി, പൂർവ്വധ്യാപകൻ, വാർഡൻ, ചാപ്ലിൻ, മാനേജർ, രക്ഷാധികാരി. ഇങ്ങനെയൊന്ന് അവകാശപ്പെടാൻ മറ്റാരെങ്കിലും ഉണ്ടെന്ന് തോന്നുന്നില്ല. കാളാശേരിപ്പിതാവ്, അധ്യാപകൻ, വൈസ്പ്രിൻസിപ്പൽ, രക്ഷാധികാരി എന്നീ മൂന്ന് ഭാവങ്ങൾക്കുടമയാണ്. ദൈവദാസൻ കാവുകാട്ടുപിതാവ് പ്രഥമബാച്ചിലെ വിദ്യാർത്ഥിയും അധ്യാപകനും വാർഡനും രക്ഷാധികാരിയുമായിരുന്നു. ആറുരക്ഷാധികാരികളിൽ നാലു പേർ സെന്റ് ബർക്കുമാൻസിന്റെ സന്താനങ്ങൾ തന്നെ. ഇപ്പോഴത്തെ രക്ഷാധികാരി പെരുന്തോട്ടം പിതാവും ഒരുവർഷം സെന്റ് ബർക്കുമാൻസിൽ പഠിച്ചിട്ടുണ്ട്. തന്റെ ബഹുമുഖപദവികളിൽ മാതൃകലാലയത്തിനു പവ്വത്തിൽപിതാവു ചെയ്ത സേവനങ്ങൾ നിസ്തുലങ്ങളാണ്. വലിയൊരുവിദ്യാഭ്യാസവിചക്ഷണ



മാർ ജോസഫ്
പവ്വത്തിൽ

നാണദ്ദേഹം. ബിരുദാനന്തരബിരുദം പ്രശസ്തമാംവിധം കരസ്ഥമാക്കിക്കഴിഞ്ഞ്, ഒരുവർഷംകൂടി പ്രാർത്ഥിച്ച്, ദൈവത്തോട് ആലോചനതേടിയാണദ്ദേഹം തന്റെ അത്യുദാത്തമായ ദൈവവിളി സ്വീകരിച്ചത്. വിദ്യാഭ്യാസരംഗത്തു പിതാവു ചെയ്തിട്ടുള്ള, ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്ന, സേവനങ്ങൾ കേരളജനതയ്ക്ക് ഒരിക്കലും വിസ്മരിക്കാനാവില്ല. പഠനവും മനനവും വിചിന്തനവും വിലയിരുത്തലും ആഴമേറിയ ബോധ്യങ്ങളുമെല്ലാം നന്നേ ചെറുപ്പം മുതലേ പിതാവിനു കൈമുതലുകളാണ്; അവയെല്ലാം മറ്റുള്ളവർക്ക് അനുഗ്രഹങ്ങളും. വിദ്യാഭ്യാസമേഖലയിൽ വലിയൊരു 'കുരിശുയുദ്ധം' തന്നെയാണ് അദ്ദേഹം നയിച്ചുകൊണ്ടിരിക്കുന്നത്. കരുണാമയന്റെ കരങ്ങളും കടാക്ഷവും താങ്ങും തണലുമായി എപ്പോഴും പിതാവിനോടൊപ്പം ഉണ്ടായിരിക്കട്ടെയെന്ന് ആശംസിക്കുന്നു. പ്രവാചകദൗത്യം നിർഭയം തുടർന്നു സഭയെയും വിദ്യാഭ്യാസമേഖലയെയും ചെന്നായ്ക്കളിൽ നിന്നു നിഷ്പ്രയാസം രക്ഷപ്പെടുത്താൻ ഈ സെന്റ് ബർക്കുമാൻസ് പ്രേമിക്കു സാധിക്കട്ടെ!

പഠനം
മനനം
വിചിന്തനം
വിലയിരുത്തൽ

പ്രവാചകദൗത്യവുമായി
നിർഭയം



2

# കത്തോലിക്കാസഭയും വിദ്യാഭ്യാസമേഖലയും

**വിശുദ്ധനാകാൻ വിളിക്കപ്പെട്ടവൻ**

ദൈവത്തെ അറിയുക, സ്നേഹിക്കുക, അവിടുത്തെ പ്രമാണങ്ങളനുസരിച്ചു ജീവിക്കുക, ദൈവമക്കൾക്കു സ്നേഹസേവനം ചെയ്യുക,അങ്ങിനെ അവിടുത്തെ മഹത്വപ്പെടുത്തുക, സ്വർഗ്ഗം പൂകി സാനന്ദം നിത്യം ജീവിക്കുക ഈ സമസ്യയ്ക്കാണ്. സർവ്വേശ്വരൻ മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചത്. മറ്റു വാക്കുകളിൽ, വിശുദ്ധനാകാൻ വിളിക്കപ്പെട്ടവനാണ് ഓരോ മനുഷ്യവ്യക്തിയും. "വിശുദ്ധമായവ, വിശുദ്ധിയോടെ ചെയ്യുന്നവർ, വിശുദ്ധരാകും; അവ അഭ്യസിക്കുന്നവർ രക്ഷ കണ്ടെത്തും; രക്ഷ കണ്ടെത്തുന്നതിന് യഥാർത്ഥ ജ്ഞാനം അത്യന്താപേക്ഷിതമാണ് " (ജ്ഞാനം 6:10–11)

**ജനതകളുടെ പ്രകാശമായ ക്രിസ്തു**

ജനതകളുടെ പ്രകാശമായ ക്രിസ്തുവിന്റെ ഏകവും ഏറ്റവും വിശുദ്ധവും സാർവ്വത്രികവും ശ്ലൈഹികവുമായ സഭ മേല്പറഞ്ഞ മഹാസത്യങ്ങൾ ഉൾക്കൊണ്ടാണ് അതിന്റെ വിദ്യാഭ്യാസ നയം ആവിഷ്ക്കരിച്ചിരിക്കുന്നത്. മാനവസംസ്ക്കാരത്തിന്റെ സുഗമമായ പുരോഗതിക്കു ശാസ്ത്ര സാഹിത്യ ചരിത്ര കലാ മണ്ഡലങ്ങളിലെല്ലാം അറിവു സമ്പാദിക്കുകയും ആ അറിവു വർദ്ധിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണല്ലോ.

**സെന്റ് ബർക്കുമാൻസിന്റെ ഉത്ഭവം**

സെന്റ് ബർക്കുമാൻസ് ഹയർ സെക്കണ്ടറിസ്കൂളിന്റെ ചരിത്രസ്മരണികയ്ക്ക് അഭിവന്ദ്യ പവ്വത്തിൽ പിതാവ് എഴുതിയിരിക്കുന്ന അവതാരികയുടെ ആമുഖവാക്യങ്ങൾ ഏറെ ശ്രദ്ധേയമാണ്. "ചരിത്രാന്വേഷണവും ചരിത്രപഠനവും സാംസ്കാരിക പ്രവർത്തനങ്ങളിൽ വളരെ പ്രധാനപ്പെട്ടവയാണ്. ചരിത്രം അറിയുമ്പോഴാണ് നാം നമ്മെത്തന്നെ ശരിയായി അറിയുന്നത്. അതു നമുക്ക് അഭിമാനിക്കാൻ വക നൽകുമ്പോൾത്തന്നെ തിരുത്തലുകൾക്കു വേണ്ടിയുള്ള ദാഹം നമ്മിൽ സൃഷ്ടിക്കുകയും ചെയ്യുന്നു."

**ലവീഞ്ഞു പിതാവ്**

ഇതേത്തുടർന്ന് പലർക്കും അറിവില്ലാത്ത ഒരു വലിയ ചരിത്രസത്യം പിതാവു പറയുന്നുണ്ട്. "സെന്റ് ബർക്കുമാൻസ് കോളജിന്റെ പ്രാരംഭഘട്ടമായി കണ്ടുകൊണ്ടാണ് ഭാഗ്യസ്മരണാർഹനായ റൈറ്റ് റവ. ഡോ. ചാൾസ് ലവീഞ്ഞ് എസ്.

ജെ. സെന്റ് ബെർക്കുമാൻസ് ഹൈസ്ക്കൂൾ തുടങ്ങിയത്. യൂണിവേഴ്സിറ്റിയോട് (മദ്രാസ്) അഫിലിയേറ്റ് ചെയ്ത് ആരംഭിച്ച വിദ്യാഭ്യാസസ്ഥാപനമെന്ന നിലയിൽ കോളജിന്റെ പ്രാരംഭമായിത്തന്നെ ഇതിനെ പരിഗണിക്കുന്നതു ചരിത്രത്തിനു നിരക്കുന്നതു തന്നെ."

ചരിത്രത്തിനു നിരക്കുന്നതു തന്നെ

രണ്ടാം വത്തിക്കാൻ കൗൺസിൽ വളരെ അവധാനതയോടെ പരിചിന്തിച്ച ഒരു വിഷയമാണു വിദ്യാഭ്യാസം. മനുഷ്യജീവിതത്തിൽ വിദ്യാഭ്യാസത്തിനുള്ള പരമമായ പ്രാധാന്യം, ആധുനികയുഗത്തിലെ സാമൂഹികപുരോഗതിയിൽ വിദ്യാഭ്യാസം ചെലുത്തിക്കൊണ്ടിരിക്കുന്ന നിർണ്ണായക സ്വാധീനം, ഇവ കണക്കിലെടുത്ത് യുവജനങ്ങൾക്കു വിദ്യാഭ്യാസം നല്കണം, വിദ്യാഭ്യാസകാലത്തിനുശേഷവും ആവുംവിധം പഠനം തുടരുക, ഇത്യാദി നിർദ്ദേശങ്ങളും കൗൺസിൽ മുമ്പോട്ടു വച്ചിട്ടുണ്ട്. ആധുനിക പരിതസ്ഥിതികൾ കൂടുതൽ സുഖകരവും അതേ സമയം അടിയന്തിര പ്രാധാന്യമുള്ളതുമാണെന്നും കൗൺസിൽ വ്യക്തമാക്കിയിട്ടുണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിലും വിദ്യാഭ്യാസവും

വാഴ്ത്തപ്പെട്ട ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ രണ്ടാം വത്തിക്കാൻ കൗൺസിൽ സ്വപ്നം കാണുന്നതിന് അര നൂറ്റാണ്ടു മുമ്പ് തന്നെ മൊറ്റ്. റവ. ഡോ. ചാൾസ് ലവീഞ്ഞ്, ചങ്ങനാശ്ശേരിയുടെ പ്രഥമ മെത്രാൻ, മധ്യതിരുവിതാംകൂറിൽ ഉന്നതവിദ്യാഭ്യാസം തുടങ്ങിവയ്ക്കുന്നതിന്റെ സാംഗത്യവും പ്രാധാന്യവും മനസ്സിലാക്കി. അതിനായി അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു.

ലവീഞ്ഞുപിതാവ് ദീർഘവീക്ഷണപടു

തിരുസിംഹാസനം, കാരുണ്യപൂർവ്വം തിരുമേനിയെ മെത്രാനായി നിയമിച്ചു കഴിഞ്ഞ്, വൈകാതെ അദ്ദേഹം ചങ്ങനാശ്ശേരിക്കു പുറപ്പെട്ടു. പുറപ്പെടുന്നതിനു മുമ്പു പിതാവ്, തന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, രൂപതയ്ക്ക് ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്നതിനുള്ള ശ്ലൈഹികാനുവാദം വാങ്ങിയിരുന്നു. അനന്തരമേ തന്റെ നൂതന ദൗത്യത്തിന് അഭിവന്ദ്യപിതാവ് കേരളക്കരയിലേയ്ക്കു കപ്പൽ കയറിയുള്ളു. 1888 മെയ് 20 ന് തിരുമനസ്സുകൊണ്ട് മെത്രാനായി ചാർജെടുക്കുകയും ചെയ്തു.

രൂപതയ്ക്ക് ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം

1891 ഫെബ്രുവരി 3-ന് തന്റെ ലക്ഷ്യപ്രാപ്തിക്കുള്ള പ്രാരംഭപടിയായി ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ റെക്ടറിയിൽ ഇ. എസ്. എസ്. എൽ. സി., പ്രീ ഇ. എസ്. എസ്. എൽ. സി. എന്നീ ക്ലാസ്സുകൾ ആരംഭിച്ചു. പ്രസ്തുത സ്കൂളിനു പിതാവു നല്കിയ വിശിഷ്ട നാമം, 'സെന്റ് ബർക്കുമാൻസ് കോളജ്' എന്നായിരുന്നുവെന്നും അന്യത്ര സൂചിപ്പിച്ചിട്ടുള്ളതാണ്. ഒരു കോളജ് തുടങ്ങുന്നതിനുള്ള ഉത്കടമായ അഭിവാഞ്ഛയാണ് പ്രസ്തുത പേരു നല്കാൻ പിതാവിനെ പ്രേരിപ്പിച്ചത്. ആ വഴിക്കു ചിന്തിക്കുമ്പോൾ സെന്റ് ബർക്കുമാൻസ് കോളജിന്റെ പ്രാരംഭത്തീയതി 1891 ഫെബ്രുവരി 3 ആയി കണക്കാക്കേണ്ടി വരും! അങ്ങനെ വരുമ്പോൾ, സെന്റ് ബർക്കുമാൻസ് കലാലയമുത്തശ്ശിയുടെ 'ശതോത്തര രജത ജൂബിലിയുടെ' കാലം കണ്ണെത്തും ദൂരത്തും കയ്യെത്തും ദൂരത്തും ആയിരിക്കുന്നു!

സെന്റ് ബർക്കുമാൻസ് കോളജ്

പ്രാരംഭം 1891, ഫെബ്രു.3



**നിരവധി കടമ്പകൾ**

കോളജ് സ്ഥാപനയജ്ഞത്തിൽ കർമ്മധീരനായിരുന്ന, അർപ്പിതചേതസ്സായിരുന്ന, ലവീഞ്ഞ് പിതാവിനു നിരവധി കടമ്പകൾ കടക്കേണ്ടിയിരുന്നു. അനുയോജ്യമായ ഒരു സ്ഥലം കണ്ടുപിടിക്കുകയെന്നതു തന്നെയായിരുന്നു ആദ്യത്തെ പ്രശ്നം. ചങ്ങനാശ്ശേരിയുടെ ഹൃദയഭാഗത്തുള്ള, ഇപ്പോൾ സെന്റ് ബർക്കുമാൻസ് കോളജ് സ്ഥിതി ചെയ്യുന്ന, വെടിക്കുന്നു പരിച്ചു വാങ്ങാൻ 1896 ൽ സർവ്വവല്ലഭൻ പിതാവിനെ പ്രാപ്തനാക്കിക്കൊണ്ട്  പ്രഥമപ്രശ്നം പരിഹരിച്ചു കൊടുത്തു. പണികൾ ആരംഭിക്കുന്നതിനുള്ള കല്ലുകൾ പിതാവു വെട്ടിച്ചു ശേഖരിച്ചു വയ്ക്കുകയും ചെയ്തുവെന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ.

ബൃഹത്തായ തന്റെ പദ്ധതിക്ക് ആവശ്യമായ മൂലധനം കണ്ടെത്തുകയെന്നതായിരുന്നു പിതാവിനു നേരിടേണ്ടി വന്ന രണ്ടാമത്തെ പ്രശ്നം. ഈ 'മഞ്ഞുമല' ഉരുക്കാൻ തിരുവിതാംകൂർ നിവാസികളെക്കൊണ്ട് ആവില്ലെന്നു ഗ്രഹിച്ച പിതാവ് ഉദ്ദിഷ്ടകാര്യസാധ്യത്തിനായി ജന്മദേശമായ പാരീസിലേക്കു തന്നെയാണ് കണ്ണു നട്ടത്. സമയം ഒട്ടും നഷ്ടപ്പെടുത്താതെ അദ്ദേഹം പാരീസിലേക്കു യാത്ര പുറപ്പെട്ടു. ജന്മനാട് സ്വസുതനെ അകമഴിഞ്ഞു സഹായിച്ചു. ധാരാളം പണം സമാഹരിക്കാൻ പിതാവിനു സാധിച്ചു.

**ലവീഞ്ഞു പിതാവിനുള്ള ദൈവ ഹിതം**

കാനാൻ ദേശത്തു കാലുകുത്താൻ കഴിയാതെ പോയ മോശയെപ്പോലെ, ചങ്ങനാശ്ശേരിക്കു മടങ്ങിവരാൻ ആ മഹാനുഭാവനു സാധിച്ചില്ല. സമാഹരിച്ച പണം മറ്റൊരു നല്ല കാര്യത്തിനായി ചെലവഴിക്കപ്പെടണമെന്നതായിരുന്നു തിരുഹിതം. പിതാവിനെ ചങ്ങനാശ്ശേരിയുടെ മെത്രാൻ സ്ഥാനത്തു നിന്നു മാറ്റി സിലോണിൽ ട്രിങ്കോമാലി എന്ന പ്രദേശത്തെ മെത്രാനായി പരിശുദ്ധ സിംഹാസനം നിയമിച്ചു. സെന്റ് ബർക്കുമാൻസ് കോളജിനു വേണ്ടി അഭിവന്ദ്യപിതാവു സമാഹരിച്ച പണമത്രയും നൂതനദൗത്യമേഖലയിലെ നല്ലവരായ പാവങ്ങളുടെ ഉന്നമനത്തിനായി നിർലോപം ചെലവഴിക്കാൻ ആ 'രക്തസാക്ഷി' ക്കു സാധിച്ചുവെന്നതു ദൈവപരിപാലനയുടെ ഒരു പ്രത്യേകമാനമാണ്.

**മാർ മാത്യു മാക്കീൽ**

ലവീഞ്ഞ് പിതാവിനു പകരമായി ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായി മലയാളിയായ മാത്യു മാക്കിൽ അച്ചൻ നിയമിതനായി. അദ്ദേഹത്തിന്റെ കാലത്തു കോളജിന്റെ സ്ഥാപനം സംഭവിച്ചില്ല. മാക്കിൽ മെത്രാൻ പിന്നീട്, നവമായി രൂപം കൊണ്ട, കോട്ടയം രൂപതയുടെ മെത്രാനായി പോകുകയും ചങ്ങനാശ്ശേരിയിൽ ധന്യൻ കുര്യാളശ്ശേരി പിതാവു നിയമിതനാകുകയും ചെയ്തു.

**ധന്യൻ കുര്യാളശേരി പിതാവ്**

തന്റെ രൂപതാജനത്തിന്റെ വിദ്യാഭ്യാസ കാര്യങ്ങളിൽ സവിശേഷ ശ്രദ്ധ ചെലുത്തിയിരുന്ന വന്ദ്യപിതാവ് സെന്റ് ബർക്കുമാൻസ് ഹൈസ്ക്കൂൾ ഒരു സെക്കന്റ് ഗ്രേഡ് കോളജായി ഉയർത്താൻ തീവ്രമായി ആഗ്രഹിച്ചു. ഇക്കാലയളവിൽത്തന്നെ, 1921 ജൂലായ് മാസത്തിൽ തൃശൂർ രൂപതയുടെ നിയുക്ത മെത്രാൻ ഫാ. ഫ്രാൻസിസ് വാഴപ്പള്ളിയെ അഭിഷേചിക്കാൻ മലബാറിലെ മെത്രാന്മാരെല്ലാവരും തൃശൂരിൽ സമ്മേളിക്കുകയുണ്ടായി.

കുര്യാളശ്ശേരി പിതാവിന്റെ ന്യായമായ ആഗ്രഹം കണക്കിലെടുത്തോ, എന്തോ, സന്നിഹിതരായ മെത്രാന്മാരെല്ലാവരും മധ്യതിരുവിതാംകൂറിൽ, കത്തോ

ലിക്കാ മാനേജ്മെന്റിന്റെ കീഴിൽ, ഒരു കോളജ് സ്ഥാപിതമായി കാണാനുള്ള ആഗ്രഹം, ഒരുമയോടെ, പ്രകടിപ്പിച്ചു. ആഗ്രഹം യാഥാർത്ഥ്യമാക്കാൻ അന്നു ശേഷിയുണ്ടായിരുന്ന ഏകവ്യക്തി കൊല്ലം രൂപതയുടെ മെത്രാനായിരുന്ന റൈറ്റ്. റെവ. ഡോ. ബൻസിഗർ തിരുമേനി മാത്രമായിരുന്നു. എന്നാൽ അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്: അവതരിപ്പിക്കപ്പെട്ട കാര്യം ചങ്ങനാശ്ശേരി രൂപതയ്ക്കേ ഇപ്പോൾ കഴിയൂ. ബിഷപ്പ് തോമസ് കുര്യാളശ്ശേരി സദയം ഈ ഉത്തരവാദിത്വം ഏറ്റെടുക്കട്ടെ. പ്രാരംഭച്ചെലവുകൾക്കായി 15000 രൂപാ (24000 എന്നും പറയുന്നുണ്ട്) ഞാൻ അദ്ദേഹത്തിനു സമ്മാനിക്കുന്നു. സെന്റ് ബർക്കുമാൻസ് കോളജിന്റെ 'സ്ഥാപനവാക്യ' മായിരുന്നു കർമ്മയോഗിയായ ബൻസിഗർ തിരുമേനിയുടെ മഹാമനസ്കത മുറ്റി നില്ക്കുന്ന പ്രസ്തുത പ്രഖ്യാപനം. എല്ലാം ദൈവനിയോഗം! ബൻസിഗർ തിരുമേനിയുടെ മഹാമനസ്കതയ്ക്കു മുമ്പിൽ ശിരസ്സു നമിക്കുന്നു.

മധ്യതിരുവിതാംകൂറിലൊരു കത്തോലിക്കാ ഉന്നത വിദ്യാഭ്യാസ സ്ഥാപനം

ബെൻസിഗർ തിരുമേനി (കൊല്ലം രൂപതാ മെത്രാൻ) സെന്റ് ബർക്കുമാൻസിന് അവിസ്മരണീയൻ

## അഫിലിയേഷനുള്ള അപേക്ഷ

സെന്റ് ബർക്കുമാൻസ് ഹൈസ്കൂൾ മദ്രാസ് യൂണിവേഴ്സിറ്റിയിൽ ഒരു സെക്കന്റ് ഗ്രേഡ് കോളജായി ഉയർത്തുന്നതിനുള്ള അപേക്ഷ 1921 ഒക്ടോബർ 9-നു രൂപത അയച്ചു. ഗ്രൂപ്പ് III ൽ ഇന്ത്യാചരിത്രം, ലോകചരിത്രം, ധനതത്വശാസ്ത്രം ഇവയിൽ ഇന്റർമീഡിയറ്റ് ക്ലാസ്സ് ആരംഭിക്കുന്നതിനുള്ള അനുവാദവും അംഗീകാരവുമാണ് മാനേജ്മെന്റ് ആവശ്യപ്പെട്ടിരുന്നത്. മലയാളം, സംസ്കൃതം, ലത്തീൻ ഇവയാണ് രണ്ടാം ഭാഷകളായി നിർദ്ദേശിച്ചിരുന്നത്. അഫിലിയേഷന് അപേക്ഷ അയച്ച വർഷം തന്നെ അനുവാദം ലഭിച്ചു എന്നത് പ്രത്യേക ദൈവാനുഗ്രഹമാണ്.

എസ്.ബി. എച്ച്.എസ്. സെക്കന്റ് ഗ്രേഡ് കോളജായി ഉയർത്തുക

അനുവദിക്കപ്പെടുന്ന കലാലയത്തിൽ ജാതി, മത, വർഗ്ഗ, വർണ്ണ, വ്യത്യാസമെന്യേ, ഏവർക്കും പ്രവേശനം ഉണ്ടായിരിക്കുമെന്ന് അപേക്ഷയിൽ പ്രത്യേകം വ്യക്തമാക്കിയിരുന്നു. ഇന്നുവരെ ഈ നയത്തിൽ നിന്ന് സെന്റ് ബർക്കുമാൻസ് വ്യതിചലിച്ചിട്ടില്ലെന്നതു നഗ്നസത്യം.

Cosmopolitan college

രൂപതയുടെ മെത്രാൻ, മാനേജർ, പ്രിൻസിപ്പൽ, സീനിയർ പ്രൊഫസ്സേഴ്സ് എന്നിവർ ഉൾക്കൊള്ളുന്ന ഒരു മാനേജിംഗ് ബോർഡായിരിക്കും കോളജിന്റെ ഭരണം നിർവഹിക്കുക എന്നും അപേക്ഷയിൽ വ്യക്തമാക്കിയിരുന്നു. അദ്ധ്യാപക-അനദ്ധ്യാപകരുടെ ലിസ്റ്റ്, ഓരോരുത്തരുടെയും ശമ്പളസ്കെയിൽ, ഇവയും അപേക്ഷയിൽ ഉൾക്കൊള്ളിച്ചിരുന്നു. ഇളം തലമുറയ്ക്കു വേണ്ടി ഇവ ചുവടെ ചേർക്കുന്നു.

ഭരണം മാനേജിംഗ് ബോർഡിന്

ഭരണസമിതി :

1. റൈറ്റ്. റവ. ഡോ. തോമസ് കുര്യാളശ്ശേരി - പ്രസിഡന്റ്
2. റൈറ്റ്. റവ. മോൺ.ജേക്കബ് കല്ലറയ്ക്കൽ - മാനേജർ
3. റവ. ഫാ. മാത്യു പുരയ്ക്കൽ എം. എ - പ്രിൻസിപ്പൽ
4. റവ. ഫാ. ജെയിംസ് കാളാശ്ശേരി ബി. എ., പി.എച്ച്.ഡി., ഡി.ഡി. - ലോജിക് ലക്ചറർ & വൈസ് പ്രിൻസിപ്പൽ



5. റവ. ഫാ. ഡൊമിനിക് തോട്ടാശ്ശേരി എം.എ. (Hons) അസിസ്റ്റന്റ് പ്രൊഫസർ, ചരിത്രം

6. റവ. ഫാ. ജേക്കബ് മമ്പലം, കുറവിലങ്ങാട് പള്ളി വികാരി

അദ്ധ്യാപകർ :

റവ. ഫാ. മാത്യു പുരയ്ക്കൽ എം. എ. - പ്രിൻസിപ്പൽ, പ്രൊഫസർ, ചരിത്രം,

റവ. ഫാ. ഡൊമിനിക്ക് തോട്ടാശ്ശേരി എം.എ. (Hons) അസിസ്റ്റന്റ് പ്രൊഫസർ, ചരിത്രം

ഇംഗ്ലീഷ് പ്രൊഫസർ - ഇനിയും നിയമിക്കപ്പെട്ടിട്ടില്ല.

ഫാ. ജെയിംസ് കാളാശ്ശേരി

റവ. ഫാ. ജെയിംസ് കാളാശ്ശേരി ബി. എ., പി.എച്ച്.ഡി., ഡി.ഡി. - പ്രൊഫസർ, ലോജിക് & വൈസ് പ്രിൻസിപ്പൽ

റവ. ഫാ. സിറിയക് മറ്റം, മലയാളം പണ്ഡിറ്റ്

പ്രഥമ വൈസ് പ്രിൻസിപ്പൽ

റവ. ഫാ. സക്കറിയാസ് വാച്ചാപറമ്പിൽ പി. എച്ച്.ഡി., ഡി.ഡി., പ്രൊഫസർ, ലത്തീൻ,

സംസ്കൃതം മുൻഷി

അനദ്ധ്യാപകർ

ക്ലാർക്ക് - സെബാസ്റ്റ്യൻ മണമേൽ

ദഫേദാർ - കൊച്ചൗത, കുന്നത്ത്

ശമ്പളനിരക്ക് (നിർദ്ദിഷ്ടം)

പ്രിൻസിപ്പൽ - 250 രൂപ - 10 - 300

പ്രൊഫസർ, ഇംഗ്ലീഷ് - 200രൂപ - 10 - 250

അസിസ്റ്റന്റ് പ്രൊഫസർ, ചരിത്രം - 115 രൂപ - 5 -150

മലയാളം പണ്ഡിറ്റ് 50 രൂപ - 5 - 65

സംസ്കൃതം മുൻഷി 50 രൂപ - 5 - 65

പ്രൊഫസർ, ലത്തീൻ 60 രൂപ

കോളജ് തുടങ്ങുന്നതിനുള്ള കെട്ടിടം

പാറേൽ അമലോത്ഭവമാതാവിന്റെ ചാപ്പലിനു സമീപം, പെറ്റി സെമിനാരിക്കു വേണ്ടി കുര്യാളശ്ശേരി പിതാവു പണിയിച്ച കെട്ടിടം.

മദ്രാസ് സർവ്വകലാശാലയുടെ മഹാമനസ്കത

മദ്രാസ് യൂണിവേഴ്സിറ്റി വളരെ താല്പര്യപൂർവ്വം അഫിലിയേഷനുള്ള അപേക്ഷ പരിഗണിച്ചു. 1922 - 23 അദ്ധ്യയനവർഷത്തിൽത്തന്നെ സെന്റ് ബർക്കുമാൻസ് എച്ച്.എസ്. എസ് അപ്ഗ്രേഡ് ചെയ്ത് ഇന്റർമീഡിയറ്റിൽ II ഗ്രേഡ് കോളജായി അംഗീകരിക്കുന്നതിന് തടസ്സമില്ലെന്ന് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിനെ അറിയിച്ച വിവരം, മദ്രാസ് യൂണിവേഴ്സിറ്റിയുടെ രജിസ്ട്രാർ ഫ്രാൻസിസ് ബ്രാഡ്ബറി 1922 ജനുവരി 21 നു തന്നെ മെത്രാനെ എഴുതി അറിയിച്ചു.

3

# സെന്റ് ബർക്കുമാൻസ് കോളജും പുരയ്ക്കലച്ചനും (പ്രഥമപ്രിൻസിപ്പൽ)



ഫാ. മാത്യു പുരയ്ക്കൽ

പാറേൽ തന്നെ കോളജ് ആരംഭിക്കാൻ തീരുമാനമായി. 1905 ൽ പ്രസ്തുത കെട്ടിടത്തിന്റെ പണി ആരംഭിച്ചതാണ്. അഫിലിയേഷൻ കിട്ടുമ്പോഴും പണി പൂർത്തിയായിരുന്നില്ല. ഈ സാമ്പത്തികഭാരം താങ്ങാൻ രൂപതയ്ക്ക് കെല്പില്ലാതിരുന്നതുകൊണ്ട്, ഏതെങ്കിലും നല്ല മാർഗ്ഗം സ്വീകരിച്ചു, പണം ശേഖരിച്ച്, പണി ധൃതഗതിയിൽ പൂർത്തിയാക്കാനും ക്ലാസ്സുകൾ തുടങ്ങുവാൻ അത്യാവശ്യമായ സാധനസാമഗ്രികൾ വാങ്ങാനും 'അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ' പ്രിൻസിപ്പൽ ബ. പുരയ്ക്കൽ മത്തായിച്ചനെ അഭിവന്ദ്യ കുര്യാളശ്ശേരി പ്പിതാവ് ചുമതലപ്പെടുത്തി. ആ മഹാനുഭാവനെ കാണാൻ എനിക്ക് ഭാഗ്യം ഉണ്ടായില്ല. അദ്ദേഹത്തിന്റെ സഹോദരൻ ഈശോ സഭാ വൈദികനെയും ചങ്ങനാശ്ശേരി മാറാട്ടുകളത്തിൽ വിവാഹം കഴിച്ചിരുന്ന സഹോദരിയെയും കാണുകയും പരിചയപ്പെടുകയും സഹോദരിക്ക് നിരവധി തവണ ഈശോയെ എഴുന്നള്ളിച്ച്കൊടുക്കുകയും ചെയ്തിട്ടുണ്ട്.

അസാധ്യകാര്യങ്ങളുടെ മധ്യസ്ഥൻ

മാന്യനും മഹാമനസ്കനും സത്യസന്ധനും നീതിമാനുമായ ശ്രീ. ദേവസ്യാ ജോസഫ് പായിക്കാട്ടിനെ (ചമ്പക്കുളം ദേവസ്യാച്ചൻ) പുരയ്ക്കലച്ചൻ വിവരമെല്ലാം അറിയിച്ചു. ആ നല്ല വ്യാപാരി, നിറഞ്ഞ സന്മനസ്സോടെ, സത്വരം 3000 രൂപാ വായ്പയായി അച്ചനു നൽകി. ധൃതഗതിയിൽ പണികളെല്ലാം പൂർത്തിയാക്കപ്പെട്ടു. ക്ലാസ്സിലേയ്ക്ക് ആവശ്യമായ സാധനസാമഗ്രികളും അച്ചൻ സ്വരുക്കൂട്ടി. തല്ക്കാലത്തേക്കു സെമിനാരിക്കാരെ, അഭിവന്ദ്യ പിതാവ്, അരമനയുടെ മൂന്നാംനിലയിലേക്കു മാറ്റി താമസിപ്പിച്ചു.

ശ്രീ. ദേവസ്യാ ജോസഫ് പായിക്കാട്ട്

## ജന്മദിനം

1922 ജൂൺ 19-നാണ് ഒരു ഇന്റർ മീഡിയറ്റ് കോളജായി, പാറേലെ മൂന്നുനില കെട്ടിടത്തിൽ, എന്റെ സെന്റ് ബർക്കുമാൻസ് ജന്മംകൊണ്ടത്. ചരിത്രം ഉറങ്ങുന്ന ഒരു കെട്ടിടമാണത്. സെന്റ് ബർക്കുമാൻസ് കോളജ്, മൈനർ സെമിനാരി, ഇപ്പോൾ മീഡിയ വില്ലേജ് ആയി ഉയർന്നിരിക്കുന്ന യുവദീപ്തി കോളജ്, അമലാ

സുവർണ്ണദിനം

1922 ജൂൺ 19



കോളജ് ഇവയുടെയെല്ലാം ഈറ്റില്ലമാണ് പാറേൽ നാം കാണുന്ന ആ സുന്ദര സൗധം. OLd is gold.

**പാറേൽ അമലോ അവ ചാപ്പലിൽ ദിവ്യബലിയോടെ**

1974 വരെ അവിഭക്ത ചങ്ങനാശേരിയുടെ പൊതുസ്വത്തായിരുന്നതും തുടർന്നു പൊളിച്ചുമാറ്റപ്പെട്ടതുമായ പാറേൽ അമലോത്ഭവമാതാവിന്റെ ചാപ്പലിൽ ധന്യൻ കുര്യാളശേരി പിതാവ് (സ്ഥാപകൻ) ദിവ്യബലി അർപ്പിച്ചുകൊണ്ടാണ് സുപ്രസിദ്ധമായ ഈ കലാലയമുത്തശ്ശിയുടെ പ്രവർത്തനം ആരംഭിച്ചതെന്നു സൂചിപ്പിച്ചല്ലോ. 1922 ജൂണിലെ മലയാള മനോരമയിൽ ഇങ്ങനെ ഒരു വാർത്ത വന്നു. "ഹിന്ദുക്കളും ക്രിസ്ത്യാനികളുമായി തൊണ്ണൂറോളം (കോളജിന്റെ തുടക്കദിനങ്ങളിൽ) വിദ്യാർത്ഥികൾ സെന്റ് ബർക്കുമാൻസ് കോളജിൽ അഡ്മിഷൻ എടുത്തിട്ടുണ്ട്. രണ്ടാഴ്ചകൂടി അഡ്മിഷൻ തുടരും. ഹിന്ദുക്കൾക്കു മാത്രമായി ഒരു ഹോസ്റ്റൽ ഏർപ്പെടുത്തിയിട്ടുണ്ട്." അഭിവന്ദ്യ ലവീഞ്ഞു പിതാവിന്റെ സ്വപ്നസാക്ഷാത്ക്കാരം! ദൈവമേ, നന്ദി!!

**ധന്യൻ കുര്യാളശ്ശേരിപ്പിതാവു സ്ഥാപകൻ**

**പ്രഥമ ബാച്ചിൽ 125 വിദ്യാർത്ഥികൾ!**

പ്രവേശനം പൂർത്തിയായപ്പോൾ, ആദ്യ ബാച്ചിൽ 125 വിദ്യർത്ഥികളായി. ഒരു കാത്തലിക് കോളജ് ആയിരുന്നിട്ടും ഇവരിൽ 31 പേർ മാത്രമേ കത്തോലിക്കരായി ഉണ്ടായിരുന്നുള്ളൂ! മറ്റു ക്രൈസ്തവ വിഭാഗങ്ങളിൽ നിന്ന് ആകെ 40 പേർ ഉണ്ടായിരുന്നു. ബാക്കി 54 വിദ്യാർത്ഥികളും ഇതരമതവിഭാഗങ്ങളിൽപ്പെട്ടവരായിരുന്നു. എല്ലാവരും, ഏകോദരസോദരരെപ്പോലെ, കലാലയത്തിന്റെ പേരും പെരുമയും വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും അവരുടെ ആത്മാർത്ഥമായ പരിശ്രമം വിജയിക്കുകയും ചെയ്തു. രാഷ്ട്രീയപ്പിശാച് അന്നു കേരളത്തിൽ എത്തിയിരുന്നില്ലെന്നത് ഏറ്റം വലിയ ദൈവാനുഗ്രഹം.

**പ്രിൻസിപ്പൽ ആര്?**

പുതിയതായി സമാരംഭിക്കുന്ന ഒരു കലാലയത്തെസ്സംബന്ധിച്ചിടത്തോളം അതിന്റെ പ്രിൻസിപ്പൽ ആരാണ്? അദ്ദേഹത്തിന്റെ യോഗ്യത, പ്രാപ്തി, അർപ്പണമനോഭാവം ഇവയൊക്കെ എത്രമാത്രം? അദ്ധ്യാപകർ ആരൊക്കെയാണ്? അവരുടെ യോഗ്യത, കാര്യശേഷി, പേര്, പെരുമ ഇവ മർമ്മപ്രധാനമായ കാര്യങ്ങളാണ്. ചങ്ങനാശേരി രൂപതയിൽ 'നവജാതശിശു'വിന്റെ മാതൃപിതൃസ്ഥാനങ്ങൾ വഹിക്കാൻ സർവ്വഥാ യോഗ്യനായി അന്ന് ഒരാളേ ഉണ്ടായിരുന്നുള്ളൂ: പുരയ്ക്കൽ മത്തായിച്ചൻ. പതിന്നാലു വർഷം, രക്തം വിയർപ്പാക്കി, സെന്റ് ബർക്കുമാൻസിനെ വളർത്താൻ, ഉയർത്താൻ, ഉന്നതശ്രേണിയിൽ പ്രതിഷ്ഠിക്കാൻ, അച്ചൻ അത്യദ്ധ്വാനം ചെയ്തു. കോളിളക്കങ്ങളുണ്ടായതും ആ ഗുരുശ്രേഷ്ഠൻ, 'തന്റെ കുഞ്ഞിന്റെ ജീവൻ സംരക്ഷിക്കാൻ', സ്വയം ബലിയായതും ചരിത്രമാണ്.

**എസ്. സത്യമൂർത്തി പുരയ്ക്കലച്ചനെക്കുറിച്ച്**

പുരയ്ക്കലച്ചന്റെ നിയമനത്തെക്കുറിച്ച് സുപ്രസിദ്ധനായ എസ് സത്യമൂർത്തി മദ്രാസ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മീറ്റിംഗിൽ ചെയ്ത ഗംഭീരപ്രസംഗത്തിൽനിന്ന് ഏതാനും വാക്കുകൾ ഉദ്ധരിക്കാം. "അതുകൊണ്ടു താൻ (ധന്യൻ കുര്യാളശ്ശേരി പിതാവ്) നിരന്തരം സ്നേഹിച്ചുപോന്നിരുന്ന കോളജിന്റെ പ്രഥമഘട്ടം പോലും പൂർത്തിയായി കാണാൻ ആ മഹാത്മാവിനു സാധിക്കാതെ വന്നത് ഏവർക്കും (അങ്ങേയറ്റം) സങ്കടകരമായിരുന്നു. വിദ്യാഭ്യാസപ്രചാരണത്തിൽ

ബിഷപ്പ് കുര്യാളശ്ശേരി അത്യന്തം ജാഗരൂകനായിരുന്നു. അദ്ദേഹത്തിനുണ്ടായിരുന്ന ഒരു പ്രത്യേക ഗുണവിശേഷം, ഒരു കോളജ് രൂപപ്പെടുത്തിക്കൊണ്ടുവരുന്നതിനുള്ള ധനശക്തി ചങ്ങനാശേരി രൂപതയ്ക്ക് ഇല്ലായിരുന്നെങ്കിലും, അതിൽ തെല്ലും അധൈര്യപ്പെടാതെ, പണക്കുറവിനെ എങ്ങനെയെങ്കിലും പരിഹരിച്ച്, തന്റെ ചിരകാലാഭിലാഷം പൂർത്തിയാക്കുന്നതിനു തക്ക യോഗ്യതയുള്ള ഒരാളെ (പുരയ്ക്കലച്ചനെ) കണ്ടുപിടിക്കുകയും, ആ വ്യക്തിയുടെ സർവ്വകഴിവുകളും നിരങ്കുശം, ഫലപ്രദമായി, പ്രയോഗിക്കത്തക്കവിധം, സർവ്വസ്വാതന്ത്ര്യത്തോടുകൂടി, പ്രിൻസിപ്പൽ സ്ഥാനത്തേക്ക് അദ്ദേഹത്തെ അവരോധിക്കുകയും ചെയ്തതിൽ പ്രദർശിപ്പിച്ച അനന്യസാധാരണമായ പ്രതിഭാവിലാസമത്രെ. ഇതുതന്നെയാണു ലോകോപകാരപ്രദങ്ങളായ മധുരസ്വപ്നങ്ങളെ യാഥാർത്ഥ്യങ്ങളായി രൂപാന്തരപ്പെടുത്തുന്നതിനു മഹത്തുക്കൾക്ക് ഈശ്വരൻ നൽകിക്കൊണ്ടിരിക്കുന്ന ആദ്ധ്യാത്മികപ്രചോദനത്തിന്റെ പ്രത്യക്ഷരൂപം!"

കുര്യാളശ്ശേരി പിതാവിന്റെ അനിതര സാധാരണമായ പ്രതിഭാവിലാസം

ആദ്ധ്യാത്മിക പ്രചോദനം

"ഇപ്രകാരം വിശാലവീക്ഷണനും രാജ്യസേവനനിരതനും കർമ്മയോഗിയുമായ ഒരു യുവവൈദികന്റെ കൈകൊണ്ട് 'ഉച്ചിവയ്പ്പ്' മുതൽ 'ഉപനയനം' വരെയുള്ള നിരന്തരമായ പരിലാളനാസുഖം അനുഭവിക്കുകയാൽ, സെന്റ് ബർക്കുമാൻസ് ശിശു അതിന്റെ ബാലാരിഷ്ടതകളെ, കൂസൽ കൂടാതെ, തരണം ചെയ്തെന്നു മാത്രമല്ല, സീമാതീതമായ പുഷ്ടിയോടുകൂടി, വളരെ വേഗം, പ്രത്യംഗസുന്ദരമായ താരുണ്യത്തിൽ എത്തിച്ചേരുകയും ചെയ്തു... അദ്ദേഹത്തിന്റെ സേവനമാഹാത്മ്യം ഓർത്ത് ആ ബ്രഹത്തായ കെട്ടിടത്തിന്റെ ഓരോ കരിങ്കല്ലു പോലും, ആ വെടിക്കുന്നിലെ ഓരോ ചരൽക്കഷണം പോലും, ഓരോ മണൽത്തരി പോലും അദ്ദേഹത്തെ കൃതജ്ഞതാപുരസ്സരം അനുസ്മരിക്കുന്നുണ്ടായിരിക്കണം."

'ഉച്ചിവയ്പ്പ്' മുതൽ 'ഉപനയനം' വരെ

## കോളജിന്റെ പ്രഥമ വാർഷികദിനം

ദിവാൻ വാട്സിന്റെ അദ്ധ്യക്ഷതയിൽ അത്യാഡംബരപൂർവ്വം പ്രഥമ വാർഷികം നടത്താൻ പുരയ്ക്കലച്ചൻ തീരുമാനിച്ചു. ഏറെ തന്ത്രപരമായ ഒരു തീരുമാനം! കാര്യങ്ങൾ അനുകൂലമായി പുരോഗമിക്കുന്നുണ്ടായിരുന്നു. പ്രഥമ വാർഷികദിനം കോളജിന്റെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. അദ്ധ്യക്ഷവേദിക്കു ചുറ്റും അനേകം വൈദികമേലദ്ധ്യക്ഷന്മാരും മറ്റു സമുന്നതസ്ഥാനികളും, കൃഷി-വാണിജ്യാദികളിൽ പ്രമുഖരും, ബാങ്കുകാരും, സാമാന്യജനങ്ങളുമായി പരസഹസ്രം ആളുകൾ നിരന്നിരുന്ന് ആ മഹാമഹത്തെ അത്യന്തം സജീവവും പ്രോജ്ജ്വലവും ആക്കിത്തീർത്തത് അഭിമാനപൂർവ്വം അനുസ്മരിക്കാം. ജനങ്ങളുടെ ഈ വലിയ ഉന്മേഷം വിദ്യാഭ്യാസകാര്യങ്ങളിലുള്ള അവരുടെ അതിരറ്റ താത്പര്യം മൂലമാണെന്നു മനസ്സിലാക്കിയ ദിവാൻ അത്യന്തം സന്തോഷഭരിതനായി.

അധ്യക്ഷൻ ദിവാൻ വാട്സ്

തങ്കലിപികളിൽ

മഹാറാണി തിരുമനസ്സിലെ ഗവൺമെന്റ് (ബ്രിട്ടീഷ് ഇന്ത്യയിൽ നിലനില്ക്കുന്നതുപോലെ) തിരുവിതാംകൂറിലെ പ്രൈവറ്റ് കോളജുകൾക്കും, ഗ്രാന്റു മൂലം,

മഹാറാണി ഗവൺമെന്റിന്റെ മഹാമനസ്കത

**77,000 രൂപ ഗവൺമെന്റ് ഗ്രാന്റ്**
**സെന്റ് ബർക്കുമാൻസ് ഒന്നാമൻ**

സാമ്പത്തിക സഹായം നൽകുന്നതിനു തീരുമാനിച്ചിരിക്കുന്നുവെന്ന, വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത ദിവാൻ തന്റെ അദ്ധ്യക്ഷപ്രസംഗത്തിനിടയ്ക്ക് പ്രഖ്യാപനം ചെയ്തു. നീണ്ടുനിന്ന ഹർഷാരവം ദിഗന്തങ്ങളിൽ മാറ്റൊലിക്കൊണ്ടു. അങ്ങനെ പുരയ്ക്കലച്ചന്റെ പരിശ്രമങ്ങൾ വിജയമകുടം ചൂടിത്തുടങ്ങി. കെട്ടിടപ്പണിക്കും ലാബറട്ടറി ഉപകരണങ്ങൾക്കുമായി 77,000 രൂപയാണ് പ്രിൻസിപ്പൽ അഭ്യർത്ഥിച്ചിരുന്നത്. തുക അത്രയും ഗ്രാന്റായി ലഭിക്കുകയും ചെയ്തു.

പ്രസ്തുത തുകയിൽ ഗവൺമെന്റ് നേരത്തെ കടമായി നല്കിയ തടിയുടെ വിലകുറച്ച് ബാക്കിയുള്ള 47000/- രൂപാ. ഉടനടി നൽകുന്നതാണ് എന്നുകൂടി ദിവാൻ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു. ആർപ്പുവിളികൊണ്ടും കരഘോഷങ്ങളാലും തങ്ങളുടെ ആനന്ദാതിരേകത്തെ പ്രത്യക്ഷമാക്കുന്നതിൽ സദസ്യർ തെല്ലും ലോഭം കാണിച്ചില്ല.

ഈ പ്രഖ്യാപനത്തിന്റെ പ്രാധാന്യം, ഗവൺമെന്റിൽനിന്ന് ആദ്യമായി ഗ്രാന്റ് ലഭിച്ച കോളജ് സെന്റ് ബർക്കുമാൻസ് ആണെന്ന വസ്തുത, ഇവയൊക്കെ സവിശേഷ ശ്രദ്ധയാകർഷിക്കേണ്ട സത്യങ്ങളാണ്. താമസംവിനാ പുരയ്ക്കലച്ചൻ തിരുവനന്തപുരത്തെത്തി ഈ സഹായധനം വാങ്ങുന്നതിനുവേണ്ട സകല ക്രമീകരണങ്ങളും ചെയ്തു. പണമത്രയും പ്രിൻസിപ്പൽ കൈപ്പറ്റി.

**വാട്ട്സിന്റെ രാജ്യസേവനതത്പരത**

ദിവാൻ വാട്ട്സിന്റെ രാജ്യസേവനതത്പരതയുടെ ഫലമായി ലഭിച്ച 47000/- രൂപ കോളജിന്റെ കടക്കാരെ സമാധാനപ്പെടുത്താൻ ഏറെ സഹായിച്ചു. വിദേശികളായ ബക്കർ ആൻഡ് കമ്പനി, ബ്ലായ്ക്കെൽ കമ്പനി, സ്വദേശികളായ സ്റ്റേറ്റ് എയിഡഡ് ബാങ്കുകാർ വരെയുള്ള കടക്കാർക്കായി തുക വീതിച്ചുകൊടുത്തു. ഈ വൻനേട്ടം പ്രിൻസിപ്പലിനു പതറാതെ മുമ്പോട്ടുപോകാനുള്ള ആത്മധൈര്യം പകർന്നു. കോളജിനു ദിവാൻ വാട്ട്സ് നൽകിയ ഈ വലിയ സഹായത്തിനു തിരുവിതാംകൂർ നിവാസികൾ വിശിഷ്യാ സെന്റ് ബർക്കുമാൻസ്, എന്നെന്നും അദ്ദേഹത്തോടു കൃതജ്ഞതയുള്ളവരായിരിക്കണം.

അഭിജ്ഞരുടെ അഭിമതത്തിൽ പുതുതായി തുടങ്ങിയ ഒരു പ്രൈവറ്റ് കോളജിൽ ആദ്യബാച്ചിൽ നാനാജാതി മതസ്ഥരായ 125 വിദ്യാർത്ഥികൾ ചേർന്നതിന്റെ ഒരു കാരണം, അതു പുരാതനപ്രസിദ്ധമായ ചങ്ങനാശേരി രൂപതയുടെ വകയായിരുന്നുവെന്നതാണ്. മറ്റൊരു പ്രധാനപ്പെട്ട കാരണമായി ചൂണ്ടിക്കാട്ടപ്പെട്ടത്, സുപ്രസിദ്ധനായ ഇംഗ്ലീഷ് പ്രൊഫസ്സർ ശ്രീമാൻ റ്റി.കെ. ശങ്കരമേനോനെ, എർണാകുളം മഹാരാജാസ് കോളജിൽനിന്നും, ഇംഗ്ലീഷ് വിഭാഗത്തിന്റെ അദ്ധ്യക്ഷനായി (തൽക്കാലസേവനം) ലഭിച്ചുവെന്നതാണ്. അദ്ദേഹമാണ് കോളജിൽ പ്രഥമ ക്ലാസ്സെടുത്തതെന്നു നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്.

**റ്റി.കെ. ശങ്കരമേനോൻ പ്രഥമ ക്ലാസെടുത്ത പ്രഗത്ഭൻ**

സെന്റ് ബർക്കുമാൻസിന്റെ പ്രഥമവർഷപ്രവർത്തനങ്ങൾ അത്യന്തം വിജയപ്രദമായി പര്യവസാനിച്ചു. ദ്വിതീയവത്സരത്തിലും 125 വിദ്യാർത്ഥികൾക്കു പ്രവേശനം നൽകി. അപ്പോഴേക്കും പ്രിൻസിപ്പലിന്റെ ശ്രദ്ധ, പ്രഥമ ബാച്ചിൽ നിന്നും വിജയികളാകുന്നവർക്കു, തുടർന്നു ബി.എയ്ക്കു പഠിക്കാൻ തക്കവണ്ണം, ബി.

എ. ക്ലാസ്സുകൂടി കൂട്ടിച്ചേർത്ത്, സെന്റ് ബർക്കുമാൻസിനെ ഒന്നാം ഗ്രേഡ് കോളജായി ഉയർത്തുക എന്നതായിരുന്നു. ലക്ഷ്യപ്രാപ്തിക്കായി മദ്രാസ് സർവ്വകലാശാലയുടെ അനുവാദത്തിനായി അദ്ദേഹം അപേക്ഷ അയയ്ക്കുകയും ചെയ്തു. എന്നാൽ, പലപല കാരണങ്ങളാൽ പുരയ്ക്കലച്ചന്റെ ദീർഘവീക്ഷണത്തോടുകൂടിയ പ്രസ്തുത പദ്ധതി അന്നു നടപ്പിൽ വന്നില്ല.

**തിരുവനന്തപുരം മഹാരാജാസ് കോളജ് വിഭജനവും സെന്റ് ബർക്കുമാൻസും**

ആയിടയ്ക്കാണ് തിരുവനന്തപുരം മഹാരാജാസ് കോളജ്‌വിഭജനം നടന്നത്. അതിൽ ആർട്സ് വിഭാഗത്തിന്റെ പ്രിൻസിപ്പലായി അവരോധിക്കപ്പെട്ട റാവു ബഹദൂർ കെ.വി. രംഗസ്വാമി അയ്യങ്കാർ പുരയ്ക്കലച്ചന്റെ ആത്മമിത്രവും അഭ്യുദയകാംക്ഷിയുമായിരുന്നു. എങ്കിലും സെന്റ് ബർക്കുമാൻസ് കോളജിൽ ചരിത്രം ഐച്ഛികമായി തുടങ്ങിയാൽ, തിരുവനന്തപുരത്തെ പുതിയ ആർട്സ് കോളജിൽ വിദ്യാർത്ഥികൾ കുറഞ്ഞുപോകുന്നതിനു സാധ്യയുണ്ടായിരുന്നുവെന്നതുകൊണ്ട് സെന്റ് ബർക്കുമാൻസിൽ ചരിത്രം ഐച്ഛികമായി ആരംഭിക്കുന്നതിന് അനുവാദം നിഷേധിക്കപ്പെട്ടു.

**ദിവാൻ രാഘവയ്യായുടെ നൂതനാശയം**

യൂണിവേഴ്സിറ്റി കോളജുവിഭജനത്തിന്റെ മുഖ്യശില്പിയായിരുന്ന ദിവാൻ ബഹദൂർ രാഘവയ്യാക്ക് ഒരു നൂതനാശയം തോന്നി. അതേത്തുടർന്ന് അദ്ദേഹം സർക്കിർട്ടിനിടയിൽ, കോളജിൽ, പ്രിൻസിപ്പലിന്റെ വസതിയിൽ നേരിട്ടെത്തി. ബി.എ. ചരിത്രം തുടങ്ങുന്നതിനു പകരം, ഇന്റർമീഡിയറ്റിനു സയൻസു വിഷയങ്ങൾ കൂടി തുടങ്ങുകയല്ലേ ഉത്തമമെന്ന്, പ്രിൻസിപ്പലിനോട്, ആലോചിച്ചു.

**സെന്റ് ബർക്കുമാൻസിൽ സയൻസു കൂടി തുടങ്ങുക**

അതിന്റെ സാംഗത്യവും അദ്ദേഹം പ്രിൻസിപ്പലിനു വ്യക്തമാക്കിക്കൊടുത്തു. പ്രതിവർഷം സയൻസ് ക്ലാസുകളിലേക്ക് പ്രവേശനം അഭ്യർത്ഥിച്ചുകൊണ്ടു തിരുവനന്തപുരം ആർട്സ് കോളജിൽ തിങ്ങിക്കൂടുന്ന വിദ്യാർത്ഥികളിൽ പകുതിപ്പേർക്കുപോലും അവിടെ പ്രവേശനം സാധ്യമാകുന്നില്ല. പ്രസ്തുത ദുർഘട പ്രശ്നം പരിഹരിക്കുന്നതിനു സെന്റ് ബർക്കുമാൻസ് കോളജിൽ സയൻസുകൂടി തുടങ്ങുന്നത് ഏറെ ഉപകാരപ്രദമായിരിക്കുമെന്ന് അദ്ദേഹം വിശദീകരിച്ചു.

**ദിവാൻ രാഘവയ്യാ സെന്റ് ബർക്കുമാൻസിന്റെ അഭ്യുദയകാംക്ഷി**

സാമ്പത്തികഭദ്രത ഒട്ടുമില്ലാതിരുന്ന ഒരു പ്രൈവറ്റ് കോളജിന്, അതിന്റെ ശൈശവദശയിൽ വ്യയസമ്പൂർണ്ണമായ ഇക്കാര്യം ഭഗീരഥപ്രയത്നമായിരിക്കുമെന്നു പ്രിൻസിപ്പലിനു നല്ല ബോദ്ധ്യമുണ്ടായിരുന്നു. എങ്കിലും ഗവൺമെന്റിൽ നിന്നും യഥാകാലം ആനുകൂല്യങ്ങൾ ലഭിച്ച് പുഷ്ടിപ്പെടുന്നതിനു, ദൈവാനുഗ്രഹത്താൽ, വന്നുചേർന്നിരിക്കുന്ന ഈ സുവർണ്ണാവസരം പാഴാക്കിക്കളയുന്നത് ആത്മഹത്യാപരമായിരിക്കുമെന്നു നന്നായി മനസ്സിലാക്കിയ കർമ്മകുശലനും, ദീർഘവീക്ഷണപടവുമായ പുരയ്ക്കലച്ചൻ, ഗവൺമെന്റ് ഉള്ളഴിഞ്ഞു സഹായിച്ചാൽ, ശ്രമസാദ്ധ്യമായ ഈ ഉത്തരവാദിത്വം ഏറ്റെടുത്തു നടത്താൻ സമ്മതമാണെന്ന് ദിവാനെ അറിയിച്ചു. തന്റെ പരിധിയിൽപ്പെടുന്ന എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കാമെന്നു ദിവാൻജിയും സമ്മതിച്ചു. 1500 കണ്ടി തേക്കുതടിയും 50000/- രൂപ കടമായും നല്കാമെന്നൊരു വാഗ്ദാനവും ഉണ്ടായി. പക്ഷേ, കടമായി തേക്കു ലഭ്യമായെങ്കിലും, വായ്പ ലഭിച്ചില്ല.

**പ്രിൻസിപ്പലിന്റെ ഗ്രീൻ സിഗ്നൽ**



## മാർ കുര്യാളശ്ശേരി ബ്ലോക്ക്

കോളജിന്റെ പ്രഥമ കെട്ടിടം, മാർ കുര്യാളശേരി ബ്ലോക്ക്, ഏറെ സാമ്പത്തിക ബുദ്ധിമുട്ടിൽ പണിതീർത്ത ഒരു സുന്ദരസൗധമാണ്. 1997 വരെ ആർട്സ് ബിൽഡിംഗ് എന്നാണ് ഈ കെട്ടിടം അറിയപ്പെട്ടിരുന്നത്. സ്ഥാപകപിതാവിന്റെ സ്മരണ നിലനിർത്താൻ ക്യാമ്പസിൽ അന്നുവരെയും ഒന്നും ഇല്ലായിരുന്നു. ഈ വലിയ കുറവു പരിഹരിക്കാൻ പ്ലാറ്റിനം ജൂബിലി വർഷത്തിൽ, ജൂബിലി സ്മാരകമായി (1997), അന്നത്തെ പ്രിൻസിപ്പൽ ഫാ. ജോസഫ് വട്ടക്കളം, അദ്ദേഹത്തിന് ഏറ്റം ഉചിതമെന്നു തോന്നിയ, 'മാർ കുര്യാളശേരി ബ്ലോക്ക്' എന്ന് ഒന്നാമത്തെ കെട്ടിടത്തിനു പേരു നൽകി. (rechristening). കുര്യാളശേരിപ്പിതാവാണല്ലോ അതിന്റെ സ്ഥാപകൻ. ഏറ്റം നല്ല ഒരു സൗമനസ്യപ്രകാശനമായാണ് ഏവരും ഈ നവനാമകരണത്തെ വിലയിരുത്തുക.

**സ്ഥാപകന്റെ സ്മരണ നില നിർത്താൻ**

അന്നത്തെ തിരുവിതാംകൂർ ദിവാനും സെന്റ് ബർക്കുമാൻസിന്റെ ഒരു വലിയ അഭ്യുദയകാംക്ഷിയും ഉപകാരിയുമായിരുന്ന ശ്രീമാൻ രാഘവയ്യായെക്കൊണ്ടാണ് പുരയ്ക്കലച്ചൻ മാർ കുര്യാളശേരി ബ്ലോക്കിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിപ്പിച്ചത്. പുരയ്ക്കലച്ചന്റെ ഭാഗത്തുനിന്നുള്ള ചിന്തോദ്ദീപകവും വിവേകപൂർണ്ണവും സ്നേഹപ്രകാശിതവും നന്ദിസൂചകവുമായ ഒരു പ്രവൃത്തിയായിരുന്നു അത്. നന്മ ചെയ്യുന്നവരെ നന്ദിപൂർവ്വം സ്മരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നത് യഥാർത്ഥമനുഷ്യത്വത്തിന്റെ ഭാഗമല്ലേ?

**ശിലാസ്ഥാപനം ദിവാൻ രാഘവയ്യാ**

കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ സൂക്ഷ്മദൃക്കായ പ്രിൻസിപ്പൽ കണ്ടുപിടിച്ചത് സെന്റ് ബർക്കുമാൻസിന്റെ മറ്റൊരു വലിയ സുഹൃത്തും അഭ്യുദയകാംക്ഷിയും ജന്മം കൊണ്ടു കേരളീയനും നല്ലവനായ രാഘവയ്യായുടെ അനുയോജ്യനായ പിൻഗാമിയും സെന്റ് ബർക്കുമാൻസിന്റെ ഉത്തമസുഹൃത്തുമായിരുന്ന ദിവാൻ ശ്രീ മോറിസ് വാട്ട്സിനെയാണ്.

**ഉദ്ഘാടനം ദിവാൻ വാട്ട്സ്**

ഒരു ഭരണാധിപൻ പലപ്പോഴും നടത്തേണ്ടിവരുന്ന ഗൗരവാവഹമായ ഒരു പ്രക്രിയയാണ് ശ്രദ്ധാപൂർവ്വം തിരഞ്ഞെടുപ്പു നടത്തുക എന്നത്. മാർ കുര്യാളശ്ശേരിബ്ലോക്കിന്റെ ശിലാസ്ഥാപനത്തിനു പുരയ്ക്കലച്ചൻ തിരഞ്ഞെടുത്ത ദിവാൻ രാഘവയ്യായും അതിന്റെ ഉദ്ഘാടനത്തിനായി അദ്ദേഹം തിരഞ്ഞെടുത്ത ദിവാൻ മോറിസ് വാട്ട്സും എത്ര അനുയോജ്യരായ വ്യക്തികളായിരുന്നുവെന്ന് ഓർത്തു നോക്കുക. ഇരുവരോടും സെന്റ് ബർക്കുമാൻസിനുള്ള കടപ്പാടു ഒരിക്കലും തീരുന്നതല്ല.

**ഇരുവരും തികച്ചും അനുയോജ്യർ**

1924-ൽ മാർ കുര്യാളശ്ശേരി ബ്ലോക്കിന്റെ പണി ഏതാണ്ടൊക്കെ പൂർത്തിയായെങ്കിലും 1925 ജൂലൈയിലാണ് കോളജ് പാറേൽ നിന്നു പുതിയ കെട്ടിടത്തിലേക്കു മാറ്റി സ്ഥാപിച്ചത്. അതേവർഷം, ഏപ്രിൽ 26-ന്, ഇന്റർമീഡിയറ്റു ക്ലാസ്സിൽ I ഗ്രൂപ്പ് (ഗണിതശാസ്ത്രം, ഫിസിക്സ്, കെമിസ്ട്രി) II ഗ്രൂപ്പ് (ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം (ബയോളജി) ഇവയ്ക്ക് അംഗീകാരം ലഭിച്ചു.

**കോളജ് വെടിക്കുന്നിലേക്ക് (1925 ജൂലൈ)**

സെന്റ് ബർക്കുമാൻസിന് അവിസ്മരണീയനായ ആ കർമ്മയോഗി, സെന്റ്

**ലവീഞ്ഞുപിതാവിന് ഒരു സ്മാരകം!**

ബർക്കുമാൻസ് എപ്പോഴും നന്ദിപൂർവ്വം ഓർക്കുകയും ഓർമ്മ നിലനിർത്താൻ പോന്ന എന്തെങ്കിലും ഒരു സ്മാരകം സ്ഥാപിക്കുകയും ചെയ്യേണ്ട ഒരു മഹദ് വ്യക്തിത്വമാണ് നിതാന്ത വന്ദ്യ ദിവ്യശ്രീ ലവീഞ്ഞു പിതാവ്. ആ മഹാനുഭാവന്റെ, ആ മനുഷ്യസ്നേഹിയുടെ, സൈന്യങ്ങളുടെ ദൈവമായ കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ചിരുന്ന (1 രാജാ. 19:10) ആ സാത്വിക പ്രതിഭയുടെ, 'ജ്ഞാനശിശു' (brain child) വാണ് സെന്റ് ബർക്കുമാൻസ് കോളജ്.

**പുരയ്ക്കലച്ച നെക്കുറിച്ച് പ്രൊഫ. സത്യമൂർത്തി (Madras University)**

പുരയ്ക്കലച്ചന് തന്റെ മഹാപ്രയത്നങ്ങളിൽ നിന്നു പിന്മാറേണ്ടിവന്നത് "ചില സ്വാർത്ഥമതികളുടെ കുതന്ത്രം" മൂലമാണെന്ന് എസ്. സത്യമൂർത്തി, മദ്രാസ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റു മീറ്റിംഗിൽ, അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ച വസ്തുത ഓർക്കുന്നു. ഏറെ ക്ലേശങ്ങൾ സഹിച്ച, ദണ്ഡനമേറ്റ, മുറിവേറ്റ, രക്തസാക്ഷിയായ, പുരയ്ക്കൽ മത്തായിച്ചനെക്കുറിച്ചു പഠിക്കുന്തോറും അദ്ദേഹം എന്റെ സെന്റ് ബർക്കുമാൻസിനു വേണ്ടി സഹിച്ച പീഡകളോർത്തു ദുഃഖിക്കാനേ ആവുന്നുള്ളൂ. ഒന്നാം വർഷം 125 വിദ്യാർത്ഥികളുണ്ടായിരുന്നെങ്കിലും, ഫീസ് ഇനത്തിൽ കിട്ടിയ തുക, 12000 രൂപാ മാത്രമാണ്. അതിൽ, ശ്രീ ഗീവർഗീസ് ദേവസ്യായിൽ നിന്നും കടം വാങ്ങിയിരുന്ന 3000 രൂപാ തിരികെ നൽകി. ശമ്പള ഇനത്തിൽ 7000/- രൂപ കൊടുത്തു. മിച്ചമുണ്ടായിരുന്ന 2000 രൂപാകൊണ്ടാണ് മാർ കുര്യാളശേരി ബ്ലോക്കിന് അടിത്തറ ഇട്ടത്. 1924ൽ പണി, ഏതാണ്ടൊക്കെ പൂർത്തിയാവുകയും ചെയ്തു.

**ദിവാൻ മോറിസ് വാട്ട്സ് സെന്റ് ബർക്കുമാൻസിന്റെ ഉറ്റസുഹൃത്ത്**

**കോളജിനൊരു ഗ്രാന്റ്**

ശ്രീമാൻ വാട്ട്സ് ദിവാൻ ആയപ്പോൾ മുതൽ സെന്റ് ബർക്കുമാൻസ് കോളജിന്റെ കാര്യത്തിൽ ബദ്ധശ്രദ്ധനായിരുന്നു. കോളജിന്റെ വൈഷമ്യങ്ങളെല്ലാം, അദ്ദേഹത്തിനു, സമയാസമയങ്ങളിൽ വ്യക്തമാക്കിക്കൊടുക്കുന്നതിൽ, പുരയ്ക്കലച്ചൻ അങ്ങേയറ്റം ദത്തശ്രദ്ധനുമായിരുന്നു. മുൻഗാമിയുടെ വാഗ്ദാനം നിറവേറാതെ പോയതും, സെന്റ് ബർക്കുമാൻസ് കോളജ്, ഗവൺമെന്റ് സഹായം അർഹിക്കുന്നുവെന്ന, അദ്ദേഹത്തിന്റെ സാക്ഷ്യപ്പെടുത്തലും, എല്ലാം ദിവാൻ വാട്ട്സ് നന്നായി മനസ്സിലാക്കി. കോളജിനു കടം ലഭ്യമാക്കുന്നതിനേക്കാൾ പതിന്മടങ്ങു നന്ന് ഒരു ഗ്രാന്റ് ലഭ്യമാക്കുന്നതായിരിക്കുമെന്നും വാട്ട്സ് തിരിച്ചറിഞ്ഞു. അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് എല്ലാ ഒത്താശകളും ഉണ്ടായി. തന്റെ ബോധ്യങ്ങൾ പ്രയോഗത്തിൽ വരുത്താൻ ഗവൺമെന്റിന്റെ വിദ്യാഭ്യാസനിയമങ്ങളിൽത്തന്നെ ചില ഭേദഗതികൾ അദ്ദേഹം വരുത്തി. പ്രൈവറ്റുകോളജുകൾക്കെല്ലാം ഗ്രാന്റ് നല്കി സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ഉന്നവും ഊന്നലും.

**വിദ്യാഭ്യാസ നിയമങ്ങളിൽ ഭേദഗതി**

**സയൻസ് ബ്ലോക്ക്**

സയൻസ് ബ്ലോക്കിനു പ്രത്യേക സ്ഥലസൗകര്യങ്ങളും, വിലയേറിയ സയൻസ് സാമഗ്രികളും മറ്റും, വേണ്ടിയിരുന്നു. ഈ കാര്യം സാധിക്കുന്നതിന്, വീണ്ടും ഒരു പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഗവൺമെന്റിൽ കൊടുത്ത് പ്രിൻസിപ്പൽ അനുവാദം വാങ്ങി. സയൻസു ഗ്രൂപ്പുകൾ കൂട്ടിച്ചേർത്ത് ഇന്റർമീഡിയറ്റു ക്ലാസുകൾ ആരംഭിച്ചതിന്റെ രണ്ടാംവർഷം തന്നെ (1926-27) പുതിയ കെട്ടിടത്തിന്റെ പണി മുന്നോട്ടു കൊണ്ടുപോകാൻ പുരയ്ക്കലച്ചൻ തീരുമാനിച്ചു. ഈ കെട്ടിട



ത്തിന്റെ പൂർത്തീകരണത്തിനു മൂന്നരലക്ഷം (3,50,000) രൂപയാണ് അടങ്കൽ തയ്യാറാക്കിയിരുന്നത്. 1925 ജൂൺ മാസത്തിൽ പാറയിലെ പഴയ കെട്ടിടത്തിൽ നിന്നും കോളജ് വെടിക്കുന്നിലുള്ള പുതിയ മൂന്നുനില കെട്ടിടത്തിലേക്കു മാറ്റി സ്ഥാപിച്ചപ്പോൾ സയൻസ് ബ്ലോക്ക് അതിന്റെ രണ്ടാം ഘട്ടത്തിലേയ്ക്കു പ്രവേശിച്ചതേ ഉണ്ടായിരുന്നുള്ളൂ. അപ്പോഴും സെന്റ് ബർക്കുമാൻസ് ഒരു രണ്ടാം ഗ്രേഡ് കോളജു മാത്രമേ ആയിരുന്നുമുള്ളൂ.

**ഫാ. ഒണേരെയും സെന്റ് ബർക്കുമാൻസും**

എങ്കിലും മദ്രാസ് പ്രവിശ്യയിലെ ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിൽ അതുല്യപ്രതിഭയായിരുന്ന, ഫാ. ഒണേരെ എസ്.ജെ.യുടെ പ്രത്യേക മേൽനോട്ടത്തിലും, ചിട്ടയിലും, സയൻസ് ലാബറട്ടറികൾ, സംവിധാനം ചെയ്യപ്പെട്ടതിനാൽ, അവ ഒന്നാന്തരമായത് ദൈവപരിപാലനയാണ്. അവയിൽ ആവശ്യമായിരുന്ന ഉപകരണങ്ങളും ഏറ്റം മെച്ചപ്പെട്ടവയായി. അത്തരം കോളജുകളിൽ വച്ച് സെന്റ് ബർക്കുമാൻസ് ഏറ്റവും മികച്ചതുമായി.

**സ്ഥാപകന്റെ ആകസ്മിക നിര്യാണം**

സയൻസ് ബ്ലോക്കിനുള്ള കെട്ടിടപ്പണിയും ലാബറട്ടറി സജ്ജീകരണങ്ങളും ശീഘ്രഗതിയിൽ നടക്കവേ, ഏവരെയും ഞെട്ടിപ്പിച്ച ആ വാർത്ത വന്നു. രൂപതാദ്ധ്യക്ഷൻ, കുര്യാളശ്ശേരിപ്പിതാവ്, റോമിൽവച്ച് 1925 ജൂൺ 2-നു ദിവംഗതനായി. താൻ പൊന്നുപോലെ സ്നേഹിച്ചുപോന്നിരുന്ന കോളജിന്റെ പ്രഥമഘട്ടംപോലും പൂർത്തിയായി കാണാൻ ആവാതെ, ആ പാവനാത്മാവു കടന്നുപോയത്, ഏവരെയും ദുഃഖസാഗരത്തിലാഴ്ത്തി. സയൻസു ഗ്രൂപ്പുകൾ തുടങ്ങുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പാണ് ഈ തീരാനഷ്ടം ഉണ്ടായത്. ധിഷണാശാലിയും ഭാവനാസമ്പന്നനും കാര്യങ്ങൾ മുൻകൂട്ടി കാണാനുള്ള കഴിവിന്റെ ഉടമയുമായിരുന്ന വന്ദ്യപിതാവിന്റെ മരണം കോളജിന്റെ പുരോഗതിയിൽ കാര്യമായ വിടവു വരുത്തി. എങ്കിലും, ചങ്ങനാശേരിയിലെയും പരിസരപ്രദേശങ്ങളിലെയും ആളുകളുടെ സ്വപ്നം (ഒരു ഉന്നത വിദ്യാഭ്യാസസ്ഥാപനം) യാഥാർത്ഥ്യമാക്കുന്നതിൽ മുഖ്യപങ്കുവഹിച്ചത് അന്തരിച്ച രക്ഷാധികാരി തന്നെയാണെന്നത് തർക്കമറ്റ സംഗതിയാണ്. വിദ്യാഭ്യാസമേഖല അദ്ദേഹത്തിന്റെ ഇഷ്ടവിഷയമായിരുന്നു.

**ദൈവകരങ്ങൾ എപ്പോഴും സെന്റ് ബർക്കുമാൻസിനോടൊപ്പം**

പക്ഷേ, ഒരു കാര്യം തറപ്പിച്ചുപറയാം: ദൈവത്തിന്റെ കരം സെന്റ് ബർക്കുമാൻസിനോടൊപ്പം എപ്പോഴുമുണ്ട്. സെന്റ് ബർക്കുമാൻസ് കോളജിനെ വളർത്തിക്കൊണ്ടുവരുന്നതിനു തക്ക യോഗ്യതയുള്ള പുരയ്ക്കലച്ചനെ പ്രിൻസിപ്പൽ സ്ഥാനത്ത്, സർവ്വസ്വാതന്ത്ര്യത്തോടെ, യഥാസമയം, ആ 'ധന്യൻ' അവരോധിച്ചിത് ഒന്നാന്തരം ഉദാഹരണമാണ്. ദൈവദത്തമായ, അനന്യസാധാരണമായ പ്രതിഭാവിലാസത്തിനു മകുടോദാഹരണമാണ് ഈ നിയമനം.

**പണി നിർവിഘ്നം**

ദൈവത്തിന്റെ അനന്തപരിപാലനയിൽ, പ്രഥമ പ്രിൻസിപ്പലായ പുരയ്ക്കലച്ചൻ, ധനാഗമമാർഗ്ഗങ്ങൾ സ്വയമേവ കണ്ടുപിടിച്ചു സയൻസ് ബ്ലോക്കിന്റെ പണി, സ്വന്തം ചുമതലയിൽ, നിർവ്വിഘ്നം നടത്തിക്കൊണ്ടിരുന്നു. ഈ സമയത്താണ് സയൻസ് സാമഗ്രികൾ ലണ്ടനിൽ നിന്നും കപ്പൽമാർഗ്ഗം കൊച്ചിയിൽ എത്തിയത്. ചുങ്കം കൊടുക്കുന്നതിനു 3000 രൂപാ അത്യാവശ്യമായി വന്നു. രൂപതയിൽ നിന്ന് ഒരു സഹായവും ആവശ്യപ്പെടുകയില്ലെന്നു സമ്മതിച്ചിരുന്നെങ്കിലും, സാഹ

ചര്യത്തിന്റെ സമ്മർദ്ദം മൂലം, അഡ്മിനിസ്ട്രേറ്റർ മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കലിൽ നിന്ന്, രണ്ടാഴ്ചയ്ക്കകം തിരികെ കൊടുക്കാമെന്ന വ്യവസ്ഥയിൽ, 3000 രൂപ അദ്ദേഹത്തിനു കടം വാങ്ങേണ്ടിവന്നു. പറഞ്ഞ സമയത്തു പണമത്രയും അദ്ദേഹം തിരികെ കൊടുത്തു. കോളജിന്റെ ദൈനംദിനവളർച്ച കണ്ട് കല്ലറയ്ക്കൽ പിതാവ് സന്തോഷിച്ചിരുന്നു.

**സയൻസ് ബ്ലോക്കിന്റെ പണിക്ക് കല്ലറയ്ക്കൽ പിതാവ് 3000 രൂപ കടം നല്കുന്നു**

ബാഹ്യലോകത്തെ കോളിളക്കമൊന്നും പുരയ്ക്കലച്ചനെ തന്റെ കർമ്മപഥത്തിൽ നിന്ന് അണുപോലും വ്യതിചലിപ്പിച്ചില്ല. ഊണിലും ഉറക്കത്തിലും അദ്ദേഹം കോളജിന്റെ വളർച്ചയിൽ, വിശിഷ്യാ, സയൻസ് ഗ്രൂപ്പുകൾ എങ്ങനെ കൂടുതൽ പ്രയോജനകരവും വിജയപ്രദവും ആക്കാമെന്നുള്ള ആലോചനയിലായിരുന്നു.

**പുരയ്ക്കലച്ചൻ അക്ഷോഭ്യനായി**

സയൻസ് ബ്ലോക്കിന്റെ പണിക്കു പ്രാരംഭമായി, പ്രിൻസിപ്പൽ ആവശ്യപ്പെട്ടതിനുസരിച്ച് 1500 കണ്ടി തേക്കുതടി ഗ്രാന്റായും സയൻസ് സാമഗ്രികൾ വാങ്ങുന്നതിന് 50000/- രൂപ കടവുമായി നൽകാമെന്നും പണി പൂർത്തിയാക്കി സയൻസു വിഭാഗം തുടങ്ങുമ്പോൾ ബ്രിട്ടീഷ് ഇന്ത്യയിൽ അന്നു നിലവിലിരുന്ന രീതിയിൽ ഒരു ഗ്രാന്റു കൂടി നല്കുമെന്നും ദിവാൻജി സമ്മതിച്ചിരുന്നുവെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. വാഗ്ദാനം ചെയ്യപ്പെട്ട തുക നല്കുന്നതിനു മുമ്പുതന്നെ രാഘവയ്യാ ദിവാൻപദം വിട്ടുപോയി. എങ്കിലും അദ്ദേഹം സെന്റ് ബർക്കുമാൻസിന്റെ ഒരു വലിയ ഉപകാരിയാണ്. സെന്റ് ബർക്കുമാൻസ് കോളജിന് 1500 കണ്ടി തേക്കുതടിയും ഇന്റർമീഡിയറ്റ് സയൻസ് ക്ലാസ്സുകൾ കാര്യക്ഷമമായി നടത്തുന്നതിന് ഒരു ഗ്രാന്റും നൽകാമെന്നു താൻ സമ്മതിച്ചിട്ടുള്ളതാണെന്നും അതു നൽകാൻ ഗവണ്മെന്റിനു ബാധ്യതയുണ്ടെന്നും ഔദ്യോഗികഫയലിൽ വ്യക്തമായി രേഖപ്പെടുത്താൻ അദ്ദേഹം മറന്നില്ല.

**ദിവാൻ രാഘവയ്യാ**

**സെന്റ് ബർക്കുമാൻസിനു ഗ്രാന്റ് നല്കാൻ ഗവൺമെന്റിനു ബാധ്യതയുണ്ട്**

പുതുതായി ആരംഭിച്ച സ്റ്റേറ്റ് എയിഡഡ് ബാങ്കിൽ നിന്നും ഒരു തുക പുരയ്ക്കലച്ചൻ സയൻസ് ബ്ലോക്കിന്റെ പണിയാവശ്യത്തിനു കടം വാങ്ങി. ഉത്കൃഷ്ടമനസ്കനായിരുന്നു മാനേജിംഗ് ഡയറക്ടർ ശ്രീ. കെ.സി. പണ്ടാല. ഇതിനായി, കർക്കശമായ ബാങ്കു നിയമങ്ങളെ അദ്ദേഹത്തിനു തെല്ലൊന്നു, മയപ്പെടുത്തേണ്ടിവന്നു. ഗവണ്മെന്റ് ഗ്രാന്റു കിട്ടുന്നതുവരെ കാലാവധി അനുവദിച്ചാണ്, ആവശ്യമായിരുന്ന പണം, അദ്ദേഹം പുരയ്ക്കലച്ചനു നല്കിയത്. ശ്രീ പണ്ടാലയോട് സെന്റ് ബർക്കുമാൻസിന്റെ ഗുണഭോക്താക്കളെല്ലാം കൃതജ്ഞതാനിർഭരരായിരിക്കേണ്ടതല്ലേ? ചങ്ങനാശേരി ചെറുകര കുടുംബാംഗമായ ശ്രീ. സി.പി. തോമസ് ചെറുകരയുടെ (ലേഖകന്റെ വല്യപ്പന്റെ കസിൻ (cousin)) ആത്മാർത്ഥമായ സഹകരണം, ശ്രീ പണ്ടാലയുടെ അനുഭാവം സമ്പാദിക്കുന്നതിനു, വളരെ സഹായകമായിയെന്ന വസ്തുതയും നന്ദിയോടെ ഓർക്കുന്നു.

**കടഭാരം വർദ്ധിക്കുന്നു**

**ശ്രീ. പണ്ടാല കർക്കശമായ ബാങ്കു നിയമങ്ങൾ മയപ്പെടുത്തി**

ഇരുമ്പ് ഉപകരണങ്ങൾ ഒട്ടനവധി മദ്രാസ് കമ്പനികളിൽ നിന്നും ചങ്ങനാശേരിയിലെ ഒരു പ്രമുഖ ഇരുമ്പു വ്യാപാരിയായിരുന്ന ഐ. തര്യനിൽനിന്നും കടമായി വാങ്ങുകയായിരുന്നു. ഇതിൽ തര്യനെ ധൈര്യപ്പെടുത്തിയതു കോളജു



ക്ലർക്കായിരുന്ന ശ്രീ. ഒ.പി. ജോസഫാണ്. വിലയേറിയ രസതന്ത്രസാമഗ്രികൾ, മറ്റു ലെബൊറെട്രി ഉപകരണങ്ങൾ തുടങ്ങിയവ ലണ്ടനിലെ മെസേഴ്സ് ബക്കർ ആന്റ് കമ്പനിയിൽ നിന്നും, ലൈബ്രറിക്കു കൂടുതലായി ആവശ്യമായിരുന്ന ഗ്രന്ഥങ്ങൾ മെസ്സേഴ്സ് ബ്ലാക്കെൽ ആന്റ് കമ്പനിയിൽ നിന്നും, അച്ചൻ കടമായി എടുത്തു.

**A multi-purpose, gigantic block, the Ambition of Fr. Purackal**

പ്രിൻസിപ്പലിന്റെ അടുത്ത പരിശ്രമം, സെക്കന്റ് ഗ്രൂപ്പിൽ വിജയികളാകുന്നവർക്കു തുടർന്നു സയൻസു വിഷയങ്ങൾ തന്നെ ബിഎയ്ക്കു പഠിക്കാൻ വേണ്ട സൗകര്യങ്ങൾ കോളജിൽ സംജാതമാക്കുകയെന്നതായിരുന്നു. മുൻഭാഗത്ത് ഉത്തുംഗഗംഭീരമായ ഒരു കെട്ടിടവും അതിനോടു ചേർന്ന് ഓരോ വശത്തും ഓരോ വലിയ വിംഗും ഈ വിംഗുകളുടെ നടുവിൽ ഒരു വലിയ അസംബ്ലിഹാളും അതിന്റെ മുകളിലത്തെ നില ലൈബ്രറിയുമായി ഉപയോഗിക്കണമെന്നായിരുന്നു പ്രിൻസിപ്പലിന്റെ ഉന്നം. ഇവയിൽ മെയിൻ സെന്റ്രൽ റോഡിലൂടെ പോകുന്നവരുടെയെല്ലാം കൗതുകമാർന്ന ശ്രദ്ധയാകർഷിച്ചുകൊണ്ടിരിക്കുന്ന മുൻഭാഗവും വിംഗുകളും മാത്രം പൂർത്തിയാക്കാനേ ഇന്നുവരെ ദൈവം അനുഗ്രഹിച്ചിട്ടുള്ളു.

ദ്രുതഗതിയിൽ

കാര്യാദികളുടെ വിജയത്തിനു സമയം ഒട്ടും നഷ്ടപ്പെടുത്താതെ ഉപയോഗിച്ചുകൊള്ളണമെന്ന തത്ത്വം നന്നായി അറിയാമായിരുന്ന പുരയ്ക്കലച്ചൻ, വെക്കേഷൻ കഴിഞ്ഞു കോളജു തുറക്കുമ്പോഴേയ്ക്കും, പുതിയ ക്ലാസ്സുകൾക്കു വേണ്ട സ്ഥലസൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനു കെട്ടിടപ്പണി എത്രയും വേഗം പൂർത്തിയാക്കാൻ തീർച്ചപ്പെടുത്തി. സമയം സമാഗതമാകുന്തോറും പണികൾ ഏറ്റം ദ്രുതഗതിയിൽ നടത്തിക്കൊണ്ടിരുന്നു. പണിയും സമയവും തമ്മിലുള്ള ഈ മത്സരത്തിൽ, പണി തന്നെ ജയിക്കുമെന്ന് ഉറപ്പായിക്കൊണ്ടിരുന്നു. കോളജിന്റെ പരിസരങ്ങൾ, രാപകൽ വ്യത്യാസമില്ലാതെ, തിരക്കേറിയ പണിശാലകളായി രൂപാന്തരപ്പെട്ടു. ബഹുശതം വിദഗ്ദ്ധ തൊഴിലാളികളാണ് വിവിധ ജോലികൾ ധൃതഗതിയിൽ നടത്തിക്കൊണ്ടിരുന്നത്.

ശ്രീ. ഒ.പി. ജോസഫിന്റെ മേൽനോട്ടം

പണികാര്യങ്ങളിൽ നിപുണനായ ശ്രീ. ഒ.പി. ജോസഫിന്റെ മേൽനോട്ടം പണികളുടെ ദ്രുതഗതിയിലുള്ള പുരോഗതിക്ക് ആക്കം കൂട്ടി. എല്ലാ കാര്യങ്ങളിലും തന്റെ വാഗ്ദാനം അക്ഷരശഃ നിറവേറ്റിക്കൊണ്ടിരുന്ന പ്രിൻസിപ്പലച്ചനെ അലട്ടിക്കൊണ്ടിരുന്ന മൂന്നു പ്രധാന കാര്യങ്ങളുണ്ടായിരുന്നു: ഒന്ന്, കെട്ടിടപ്പണി പൂർത്തിയാക്കി വേഗം ബിഎ ക്ലാസ്സുകൾ തുടങ്ങിക്കൊള്ളാമെന്ന കരാറനുസരിച്ചു ഗവണ്മെന്റിൽ നിന്നു, ലോഭം കൂടാതെ, വേണ്ട സഹായങ്ങൾ വാങ്ങിക്കൊണ്ടിരുന്നത്. രണ്ട്, മാത്തമാറ്റിക്സ്, ബോട്ടണി, സുവോളജി ഗ്രൂപ്പുകൾ ആരംഭിക്കുമ്പോൾത്തന്നെ പൂർണ്ണമായ സ്ഥലസൗകര്യം തീർച്ചയായും കോളജ് ഉണ്ടാക്കിക്കൊള്ളുമെന്ന ഉത്തമവിശ്വാസത്തിൽ, സാധാരണയിൽ നിന്നു വ്യത്യസ്തമായി, മദ്രാസ് യൂണിവേഴ്സിറ്റി, മുൻകൂട്ടി, അനുവാദം നൽകിയിരുന്നത് (യൂണിവേഴ്സിറ്റിക്കു പ്രിൻസിപ്പലിലുണ്ടായിരുന്ന വിശ്വാസമാണല്ലോ ഇതു വ്യക്തമാക്കുക). മൂന്ന്, അനതിവിദൂരഭാവിയിൽ നിയമിതനാകാൻ പോകുന്ന ബിഷപ്പ്,

മാത്തമാറ്റിക്സ്, ബോട്ടണി, സുവോളജി വിഭാഗങ്ങൾ

കോളജിന്റെ പുതിയ രക്ഷാധികാരി, കോളജ് പണികളെ സംബന്ധിച്ചു സ്വീകരിക്കുന്ന നിലപാട്. പരമപ്രധാനമായ ഒരു കാര്യം തന്നെയായിരുന്നു ഇത്.

**പുരയ്ക്കലച്ചൻ സാത്വികനും സാഹസികനും**

ഭീമമായ സംഖ്യ വേണ്ടിയിരുന്ന സയൻസ് ബ്ലോക്കിന്റെ പണി പുരയ്ക്കലച്ചൻ മുമ്പോട്ടു കൊണ്ടുപോയത്, ഗവണ്മെന്റിൽ നിന്നു ലഭിച്ച ഗ്രാന്റ്, ഫീസ് വരവ്, ഇവകൊണ്ടായിരുന്നു. എന്നാൽ, പ്രതിദിനം ആവശ്യമായ കൂലിച്ചെലവുകൾക്കു വലിയ തുക വേണ്ടിയിരുന്നു; കൂടെ, ധാരാളം കടവും. കടം വാങ്ങി കടം വീട്ടാൻ തന്നെ സാത്വികനായ, എന്നാൽ സാഹസികനായ, പുരയ്ക്കലച്ചൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ കണിശപ്രകൃതി ബാങ്കുകളിൽ നിന്നു നിഷ്പ്രയാസം കടമെടുക്കാൻ സഹായകമായി. ഈവിധം അദ്ദേഹം എല്ലാ പണമിടപാടുകാരുടെയും വിശ്വാസാദരവുകൾക്കു പാത്രമാവുകയും ചെയ്തു.

**മാർ ജെയിംസ് കാളാശേരി പുതിയ രക്ഷാധികാരി**

അനേകം ബാങ്കുകൾ അച്ചന് ആവശ്യംപോലെ കടംകൊടുത്തുകൊണ്ടിരുന്നു. ഒരു ബാങ്കിൽ നിന്നു കടമെടുക്കുന്ന സംഖ്യ കൃത്യസമയത്തു മറ്റൊരു ബാങ്കിൽ നിന്നും കടമായെടുത്തു വീട്ടുന്ന സമ്പ്രദായം, ബാങ്കുകാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായി. 1927 ഒക്ടോബർ മാസാന്ത്യത്തിൽ, കെട്ടിടം പണി രാപകൽ പുരോഗമിച്ചുകൊണ്ടിരിക്കെ, ഫാ. ജയിംസ് കാളാശേരിയെ, സെന്റ് ബർക്കുമാൻസിന്റെ പ്രഥമ വൈസ് പ്രിൻസിപ്പലിനെ, തിരുസിംഹാസനം, ചങ്ങനാശേരി രൂപതയുടെ പുതിയ മെത്രാനായി നിയമിച്ചു. വിവരമറിഞ്ഞ പുരയ്ക്കലച്ചൻ, മരാമത്തുകളെല്ലാം നിർത്തിവച്ചു. പുതിയ രക്ഷാധികാരിയുടെ അനുഗ്രഹാശിസ്സുകളും സമ്മതവും ലഭിച്ചിട്ടു പണികൾ തുടരാമെന്നു കരുതിയാണ് ആ സഭാതനയൻ, ആ സഭാസ്നേഹി, അങ്ങനെ ചെയ്തത്.

**ബോട്ടണിയും സുവോളജിയും ഒരേ സമയത്ത്!**

പുരയ്ക്കലച്ചൻ പുതിയ മെത്രാനെ ഔദ്യോഗികമായി സന്ദർശിച്ച് തന്റെ വിധേയത്വം വ്യക്തമാക്കി. അത്യധികമായ പണച്ചെലവും മറ്റു ബുദ്ധിമുട്ടുകളും ഭയന്ന് തിരുവനന്തപുരം ഗവണ്മെന്റ് കോളജിൽ ബോട്ടണിയും എറണാകുളം ഗവണ്മെന്റ് കോളജിൽ സുവോളജിയും മാത്രം നടത്തിപ്പോന്നിരുന്ന സാഹചര്യത്തിൽ, സെന്റ് ബർക്കുമാൻസിൽ രണ്ടു വിഷയങ്ങളും, ഒരേ സമയത്ത്, ബിഎ ക്ലാസ്സുകളിൽ ഏർപ്പെടുത്തി, അതിഭംഗിയായി നിർവ്വഹിച്ചുപോരുന്നതിൽ, പുരയ്ക്കലച്ചൻ പ്രദർശിപ്പിച്ച അന്യാദൃശമായ കർമ്മധീരതയെ കാളാശ്ശേരിപ്പിതാവ് നിർലോഭം പ്രശംസിച്ചു.

**പണി നിർത്തി വയ്ക്കുന്നു**

പക്ഷേ, സയൻസ് ബ്ലോക്കിന്റെ വിപുലമായ പണച്ചെലവു താങ്ങാൻ രൂപതയ്ക്കു വൈഷമ്യമുണ്ടെന്നാണ് പുതിയ മെത്രാൻ അഭിപ്രായപ്പെട്ടത്. പ്ലാൻ അനുസരിച്ചു കെട്ടിടം അതിവേഗം പൂർത്തിയാക്കിക്കൊള്ളാമെന്ന തന്റെ ഉറപ്പിന്മേലാണ് മുൻകൂറായി ഗ്രാന്റും അനുവാദവും വാങ്ങിയിരിക്കുന്നതെന്ന് പ്രിൻസിപ്പൽ മെത്രാനെ ധരിപ്പിച്ചതിനുശേഷം ബിഷപ്പിന്റെ അഭിപ്രായത്തിനു വിധേയമാകുന്നു എന്ന നിലപാടാണ് ആ മഹാനുഭാവൻ സ്വീകരിച്ചത്. മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ, ബിഷപ്പിന്റെ ആശങ്കകൾ അടിസ്ഥാനരഹിതങ്ങളാണെന്നും, ബൻസിഗർ തിരുമേനി കോളജിനുവേണ്ടി സംഭാവനയായി നല്കിയ



തുകയിൽ അരമനയിൽ ഉണ്ടായിരുന്ന 10,000/- രൂപാപോലും ആവശ്യപ്പെടാതെ പ്രിൻസിപ്പൽ പണികൾ മുമ്പോട്ടു കൊണ്ടുപോകുകയാണെന്നും, സയൻസു സാമ ഗ്രികൾക്കു ചൂങ്കം കൊടുക്കാൻ 3000 രൂപാ അരമനയിൽ നിന്നു കടമായാണു വാങ്ങിയതെന്നും, പറഞ്ഞൊത്തിരുന്ന പതിനഞ്ചു ദിവസങ്ങൾക്കുള്ളിൽ അതു തിരികെ നൽകിയെന്നും, അദ്ദേഹം ബിഷപ്പിനെ അറിയിച്ചു.

ഇങ്ങനെയൊക്കെയാണെങ്കിലും, ബിഷപ്പിന്റെ മനോഭാവത്തിൽ മാറ്റമില്ലെന്നു മനസ്സിലാക്കിയ പ്രിൻസിപ്പൽ കാര്യങ്ങൾ അദ്ദേഹത്തിന്റെ ഇഷ്ടത്തിനു വിട്ടു കൊടുത്തു. തുടർന്ന്, സംഭവവികാസങ്ങൾ പലതുണ്ടായി. ഇതിനിടെ ബിഷപ്പ് പ്രിൻസിപ്പലിനെയും കൂട്ടി റോമിനു പോയി. നാലുമാസത്തോളം നീണ്ടുനിന്ന വിദേശപര്യടനത്തിനുശേഷം ഇരുവരും സെന്റ് ബർക്കുമാൻസിന്റെ സ്ഥാപക നായ ധന്യൻ കുര്യാളശേരി പിതാവിന്റെ ഭൗതികാവിശിഷ്ടവുമായാണു മടങ്ങി വന്നതെന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. ആ പൂജ്യാവശിഷ്ടം ചങ്ങ നാശേരി ഭദ്രാസന ദൈവാലയത്തിന്റെ മദ്ബഹായിൽ സ്നേഹാദരവുകളോടെ വീണ്ടും സംസ്കരിക്കപ്പെട്ടു. കുര്യാളശ്ശേരിപ്പിതാവിന്റെ നാമകരണ നടപടികളോടു ബന്ധപ്പെട്ട് ആ കല്ലറ വീണ്ടും തുറന്നു. പെട്ടി തുറക്കുന്നതിനു സഹായിക്കാനും തുറന്നപ്പോൾ, പിതാവിന്റെ ശിരസ്സ് പെട്ടിയോടു ചേർന്നു വളഞ്ഞിരിക്കുന്നതും ബാക്കി, അഭംഗുരമെന്നോണം കാണാനുമുള്ള അനുഗ്രഹം ലേഖകനു കിട്ടി. ആരോ ആ പൂജ്യാവശിഷ്ടത്തിൽ തൊട്ടുകഴിഞ്ഞപ്പോൾ തിരുവസ്ത്രങ്ങളും തൊപ്പിയുമൊക്കെ പൊടിഞ്ഞുപോയി. ഒരു പല്ലൊഴികെയുള്ള അസ്ഥിപഞ്ജരം കാണാനും കഴിഞ്ഞു. ദൈവമേ, നന്ദി!

**നാമകരണ നടപടി കളോടു ബന്ധപ്പെട്ട് കുര്യാളശേരി പിതാവിന്റെ കല്ലറ തുറക്കുന്നു**

സാമ്പത്തിക പരാധീനതമൂലം ഉണ്ടായ 10 ശതമാനം ശമ്പളക്കുറവിനും പുറമേ, കൂടിക്കൂടി കിടന്നിരുന്ന ശമ്പളക്കുടിശ്ശിഖ, മുതലായവയെപ്പറ്റി അന്വേഷിക്കാൻ മദ്രാസ് യൂണിവേഴ്സിറ്റി കമ്മീഷനെ നിയോഗിച്ചു. ഇതിന്റെ ഉത്തരവാദിത്തം മുഴുവൻ ബിഷപ്പിന്റെയും പ്രിൻസിപ്പലിന്റെയും തലയിൽ വച്ചുകെട്ടാൻ വേണ്ട യത്നങ്ങളെല്ലാം തല്പരകക്ഷികൾ ചെയ്തുകഴിഞ്ഞിരുന്നു.

**കടബാഹുല്യം മൂലം അന്വേഷണ കമ്മീഷൻ**

കമ്മീഷൻ പലതും മനസ്സിലാക്കി. അതുകൊണ്ട് അന്വേഷണം നാലുകാര്യ ങ്ങളിൽ അവർ പരിമിതപ്പെടുത്തി. 1. ശമ്പളത്തിൽ 10 ശതമാനം കുറവു വരുത്തി യത് 2. ശമ്പളക്കുടിശ്ശിഖ 3. കെട്ടിടം പണി തീരാതിരിക്കുന്നത് 4. പ്രിൻസിപ്പ ലിന്റെ കടബാധ്യതകൾ. ഈ നാലു കാര്യങ്ങളെക്കുറിച്ചു മാത്രമേ കമ്മീഷൻ അന്വേഷണം നടത്തിയുള്ളു. തെറ്റിദ്ധരിപ്പിക്കപ്പെടുകയും തെറ്റായ നിഗമനങ്ങ ളിൽ എത്തിച്ചേരുകയും ചെയ്തതിൽ, അവർ പിന്നീട് അനുതപിച്ചുവെന്നാണ് ഗവേഷണം വ്യക്തമാക്കുന്നത്. ലേഖകനും കോളജിന്റെ അത്യാവശ്യങ്ങൾക്കു വേണ്ടി പണം കടം എടുക്കേണ്ടി വന്നിട്ടുണ്ട്. കോളജിന്റെ എല്ലാ കടബാധ്യത കളും തീർത്ത്, മിച്ചവും മിതിയുംവരുത്തി പടിയിറങ്ങാനും, നല്ലവനും കാരു ണ്യവാനുമായ കർത്താവ് കനിഞ്ഞനുവദിച്ചതു ദൈവപരിപാലന ഒന്നു മാത്രം. അതിൽപ്പിന്നെ സെന്റ് ബർക്കുമാൻസിനു സാമ്പത്തിക സമൃദ്ധിയേ ഉണ്ടായിട്ടു ള്ളു. തുടർന്നുള്ള പ്രിൻസിപ്പൽമാർക്ക് കാര്യങ്ങൾ സുഗമമായി മുമ്പോട്ടു കൊണ്ടു

**വൈകിയെങ്കിലും കമ്മീഷന് അനുതാപം**

**ലേഖകനും കടംവാ ങ്ങി, പക്ഷേ മിച്ചം വച്ചു പടിയിറങ്ങാൻ പാടാൻ കനിഞ്ഞു**

പോകാൻ കഴിയുന്നതിൽ സന്തോഷിക്കുകയും സർവ്വശക്തനു നന്ദി പറയുകയും ചെയ്യുന്നു. ഇക്കാര്യങ്ങൾ ലേഖകൻ ഇന്നുവരെയും വെളിപ്പെടുത്തിയിട്ടില്ല. ആർക്കെങ്കിലും ഈ സത്യങ്ങൾ അറിയാമെന്നൊട്ടു വിശ്വസിക്കുന്നുമില്ല.

**പുരയ്ക്കലച്ചന്റെ രാജി**

തന്റെ നിരപരാധിത്വം തെളിയിക്കാൻ ശ്രമിപ്പാൻ രണ്ടു മർമ്മപ്രധാനമായ കാര്യങ്ങൾ സംഭവിക്കുമെന്നു മുൻകൂട്ടിക്കണ്ട 'രക്തസാക്ഷി'യായ പുരയ്ക്കലച്ചൻ തന്റെ ഉദ്യോഗം രാജിവയ്ക്കുകയാണുണ്ടായത്. അന്വേഷണക്കമ്മീഷൻ പുറപ്പെടുന്നതിനുമുമ്പ് ഫാ. ബെട്രാമും താനുമായി നടത്തിയ എഴുത്തുകുത്തുകളിൽ നിന്നും അദ്ദേഹത്തെ ആരോ വല്ലാതായി തെറ്റിദ്ധരിപ്പിച്ചിരിക്കുന്നതായി അറിയുന്നുവെന്നും തന്മൂലം കമ്മീഷനിൽ അംഗമായി അദ്ദേഹത്തെ ഉൾപ്പെടുത്തുന്നതു നീതിയല്ലെന്നും ബിഷപ്പ് യൂണിവേഴ്സിറ്റിക്കു കമ്പി അയച്ചിരുന്നുവെന്ന ഒരു വസ്തുത വ്യക്തമാക്കുന്നതു മാപ്പാക്കണം.

**ബിഷപ്പിന്റെ വീക്ഷണത്തിൽ മാറ്റം**

സ്വദേശം വിട്ടുകഴിഞ്ഞപ്പോൾ ബിഷപ്പിന്റെ വീക്ഷണഗതി വളരെയേറെ മാറിയതുപോലെയാണു പ്രിൻസിപ്പലിനു തോന്നിയത്. പാരീസ്, ലണ്ടൻ, റോം തുടങ്ങിയ വിജ്ഞാനകേദാരങ്ങളിലെ ഉത്തുംഗസൗധങ്ങൾ സെന്റ് ബർക്കുമാൻസിന്റെ അപ്പോഴത്തെ 'പരിഹാസ്യ'മായ അവസ്ഥ അദ്ദേഹത്തിനു ബോദ്ധ്യമാക്കിയതു പോലെയായിരുന്നു പിന്നീടുള്ള രീതികൾ.

**ഫാ. ബെട്രാമിനും കമ്മീഷനും നിജസ്ഥിതി മനസ്സിലാകുന്നു**

നിയോഗിതമായ കമ്മീഷന്റെ അന്വേഷണം കഴിഞ്ഞ് അധികനാളുകൾക്കു മുമ്പ് ശ്രീ ജേക്കബ് ചെറിയാനും ശ്രീ കൊട്ടുകാപ്പള്ളി തോമസ്സും ഫാ. ബെട്രാമുമായി നടത്തിയ അഭിമുഖസംഭാഷണവും തുടർന്ന് അവർ തമ്മിൽ നടന്ന എഴുത്തുകുത്തുകളുടെ ഉള്ളടക്കവും വ്യക്തമാക്കുന്നത് പുരയ്ക്കലച്ചനെ എല്ലാവരും കൂടി ബലികഴിക്കയാണുണ്ടായതെന്ന് അദ്ദേഹത്തിനു (ഫാ.ബെട്രാം) വ്യക്തമായെന്നാണ്. സ്വപ്രയത്നം കൊണ്ടുണ്ടാക്കിയ കോളജിന്റെ അധിപനായി പുരയ്ക്കലച്ചനെ ഒരിക്കൽകൂടി അവരോധിക്കാൻ, ദൈവം അനുവദിക്കുമെങ്കിൽ, അതിനു തന്നാലാവുന്നതൊക്കെ ചെയ്യാൻ ശ്രമിക്കുമെന്നുള്ള സൂചന ഫാ. ബെട്രാം നല്കിയതായാണു ചില ചരിത്രകാരന്മാർ രേഖപ്പെടുത്തുക. അച്ചൻ അങ്ങനെയൊരു ഔദാര്യം ഒരിക്കലും ആഗ്രഹിച്ചില്ലെന്നും അവർ വ്യക്തമാക്കുന്നു.

**കാളാശ്ശേരി പിതാവിനു പുരയ്ക്കലച്ചനോടുള്ള സ്നേഹം**

കാളാശ്ശേരിപ്പിതാവിനു പുരയ്ക്കലച്ചനോടുള്ള സ്നേഹവും ആദരവും വർദ്ധിച്ചുവന്നു. തന്മൂലം അദ്ദേഹം അന്നത്തെ തന്റെ കാര്യദർശിയായ ഫാ. ജോസഫ് ഇത്തിപ്പറമ്പിൽ വശം താൻ അച്ചനുവേണ്ടി സമ്പാദിച്ചുവച്ചിരുന്ന "മോൺസിഞ്ഞോർ പദവി" (അന്നൊക്കെ അതിനു വിലയുണ്ടായിരുന്നു) കോളജിന്റെ രജതജൂബിലിയോടനുബന്ധിച്ച് സ്വീകരിക്കണമെന്ന് സ്നേഹപൂർവ്വം ആവശ്യപ്പെട്ടു. പക്ഷേ, താൻ അതിനു യോഗ്യനല്ലെന്നു പറഞ്ഞ് വിനയപൂർവ്വം, നന്ദിയോടെ തന്നെ, അദ്ദേഹം അതു നിരസിക്കുകയാണുണ്ടായത്.

**പുരയ്ക്കലച്ചനെ വീണ്ടും പ്രിൻസിപ്പലാക്കാനുള്ള നീക്കം**

പുരയ്ക്കലച്ചനെ സെന്റ് ബർക്കുമാൻസിന്റെ പ്രിൻസിപ്പലായി വീണ്ടും നിയമിക്കണമെന്നു അഭിവന്ദ്യ കാളാശ്ശേരിപ്പിതാവുപോലും അതിയായി ആഗ്രഹിച്ചിരുന്നുവെന്നും സൂചനകളുണ്ട്.



**സയൻസ് ജൂബിലി മഹാമഹം**

**ഉദ്ഘാടകൻ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവ്**

1952-'53-ലെ വിദ്യാലയവർഷത്തിൽ, സെന്റ് ബർക്കുമാൻസിൽ നടന്ന സയൻസ് വിഭാഗ ജൂബിലി മഹാമഹം ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവു നടത്തിയ പ്രസംഗം കേട്ടുള്ളവർക്ക് ഒരിക്കലും മറക്കാൻ കഴിയുകയില്ല. തിരുമനസ്സിലെ മധുരമൊഴികൾ ഇങ്ങനെയായിരുന്നു: "ഈ കോളജിന്റെ വളർച്ചയെ ഞങ്ങൾ അത്യന്തം കൗതുകത്തോടുകൂടിയാണു വീക്ഷിച്ചിരുന്നത്. അന്നത്തെ ചങ്ങനാശേരി ബിഷപ്പും (ധന്യൻ കുര്യാളശ്ശേരി പിതാവ്) പ്രത്യേകമായി ഫാദർ പുരയ്ക്കലും, ഈ സ്ഥാപനത്തിന്റെ പ്രാരംഭകാലം മുതൽക്കുള്ള പുരോഗമനത്തെപ്പറ്റി അപ്പഴപ്പോൾ, ഞങ്ങളെ അറിയിച്ചുകൊണ്ടിരുന്നു. കേവലം ലഘുവായ ചുറ്റുപാടിന്മേൽ ആരംഭിച്ച ഈ സ്ഥാപനത്തെ നാം ഇന്നു കാണുന്നതുപോലെ സുസ്ഥിരവും ഈടാർന്നതുമായ ഗംഭീരാവസ്ഥയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്നതിനു ഫാ. പുരയ്ക്കൽ ചെയ്തുകൊണ്ടിരുന്ന നിസ്വാർത്ഥവും നിസ്തുലവുമായ സേവനങ്ങളെപ്പറ്റി, ഈ ശുഭാവസരത്തിൽ, ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുന്നത് ഒട്ടും അസ്ഥാനത്തായിരിക്കുകയില്ലല്ലോ."

**പുരയ്ക്കലച്ചന് ചിത്തിര തിരുനാൾ മഹാരാജാവിന്റെയും അമ്മ മഹാറാണിയുടെയും അകമഴിഞ്ഞ അഭിനന്ദനം**

മഹാരാജാവും അമ്മറാണിയും പുരയ്ക്കലച്ചനെ സ്വദേശിയായ ഒന്നാമത്തെ ഒരു ഉത്തമ കലാലയാദ്ധ്യക്ഷൻ, കാര്യനിർവ്വഹണത്തിൽ ബദ്ധശ്രദ്ധനായ ഒരു പ്രത്യുല്പന്നമതി എന്നീ നിലകളിൽ മാത്രമല്ല ദർശിച്ചിരുന്നത്. തിരുമനസ്സുകളും അവരുടെ ഗവണ്മെന്റും സന്ദർഭാനുസരണം സ്വപ്രജകളുടെ സംസ്കാരികാഭിവൃദ്ധിക്കുവേണ്ടി ഏർപ്പെടുത്തിയിരുന്ന ഗഹനങ്ങളും, പലർക്കും ദുർഗ്രഹങ്ങളുമായ, രാജ്യതന്ത്രപ്രവർത്തനങ്ങളെ, പഠിച്ചും പഠിപ്പിച്ചും പോന്ന, ഒരു തികഞ്ഞ രാജഭക്തനും സ്വരാജ്യസ്നേഹിയും കൂടിയായാണ് അദ്ദേഹത്തെ അവർ കണക്കാക്കിയിരുന്നത്. അനവസരത്തിലെ വിദ്യാലയബഹിഷ്കരണം, നിവർത്തനപ്രക്ഷോഭണം തുടങ്ങി വലിയ വിഷമസമ്പൂർണ്ണമായ ഘട്ടങ്ങളിൽ സെന്റ് ബർക്കുമാൻസിന്റെ പ്രഥമ പ്രിൻസിപ്പലും അരുമശിഷ്യസഞ്ചയവും കൈക്കൊണ്ടുപോന്ന നിലപാട്, മേല്പറഞ്ഞ കാര്യങ്ങളെയൊക്കെ സാധൂകരിക്കാൻ പോന്നതാണ്.

**രാഘവയ്യാ, വാട്സ് സുബ്രഹ്മണ്യ അയ്യർ ഹബീബുള്ള തുടങ്ങിയവരുടെ വിശ്വസ്ത മിത്രം**

മഹാത്മാരായ രാഘവയ്യാ, വാട്ട്സ്, സുബ്രഹ്മണ്യ അയ്യർ (വാഴപ്പള്ളിക്കാരൻ), ഓസ്റ്റിൻ ഹബീബുള്ള ഇത്യാദി ദിവാൻജിമാർ അവരുടെ വിശ്വസ്ത മിത്രമായും, രാജ്യക്ഷേമകരമായ അവരുടെ ആശയങ്ങളുടെ യഥാർത്ഥ പ്രചാരകനായും പുരയ്ക്കലച്ചനെ കരുതിപ്പോന്നു. അദ്ദേഹത്തിന്റെ നിഷ്കളങ്കമായ രാജ്യസേവനസന്നദ്ധതയും ധിഷണാവിലാസവും സമുന്നതസ്ഥാനവും, മതാത്മകമായ ദുർഘടസന്ധികളെപ്പോലും തരണം ചെയ്യുന്നതിനു സഹായകമായിട്ടുണ്ട്. അതിനു പ്രാരംഭമായായിരിക്കണം മാർ ഈവാനിയോസ് കോളജിന്റെ പ്രഥമ പ്രിൻസിപ്പലായി, പരിചയസമ്പന്നനായ പുരയ്ക്കലച്ചന്റെ സേവനം കടമായി നൽകാൻ ബിഷപ്പ് സന്നദ്ധനായത്. തിരുവിതാംകൂർ സർവ്വകലാശാലാ സിൻഡിക്കേറ്റു യോഗത്തിൽ, 1949 ഒക്ടോബർ 14-ാം, ഏകയോഗമായി ഇക്കാര്യം തീരുമാനിച്ചു. 15-ാം തീയതിയിലെ ദീപികയിൽ ഇങ്ങനെ വാർത്തയും വന്നു (വെണ്ടയ്ക്കാ അക്ഷരത്തിൽ). റവ. ഫാ. മാത്യു പുരയ്ക്കൽ എംഎ. മാർ ഈവാനിയോസ് കോള

ജിന്റെ പ്രഥമ പ്രിൻസിപ്പലായിരിക്കണമെന്നു തിരുവിതാംകൂർ സർവ്വകലാശാലാ സിൻഡിക്കേറ്റു തീരുമാനിച്ചിരിക്കുന്നു.

പുരയ്ക്കലച്ചന്റെ ശ്രേഷ്ഠശിഷ്യൻ, അന്നത്തെ പ്രോ വൈസ് ചാൻസലർ ശ്രീ പരമേശ്വരപ്പണിക്കർ, ഏറെ ചതുരതയാർന്ന ഒരു ശുപാർശാപ്രസംഗം, സിൻഡിക്കേറ്റിൽ നടത്തി. കൂടാതെ, സെന്റ് ബർക്കുമാൻസ് കോളജിന്റെ അന്നത്തെ പ്രിൻസിപ്പൽ വില്യമച്ചൻ (ex-officio അംഗം) പ്രഭാഷകപ്രവീണനായ മള്ളൂർ ഗോവിന്ദപ്പിള്ള, അന്നത്തെ തിരുവിതാംകൂർ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ശ്രീ എ. ഗോപാലമേനോൻ, ഇവരും ശക്തിയുക്തം സിൻഡിക്കേറ്റു തീരുമാനത്തെ ഉപോദ്ബലിക്കുകയും അംഗീകരിക്കുകയും ചെയ്തതാണ്.

പുരയ്ക്കലച്ചനെ മാർ ഇവാനിയോസ് കോളജിന്റെ പ്രഥമ പ്രിൻസിപ്പലാക്കാൻ സിൻഡിക്കേറ്റ് തീരുമാനം

പക്ഷേ, പുരയ്ക്കലച്ചൻ പ്രസ്തുത നിയമനത്തെ വിനയപൂർവ്വം നിരാകരിക്കുക തന്നെയാണുണ്ടായത്. ബാംഗ്ലൂർ ആർച്ചുബിഷപ്പ് തോമസ് പോത്തയ്ക്കമുറി, പുരയ്ക്കലച്ചനെ തന്റെ പുതിയ കോളജിന്റെ സാരഥിസ്ഥാനത്തേക്കു ക്ഷണിച്ചെങ്കിലും, അച്ചൻ സവിനയം, ആ അഭ്യർത്ഥനയും നിരസിച്ചു. സെന്റ് ബർക്കുമാൻസിൽ പുരയ്ക്കലച്ചനെ വീണ്ടും പ്രിൻസിപ്പലാക്കാനുള്ള കാളാശ്ശേരി പിതാവിന്റെ തന്നെ പരിശ്രമങ്ങളും, പുരയ്ക്കലച്ചനെ മാർ ഈവാനിയോസ് കോളജിനോടു ബന്ധപ്പെടുത്താനുള്ള മാർ ഈവാനിയോസ് തിരുമേനിയുടെയും പിൻഗാമി മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും, ശ്രമങ്ങളും, പുതുതായി ആരംഭിച്ച പല കോളജുകളും പുരയ്ക്കലച്ചന്റെ വിശിഷ്ടമായ സേവനം സ്വായത്തമാക്കാൻ നടത്തിയ ശ്രമങ്ങളുമെല്ലാം പരാജയമടയുകയാണുണ്ടായത്. ഈ നിരാസമൊക്കെ ആ മഹാനുഭാവന്റെ മികവിന്റെ തെളിവായി അംഗീകരിക്കരുതോ?

പുരയ്ക്കലച്ചൻ ഒഴിഞ്ഞുമാറുന്നു

## പുരയ്ക്കലച്ചന്റെ പ്രഗത്ഭരായ ശിഷ്യന്മാർ

അച്ചന്റെ ശിഷ്യഗണത്തിൽപ്പെട്ട്, അനന്തരകാലത്ത് മെത്രാന്മാരും പ്രിൻസിപ്പൽമാരും പ്രഫസർമാരുമായവരെ അണിനിരത്തട്ടെ. നീണ്ടുനിവർന്നു കിടക്കുന്ന ആ കനത്ത ശൃംഖലയിൽപ്പെട്ടവരാണ് ദൈവദാസൻ കാവുകാട്ടുപിതാവ്, വയലിൽ പിതാവ്, വള്ളോപ്പിള്ളി പിതാവ്, മാർ ഇവാനിയോസ് കോളജു പ്രിൻസിപ്പലായിരുന്ന, റവ. ഡോ. എൻ.എ. തോമസ്, സെന്റ് ബർക്കുമാൻസ് കോളജ് പ്രിൻസിപ്പൽ ഫാ. പി.സി. മാത്യു (പാറങ്കുളങ്ങര), മോൺ. ഫ്രാൻസിസ് കാളാശേരി, പാലാ സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ ഫാ. ജോസഫ് കുരീത്തടം, മൂവാറ്റുപുഴ കോളജ് പ്രിൻസിപ്പൽ ഫാ. തോമസ് നെടുങ്കല്ലേൽ, ചങ്ങനാശേരി എൻഎസ്എസ് ട്രെയിനിംഗ് കോളജ് പ്രിൻസിപ്പൽ ശ്രീ. പള്ളിപ്പുറം ഗോപാലപിള്ള, പുരി ഗവണ്മെന്റ് കോളജു പ്രിൻസിപ്പൽ ശ്രീ. എം.എ. ജോൺ തുടങ്ങിയവർ പലരിൽ ചിലർ മാത്രം. മാർ ഇവാനിയോസിൽ വൈസ് പ്രിൻസിപ്പലായിരുന്ന ഫാ. ജോസഫ് മാത്യു, പാലാ സെന്റ് തോമസിൽ വൈസ്പ്രിൻസിപ്പലായിരുന്ന ഫാ. ജോൺ ഒറ്റം ഇവരെയും അനുസ്മരിക്കുന്നു. ആലുവായിൽ ദൈവശാസ്ത്രവിദ്യാർത്ഥിയായിരുന്നപ്പോൾ ലേഖകൻ രചിച്ച രണ്ടു ഗ്രന്ഥങ്ങൾ.

കാവുകാട്ടു പിതാവ്
വള്ളോപ്പിള്ളി പിതാവ്
നങ്ങച്ചിവീട്ടിലച്ചൻ
കാളാശ്ശേരിലച്ചൻ
കുരീത്തടത്തിലച്ചൻ
പള്ളിപ്പുറം
ഗോപാലപിള്ള
എം.എ. ജോൺ
ഒറ്റത്തിലച്ചൻ (ജോൺ)



'സ്നേഹത്തിന്റെ കഥ', 'പ്രേമസംഗീതം' ഇവ അണിയിച്ചൊരുക്കി സുന്ദരമാക്കിയ മറ്റത്തിലച്ചനോട് ഈയുള്ളവന്റെ കടപ്പാട് വർണ്ണനാതീതമാണ്.

**ഒന്നും രണ്ടും നമ്പരുകൾ**

**എ. ജെ. എബ്രഹാം**

**എ. ജെ. ജോർജ്ജ്**

**മുപ്പത്തഞ്ചാം നമ്പർ**

ചെങ്ങന്നൂർ ഗവൺമെന്റ് ഹൈസ്ക്കൂളിൽ നിന്നും വന്ന സഹോദരരായ എ. ജെ. എബ്രഹാമും എ. ജെ. ജോർജ്ജുമാണ് ഒന്നും രണ്ടും നമ്പരുകളായി സെന്റ് ബർക്കുമാൻസിൽ ആദ്യമായി പ്രവേശിപ്പിക്കപ്പെട്ടത്. പ്രഥമബാച്ചിലെ നൂറ്റിയിരുപത്തഞ്ചു വിദ്യാർത്ഥികളിൽ, കോളജിന്റെ പ്ലാറ്റിനം ജൂബിലിയിൽ, ആത്മീയമായി പങ്കെടുക്കുകയും കോളജിനെക്കുറിച്ചുള്ള തന്റെ അനുസ്മരണങ്ങൾ സ്വമേധയാ, സ്വന്തം കൈപ്പടയിൽ, ഇംഗ്ലീഷിൽ എഴുതി അറിയിക്കുകയും, ശതാബ്ദി ആഘോഷിച്ചതിനുശേഷം 2004ൽ നിത്യസൗഭാഗ്യത്തിനു പോകുകയും ചെയ്ത ശ്രീമാൻ റ്റി. പോൾ. ഒന്നാം ബാച്ചിലെ 35-ാം നമ്പർ വിദ്യാർത്ഥിയായിരുന്നു.

**റ്റി. പോൾ മേച്ചേരിക്കുന്നേൽ പ്ലാറ്റിനം ജൂബിലിയിലും!**

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്കു തൊട്ടുമുമ്പു ലേഖകൻ ആ മാന്യദേഹത്തെ വെമ്പള്ളി (പാലാ) ജംഗ്ഷനിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു കണ്ട് അദ്ദേഹവുമായി അഭിമുഖം നടത്തി, പ്രസക്ത ഭാഗങ്ങൾ ദീപികയിൽ പ്രസിദ്ധം ചെയ്തിരുന്നു. ഡി. എസ്. പി. ആയി റിട്ടയർ ചെയ്ത അദ്ദേഹത്തിന് 6 അടി 4 ഇഞ്ച് ഉയരമുണ്ടായിരുന്നു. ആദ്യ ക്ലാസ്സുകളിൽ ഒന്നിൽ, ഏതോ ഒരു അധ്യാപകൻ, അദ്ദേഹത്തോട് ഒരു ചോദ്യം ചോദിച്ചു. ഉത്തരം പറയാൻ എഴുന്നേറ്റു നിന്നപ്പോൾ അധ്യാപകൻ അത്ഭുതപരതന്ത്രനായി ചോദിച്ചു: "Why are you standing up on the bench?" 'താൻ നിലത്തു തന്നെയാണ് നില്ക്കുന്നതെ'ന്ന് മറുപടി പറഞ്ഞുവെന്ന് തന്റെ അനുസ്മരണത്തിൽ എനിക്ക് എഴുതിയിരുന്നു.

**Why are you standing up on the desk**

സെന്റ് ബർക്കുമാൻസിന്റെ പ്രഥമ ബാച്ചിലെ പ്രഗത്ഭരിൽ എടുത്തു പറയേണ്ട മറ്റൊരു പൂർവ്വവിദ്യാർത്ഥിയാണ് പ്രസിദ്ധനായ ഫാ. ജോസഫ് കുരീത്തടം (കെ. വി. ജോസഫ്). ഇംഗ്ലീഷ് ഭാഷ അദ്ദേഹത്തിനു പ്രിയതമയായിരുന്നു. 1927 -29 ൽ അദ്ദേഹം ആത്മവിദ്യാലയത്തിൽ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. അന്ന് അദ്ദേഹം ഡിപ്പാർട്ടുമെന്റിലെ ഒൻപതാമത്തെ അംഗമായിരുന്നു. നവരത്നങ്ങളിൽ നവജാതൻ!

ഇതിനു ശേഷം അദ്ദേഹം സെമിനാരിയിൽ ചേർന്നു പഠിച്ച് കർത്താവിന്റെ പുരോഹിതനായി അഭിഷേചിക്കപ്പെട്ടു. കാലക്രമത്തിൽ ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും എം.എ. ബിരുദം കരസ്ഥമാക്കി. 1939 ൽ ആത്മവിദ്യാലയത്തിൽ വീണ്ടും പ്രൊഫസറായി അവരോധിക്കപ്പെട്ടു. 1944 വരെ ഈ സ്ഥാനം അദ്ദേഹം അലങ്കരിച്ചു. ആ കാലയളവിൽ ക്യാമ്പസിലുണ്ടായിരുന്ന സെന്റ് ബർക്കുമാൻസ് ഹോസ്റ്റലിന്റെ വാർഡനുമായിരുന്നു അദ്ദേഹം.

**ഫാ. ജോസഫ് കുരീത്തടം കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളജിന്റെ പ്രിൻസിപ്പൽ**

സെന്റ് ബർക്കുമാൻസിലെ പ്രശസ്തമായ സേവനപാരമ്പര്യം, പരിചയസമ്പത്ത്, കഴിവിന്റെ മികവ്, വിദ്യാർത്ഥികളുടെ ഇടയിലെ നല്ല സ്വാധീനം, ജനസമ്മതി എല്ലാം അദ്ദേഹത്തെ കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളജിന്റെ

പ്രിൻസിപ്പൽ സ്ഥാനമേറ്റെടുത്തിച്ചു. പാലാ സെന്റ് തോമസിൽ കഴിവുറ്റ ഒരു പ്രിൻസിപ്പലിന്റെ ആവശ്യം വന്നപ്പോൾ രൂപതയ്ക്ക് ഒരേ ഒരു ചോയ്സ് മാത്രം - ഫാ. ജോസഫ് കുരീത്തടം. അദ്ദേഹം അധികാരികളുടെ ഇംഗിതത്തിനു വഴങ്ങി, ഫാത്തിമായിൽ നിന്നു വിരമിച്ച്, സെന്റ് തോമസ്സിന്റെ സാരഥ്യം ഏറ്റെടുത്തു.

അതികായൻ

സെന്റ് തോമസ്സിലെ പ്രഗത്ഭനായ ഒരു പൂർവ്വവിദ്യാർത്ഥി ഡോ. വി.സി. തോമസ്സ് (Retired professor and head of the Department of Zoology, Reader, Research Guide St. Berchmans' College) ഒരിക്കൽ എന്നോടു പറഞ്ഞത്, സ്മര്യപുരുഷൻ അതിപ്രശസ്തനായ ഒരു ഇംഗ്ലീഷ് പ്രൊഫസറും അതിപ്രഗത്ഭനായ ഒരു ഭരണതന്ത്രജ്ഞനും കേരളാ യൂണിവേഴ്സിറ്റിയിലെ അതികായനായ ഒരു സെനറ്ററുമായിരുന്നു എന്നാണ്. സമശീർഷരായി എടുത്തു പറയാൻ മറ്റാരെയും തനിക്ക് അറിഞ്ഞുകൂടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇവർക്കൊക്കെ ആത്മവിദ്യാലയത്തോടുള്ള ആദരവും സ്നേഹവും പ്രതിബദ്ധതയും കലാലയമാതാവിനെക്കുറിച്ചുള്ള അവരുടെ അഭിമാനവുമെല്ലാം നേരിൽ മനസ്സിലാക്കാൻ മഹോന്നതൻ കനിഞ്ഞനുഗ്രഹിച്ചിട്ടുണ്ട്. വിസ്തരഭയത്താൽ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

അതികായർക്ക് ആത്മവിദ്യാലയത്തോടുള്ള സ്നേഹം, ആദരവ്, പ്രതിബദ്ധത, അഭിമാനം

## വിദ്യാർത്ഥികളോടുള്ള പുരയ്ക്കലച്ചന്റെ പെരുമാറ്റം

അച്ചടക്കാനുശാസനം വിദ്യാർത്ഥികളിൽ രൂഢമൂലമാക്കാൻ പുരയ്ക്കലച്ചൻ അങ്ങേയറ്റം പരിശ്രമിച്ചിരുന്നു. എങ്കിലും, ദയാർദ്രമായ ഒരു പൈതൃകഹൃദയത്തിന്റെ ഉടമയുമായിരുന്നു അദ്ദേഹം. സ്വഭാവസംസ്കരണത്തിലാണ് അച്ചൻ ഏറ്റമധികം ശ്രദ്ധ പതിപ്പിച്ചിരുന്നത്. എന്നാൽ, അവരുടെ യുവസഹജമായ ചാപല്യങ്ങളെ ദാക്ഷിണ്യപൂർവ്വം വീക്ഷിക്കാൻ തക്ക മഹാമനസ്കത അദ്ദേഹം, യഥോചിതം, കാണിച്ചിരുന്നു. ഹൈന്ദവവിദ്യാർത്ഥികളോട് പ്രത്യേക പരിഗണന കാണിച്ചിരുന്നത് അദ്ദേഹത്തിന്റെ അതിവിശാലഹൃദയത്തിന്റെ ആവിഷ്കാരം മാത്രം. അവരിൽ പലരും അദ്ദേഹത്തിന്റെ ഔദാര്യം ആവോളം ആസ്വദിച്ചിട്ടുള്ളവരാണ്. അവർ പബ്ലിക് റോഡിൽ വച്ചുപോലും അദ്ദേഹത്തെ കണ്ടാലുടൻ ഭക്ത്യാദരപുരസ്സരം നമിച്ച്, അവർക്കു ലഭിച്ചിരുന്ന ഉദാരമായ സഹായങ്ങളെ അനുസ്മരിച്ച്, കൃതജ്ഞതാനിർഭരമായ അശ്രുക്കൾ പൊഴിച്ച്, നമ്രശിരസ്കരായി, നിന്നുപോകുന്ന, ഹൃദയസ്പൃക്കായ കാഴ്ച പലരും ദർശിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. അദ്ദേഹം ചെയ്തിരുന്ന നന്മകൾ സ്വന്തം ഇടതുകൈപോലും അറിഞ്ഞിരുന്നില്ല. നാഥന്റെ നിർദ്ദേശം അങ്ങനെയാണല്ലോ.

അച്ചടക്കം അത്യാവശ്യം

മഹാമനസ്കതയുടെ ആൾരൂപം

കുറെക്കാലം പുരയ്ക്കലച്ചൻ പാളയം കത്തീഡ്രലിനു സമീപം തനിക്കുണ്ടായിരുന്ന വിനീതമായ വസതിയിലാണു വസിച്ചിരുന്നത്. പ്രസ്തുത വസതി പലപ്പോഴും അദ്ദേഹത്തിന്റെ പൂർവ്വവിദ്യാർത്ഥികളുടെ ഏതാണ്ടൊരു തീർത്ഥാടനകേന്ദ്രമായി മാറുമായിരുന്നു. തന്റെ ബഹുസഹസ്രം ശിഷ്യഗണങ്ങളുടെ ആത്മാർത്ഥമായ ഭക്ത്യാദരവുകളാണ് പുരയ്ക്കലച്ചന്റെ പേരുപെറ്റ സമ്പാദ്യം.

പുരയ്ക്കലച്ചന്റെ വിനീത വസതി സശിഷ്യരുടെ തീർത്ഥാടനകേന്ദ്രം



## സെന്റ് ബർക്കുമാൻസിൽ പുരയ്ക്കലച്ചൻ നിയമിച്ച അധ്യാപകർ

**വിവേകപൂർണ്ണമായ നിയമനങ്ങൾ**

എത്ര പ്രാഗത്ഭ്യത്തോടെയാണ് പുരയ്ക്കലച്ചൻ ആദ്യകാലാദ്ധ്യാപകരെ നിയമിച്ചതെന്ന്, അവരുടെ ലിസ്റ്റിലൂടെ കണ്ണോടിക്കുന്ന ആർക്കും, ഒറ്റനോട്ടത്തിൽ, മനസ്സിലാകും. എറണാകുളം മഹാരാജാസ് കോളജിലെ ഇംഗ്ലീഷ് പ്രൊഫസറായിരുന്ന് അതിപ്രഗത്ഭനായ റ്റി. കെ. ശങ്കരമേനോൻ എം.എ. (Hons) യുടെ സേവനം, താല്ക്കാലികമായാണെങ്കിലും ലഭ്യമാക്കി, സെന്റ് ബർക്കുമാൻസ് കോളജിൽ, ആദ്യത്തെ ക്ലാസ്സെടുപ്പിക്കുന്നതിൽ വിജയിച്ചതു, ദൈവകൃപയും, അതിനോടു സഹകരിച്ച്, അവിടുത്തെ തിരുഹിതം, അനുനിമിഷം പൂർത്തിയാക്കാൻ, ബദ്ധശ്രദ്ധനായിരുന്ന പുരയ്ക്കലച്ചന്റെ, നൈസർഗ്ഗിക കഴിവുമാണ്. അന്ന് ഒരു കോളജിന്റെ പ്രാഗത്ഭ്യം വിലയിരുത്തപ്പെട്ടിരുന്നത് ആംഗ്ലേയഭാഷാവിഭാഗത്തിന്റെ അധ്യക്ഷൻ ആരെന്നു നോക്കിയായിരുന്നുവെന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ!!

**ഇംഗ്ലീഷ് വിഭാഗത്തിൽ 22 അധ്യാപകർ**

ശങ്കരമേനോൻസാറിനു പുറമെ, ഇരുപത്തിയൊന്ന് അധ്യാപകരെ കൂടി ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ പുരയ്ക്കലച്ചൻ നിയമിച്ചതായാണ് രേഖകൾ വ്യക്തമാക്കുക. കോളജിന്റെ 'prestigious' ആംഗ്ലേയവിഭാഗത്തിലെ അതികായനെ ആയിരിക്കണം പുരയ്ക്കലച്ചൻ അവസാനം നിയമിച്ചത്. സെന്റ് ബർക്കുമാൻസ് സാരസ്വതീക്ഷേത്രത്തിന് ഒരിക്കലും മറക്കാനാവാത്ത എം. പി. പോൾ സാറാണ് ഈ മഹാപ്രതിഭ. അറിയാൻ കഴിഞ്ഞിടത്തോളം, 48 വയസ്സുവരെ മാത്രമേ അദ്ദേഹം ഈ ഭൂമിയിൽ ജീവിച്ചുള്ളു. എന്നാൽ രണ്ടു പുരുഷായുസ്സിൽ ചെയ്യാൻ കഴിഞ്ഞേക്കുന്ന കാര്യങ്ങൾ ഈ ചുരുങ്ങിയ കാലയളവിൽ എം. പി. പോൾ സാർ ചെയ്തുവെന്നത് വസ്തുത. 'ഗുണികളുഴിയിൽ നീണ്ടുവാഴാ, എന്ന സൂക്തമുണ്ടല്ലോ.

**സെന്റ് ബർക്കുമാൻസിന്റെ മഹാപ്രതിഭ**

**ജി.എഫ്. പപ്പാളി എം.എ.പി.എച്ച്.ഡി (ലണ്ടൻ)**

പുരയ്ക്കലച്ചൻ നിയമിച്ച മറ്റൊരു പ്രശസ്തനാണ് ജി. എഫ് പപ്പാളി എം. എ. പി.എച്ച്.ഡി. (ലണ്ടൻ). 1925 മുതൽ 1937 വരെ, ഒരു വ്യാഴവട്ടക്കാലം, വകുപ്പദ്ധ്യക്ഷനായിരുന്ന അതിസമർത്ഥനായ ആർ. പി. കുളത്തൈസ്വാമി പിള്ള ബി.എ. എൽ.റ്റി. എൽ. സി. പി. കോളജിന്റെയും വകുപ്പിന്റെയും വളർച്ചയിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുള്ള മാന്യദേഹമാണ്. ആദ്യബാച്ചിലെ (പുരയ്ക്കലച്ചന്റെ പ്രഥമശിഷ്യർ) രണ്ടു പേരെയെങ്കിലും അച്ചൻ ഇംഗ്ലീഷ് വിഭാഗത്തിൽ നിയമിച്ചിട്ടുണ്ട്. ശ്രീ. കെ.വി. ജോസഫ് ബി.എ ആണ് ആദ്യം നിയമിതനായത്. അദ്ദേഹമാണ് പിന്നീട് വൈദികവൃത്തി സ്വീകരിച്ച പ്രഗത്ഭനായ ഫാ. ജോസഫ് കുരീത്തടം. 38 വർഷം സെന്റ് ബർക്ക്മാൻസിൽ അത്യാത്മാർത്ഥതയോടെ പഠിപ്പിക്കുകയും, പിന്നീട് വകുപ്പദ്ധ്യക്ഷനായി 1967 ൽ വിരമിക്കുകയും ചെയ്ത എന്റെ അഭിവന്ദ്യ ഗുരുനാഥൻ പ്രൊഫസർ സി.എസ്. കുര്യൻ ബി.എ. (Hons) ആണ് പുരയ്ക്കലച്ചൻ നിയമിച്ച തന്റെ രണ്ടാമത്തെ ശിഷ്യൻ. ശാന്തനും ശാലീനനും സരളഹൃദയത്തിന്റെ ഉടമയുമായ എന്റെ ഗുരുനാഥൻ കുര്യൻ സാറിന്റെ ചരമ പ്രസംഗം പറയാൻ സാധിച്ചതു വലിയ ദൈവാനുഗ്രഹമായാണു ലേഖകൻ വിലയിരുത്തുക. സി. ആർ. കേരളവർമ്മ ബി.എ. (Hons) 1934-35 ൽ സെന്റ് ബർക്കു

**സി.ആർ. കേരളവർമ്മ ബി.എ. (Hons)**

മെൻസിൽ സേവനം അനുഷ്ഠിച്ചിരുന്നു.

**മലയാള വിഭാഗത്തിൽ ആദ്യം നിയമിതനായ അധ്യാപകൻ എ. പരമേശ്വരയ്യർ ബി.എ.**

എ. പരമേശ്വരയ്യർ ബി.എ. ഒരുവർഷമേ സെന്റ് ബർക്കുമാൻസിൽ മലയാളവിഭാഗത്തിൽ സേവനം അനുഷ്ഠിച്ചുള്ളു എങ്കിലും ആദ്യം നിയമിതനായ അധ്യാപകൻ എന്ന ബഹുമതി അദ്ദേഹത്തിനുണ്ട്. അത്ര പ്രഗത്ഭനായിരുന്നതുകൊണ്ടായിരിക്കണമല്ലോ പുരയ്ക്കലച്ചൻ അദ്ദേഹത്തെ ആദ്യം നിയമിച്ചത്. ലിസ്റ്റിൽ രണ്ടാമതു കാണുന്നത് പി.ആർ. ദൊരൈ സ്വാമി ശർമ്മ ശിരോമണി (ബി.ഒ.എൽ) യുടെ പേരാണ്.അദ്ദേഹം 1922 -46 വർഷങ്ങളിൽ മലയാള വിഭാഗത്തെ നയിച്ച് കോളജിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. 1923 - 40 കളിൽ കലാലയത്തിനു ചിരപ്രതിഷ്ഠ നേടിക്കൊടുക്കുന്നതിൽ വിജയിച്ച വിദ്യാഭ്യാസവിചക്ഷണനാണ്. കെ. ശങ്കരപ്പിള്ള ബി.എ. 1921 മുതൽ 1933 വരെ കലാലയത്തിനു സമർപ്പിത സേവനമനുഷ്ഠിച്ച മഹാത്മാവാണ് സാഹിത്യതിലകൻ ഫാ. സി. കെ.മറ്റം, പണ്ഡിറ്റ്, എം.ആർ.എ.എസ്. & എഫ്.ആർ.എസ്.എ. സെന്റ് ബെർക്കുമാൻസിലെ മലയാളം വിഭാഗത്തിനും കലാലയത്തിനു പൊതുവിലും ആയിരക്കണക്കിനു വിദ്യാർത്ഥികൾക്കും അവിസ്മരണീയനും ആദരണീയനുമാണ് 40 വർഷം കലാലയത്തെ ഉപാസിച്ച (മലയാളവിഭാഗത്തിൽ മറ്റാർക്കും ഈ ബഹുമതിയില്ല) മാപ്പിള (മഹാപിള്ള) സാർ. പി. വി. ഉലഹന്നാൻ എന്നായിരുന്നു അദ്ദേഹത്തിന്റെ ഔദ്യോഗികനാമം.

**പി.ആർ. ദൊരൈ സ്വാമി ശർമ്മ- രണ്ടാമൻ**

**മാപ്പിളസാർ**

ഗണിതശാസ്ത്രവിഭാഗത്തിൽ പ്രഥമതഃ നിയമിതനായത് പ്രൊഫസർ വി. എ. മഹാലിംഗ അയ്യർ ബി.എ. (Hons) ആണ്. ഗണിതശാസ്ത്രത്തിൽ, 1925 കളിൽ, ബി.എ (Hons) പാസ്സാകുക തന്നെ ഒരു മഹാകാര്യവും മികവിന്റെ തെളിവുമാണ്. ഈ വിഭാഗത്തിൽ രണ്ടാമതായി നിയമിതനായത് പ്രൊഫസർ എം.റ്റി. കുര്യൻ എം. എ. ആണ്. പ്രഗത്ഭനും പക്വമതിയും മനുഷ്യസ്നേഹിയും മാന്യനുമാണ് ഈ മഹാധ്യാപകൻ. മുപ്പത്തിനാലുവർഷം (1925-1962) അദ്ദേഹം കോളജിനു നിസ്വാർത്ഥ സേവനം കാഴ്ച വച്ചു. 1961 ൽ സെന്റ് ബർക്കുമാൻസിൽ നടത്തിയ യു.എൻ. മോക്ക് അസംബ്ലിയിൽ ഐസനോവറിന്റെ വേഷമിട്ടത് അദ്ദേഹമാണ്. അതു നേരിൽക്കണ്ടു സന്തോഷിച്ചവരിൽ ഒരാളാണു ലേഖകൻ. മാക്മില്ലന്റെ കുപ്പായമണിയാൻ ചങ്കൂറ്റം കാട്ടിയത് എന്റെ ഗുരുനാഥനും ഞാൻ സെന്റ് ബർക്കുമാൻസിൽ നിയമിതനായപ്പോൾ ആംഗ്ലേയഭാഷാവിഭാഗാധ്യക്ഷനും ആയിരുന്ന ആദരണീയനായ പ്രൊഫ. കെ. ജെ. ഫ്രാൻസിസ് (കുട്ടമ്പേരൂർ) തന്നെ.

**വി.എസ്. മഹാലിംഗ അയ്യർ ബി.എ. (Hons) - ഗണിതശാസ്ത്രത്തിൽ ഒന്നാമൻ, എം.റ്റി. കുര്യൻ രണ്ടാമൻ**

**യു.എൻ. മോക്ക് അസംബ്ലിയിൽ ഐസനോവറിന്റെ കുപ്പായമണിഞ്ഞു**

പ്രാരംഭകാല അധ്യാപകരും വിദ്യാർത്ഥികളും അയവിറക്കുന്ന മധുരതരമായ നാമമാണ് റ്റി. എ. ശഠഗോപൻ എം.എ. അദ്ദേഹം കലാലയത്തെ പ്രണയിച്ച് പ്രവർത്തിച്ചത് 1928-1946 വർഷങ്ങളിലാണ്. ഊർജ്ജതന്ത്രത്തിന്റെ വകുപ്പധ്യക്ഷനായി പുരയ്ക്കലച്ചൻ നിയമിച്ചത് ഊർജ്ജതന്ത്രത്തിലെ അതികായകനായ പ്രൊഫ. ഡി. ഗോപാലൻ ബി.എ. (Hons)ആയിരുന്നു. 1925 - 1945 കാലഘട്ടത്തിലാണ് അദ്ദേഹം വകുപ്പിന്റെ അണിയത്തിരുന്നത്. 1926 മുതൽ 1952 വരെ വകുപ്പിലുണ്ടായിരുന്ന പി. ജെ. ജോസഫ് ബി.എ., സി. ഔസേപ്പ് എം.എ. (1929-1931), കെ. കേരളവർമ്മ (1935-1940) ഇവരെയും പുരയ്ക്കലച്ചൻ നിയമിച്ചതാണ്.

**ശഠൻ ശഠഗോപൻ ഗണിതശാസ്ത്രത്തിലെ ദ്രോണാചാര്യർ ഊർജ്ജതന്ത്രത്തിലെ അതികായൻ ഡി. ഗോപാലൻ**



**റ്റി.റ്റി. ചാക്കോ, കെ.സി. പാപ്പു**

രസതന്ത്രവിഭാഗത്തിൽ ഏഴ് അധ്യാപകരെ പുരയ്ക്കലച്ചൻ നിയമിച്ചു. കെ. ജെ. സക്കറിയാസ് ബി.എ (1925-1933) റ്റി. വി. എഗ്നേശ്വരയ്യർ ബി.എ. (1926-1928). റ്റി. എം. മാത്യു ബി.എ. (1928-1935), എൻ.എസ്. കൃഷ്ണസ്വാമി എം.എ. (1936-1937), എം.കെ.ജോസഫ്. ബി.എ. (1931-1932), റ്റി. റ്റി. ചാക്കോ എം. എസ്.സി (1934 - 1969), കെ.സി. പാപ്പു എം. എ., എം.എസ്.സി. (1934-1955) ഇവരാണ് അവർ. ഇവരിൽ അവിസ്മരണീയർ റ്റി. റ്റി. ചാക്കോ സാറും കെ. സി. പാപ്പു സാറും ആണെന്ന് എടുത്തുപറയേണ്ടതില്ലല്ലോ. റ്റി. റ്റി. ചാക്കോ സാർ വകുപ്പധ്യക്ഷനായിരുന്നപ്പോഴാണ് 1960 ൽ ലേഖകൻ പ്രീയൂണിവേഴ്സിറ്റിക്കു സെന്റ് ബർക്കുമാൻസിൽ ചേർന്നത്. 1964 ൽ ബി.എ. പാസ്സായപ്പോഴും അദ്ദേഹം തന്നെയായിരുന്നു വകുപ്പധ്യക്ഷൻ. അദ്ദേഹത്തിന്റെ സീമന്തപുത്രനും ഞാനും സഹപാഠികളാണ്. പാപ്പു സാറിന്റെ ചരമപ്രസംഗം പറയാനും പ്രപഞ്ചനാഥൻ എന്നെ അനുഗ്രഹിച്ചു.

**റ്റി.എസ്. രാഘവൻ എം.എ., പി.എച്ച്.ഡി. (ലണ്ടൻ)**

**പ്രൊഫ. പി.സി. മാത്യു ലേഖകന്റെ ഗുരുശ്രേഷ്ഠൻ**

സസ്യശാസ്ത്രവിഭാഗത്തിൽ പുരയ്ക്കലച്ചൻ 10 പേരെ നിയമിച്ചതായാണ് രേഖകളിൽ കാണുന്നത്. അവർ യഥാക്രമം എ.എച്ച്. സുന്ദർ രാമൻ ബി.എ. (Hons) 1927-1928, കെ. വി. പണ്ടാല ബി. എ. (Hons) 1927-1929, ആർ. അനന്ത കൃഷ്ണൻ എം.എ. (1928-1935), ഡോ. റ്റി. എസ്. രാഘവൻ എം.എ., പി.എച്ച്.ഡി. (ലണ്ടൻ) (1928-1929, 1962-1968), എസ്. സുന്ദർ രാമയ്യർ ബി.എ. (1928-1931), എം. എസ്. രാഘവാചാരി എം. എ (1929-1955), ആർ. വൈദ്യനാഥൻ എം.എ (1931-1944), കെ. സി. ചാക്കോ ബി.എ. (1933-1935), വി.എസ്. മാത്യു ബി.എ. (1933-1934), പി. സി. മാത്യു ബി.എസ്.സി (Hons) (1935- 1970) എന്നിവരാണ്. സ്നേഹധനനും സദാ സന്തോഷചിത്തനും ആധ്യാത്മികജീവിതത്തിന് ഒന്നാം സ്ഥാനം നൽകിയിരുന്നവനുമായ പി. സി. മാത്യു സാറിന്റെ ശിഷ്യനാകാൻ ലേഖകനു ഭാഗ്യം സിദ്ധിച്ചതു ദൈവാനുഗ്രഹം തന്നെ. എം.എസ്. രാഘവാചാരിയും, പി.സി. മാത്യു സാറും എടുത്തുപറയപ്പെടേണ്ടവരാണ്.

**സ്ഥാപകാധ്യക്ഷൻ പ്രൊഫ. കെ.ജെ. ജോസഫ്**

സുവോളജി ഡിപ്പാർട്ടുമെന്റിന്റെ സ്ഥാപകാധ്യക്ഷനും 1925 മുതൽ 1961 വരെ നീണ്ട 35 വർഷം സെന്റ് ബർക്കുമാൻസിൽ തികഞ്ഞ ആത്മാർത്ഥതയോടും അർപ്പണ മനോഭാവത്തോടും ഉപാസന ചെയ്യുകയും ചെയ്ത അതികായൻ പ്രൊഫ. കെ. ജെ. ജോസഫ് (അപ്പച്ചി സാർ) സർവ്വസമ്മതനായിരുന്നു. അദ്ദേഹം കോളജിലേക്കു നടന്നു കയറി വരുന്നതും ചാപ്പലിൽ കയറി പ്രാർത്ഥിക്കുന്നതും കണ്ടറിയാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. ഈ വിഭാഗത്തിലും പ്രഥമ പ്രിൻസിപ്പൽ നിയമിച്ചവർ 10 പേർ തന്നെ. മറ്റ് അധ്യാപകർ ക്രമാനുഗതം ത്രിവിക്രമൻ തമ്പി എം.എ. (1926-1927), സി.ആർ. സുന്ദർ രാജൻ എം. എ. (1926-1928) സി. ജോൺ എം. എ. (1927-1943) എം.എ. ജോൺ എം.എ. (1920-1933); 1931-1951), കെ. എ. വർഗ്ഗീസ് ബി.എ (1929-33), റ്റി. റ്റി. മാത്യു ബി. എ. (1931-33) റ്റി. ജെ. ജോൺ എം. എ (1933-34) കെ. പി. ജോൺ ബി.എ (1934-35) ഇവരാണ്.

സെന്റ് ബർക്ക്മാൻസ് കോളജ് ജന്മം കൊണ്ടതിന്റെ തൊട്ടടുത്തവർഷം മുതൽ 1962 വരെ (41 വർഷങ്ങൾ- മറ്റാർക്കുമില്ലാത്ത ബഹുമതി) വകുപ്പധ്യക്ഷനും

കോളജിന്റെ സർഗ്ഗശക്തിയുമായിരുന്ന, ധനതത്വശാസ്ത്രത്തിലെ ദ്രോണാചാര്യർ എന്ന്, അതിശയോക്തി കൂടാതെ, വിശേഷിപ്പിക്കാവുന്ന വല്ലഭനാണ്, പ്രൊഫ. പി. ആർ. കൃഷ്ണയ്യർ. അദ്ദേഹത്തിന്റെ ശിഷ്യനാകാൻ ആയത് അസുലഭ അനുഗ്രഹം തന്നെ. ധനതത്ത്വശാസ്ത്രവകുപ്പിൽ ഈ വലിയ പ്രതിഭയോടൊപ്പം 6 പേരെയാണ് പുരയ്ക്കലച്ചൻ നിയമിച്ചത്. ബാക്കി 5 പേർ യഥാക്രമം ഫാ. ഡൊമിനിക് തോട്ടാശ്ശേരി എം.എ (Hons) (1922-1933), എ. വി. അഖിലേശയ്യർ ബി.എ. (Hons) (1923-28), ഫാ. കെ. സി. ചാണ്ടി ബി.എ. (1929-29), ഒ. സി. വർഗ്ഗീസ് എം.എ.എൽ.റ്റി.എൽ.എം. പൈലി എം.എ.ബി.എൽ എന്നിവരാണ്. നവവൈദികനായി ചങ്ങനാശ്ശേരി ഭദ്രാസന ഇടവകയിൽ ഞാൻ സേവനമനുഷ്ഠിക്കുമ്പോൾ ഒ. സി. വർഗ്ഗീസ് സാറിനെ അടുത്തു പരിചയപ്പെടാൻ കഴിഞ്ഞു. അക്കാലത്ത് അദ്ദേഹം ദിവസവും മൂന്നു ദിവ്യബലികൾ മുട്ടിൻമേൽ നിന്നുകൊണ്ട് അർപ്പിച്ചിരുന്നു. സാറിനോട് ഒരിക്കൽ, വിനയപൂർവ്വം, ഞാൻ ചോദിച്ചു: സാറേ, മുട്ടിന്മേൽ നിന്നു മൂന്നുകുർബ്ബാന തുടർച്ചയായി അർപ്പിക്കുന്നത് ആയാസകരമാവില്ലേ? എന്റെ ചോദ്യത്തിനു പ്രകടമായ ഒരു ഉത്തരം അദ്ദേഹം നല്കിയില്ല. പക്ഷേ, അദ്ദേഹത്തിന്റെ തുടർന്നുള്ള വാക്കുകൾ എനിക്കു അത്ഭുതവും വലിയ പ്രചോദനമായി. അച്ചാ, ആദ്യകുർബ്ബാന ഒരുക്കകുർബ്ബാനയായാണ്. രണ്ടാമത്തേതാണ് യഥാർത്ഥ അർപ്പണം. മൂന്നാമത്തേത് ഉപകാരസ്മരണയാണ്. ഈ ധന്യാത്മാവിന്റെ അനുസ്മരണപ്രഭാഷണം നടത്താൻ കഴിഞ്ഞത് വലിയ ഭാഗ്യമായി. വളരെ അവിചാരിതമായെങ്കിലും എൽ.എം. പൈലി സാറിന്റെ സംസ്കാരശുശ്രൂഷയിൽ സംബന്ധിക്കാൻ സാധിച്ചത് എന്റെ സെന്റ് ബർക്കുമാൻസിനോടുള്ള ആത്മബന്ധം കൊണ്ടാവാം. ദൈവമേ നന്ദി!

ധനതത്വ ശാസ്ത്രത്തിലെ ദ്രോണാചാര്യർ - ലേഖകന്റെ ഗുരുനാഥൻ- കോളജിന്റെ സർഗ്ഗപ്രതിഭ

ഒ.സി. വർഗ്ഗീസ് എൽ.എം. പൈലി

ലത്തീൻ, ലോജിക് ഇവ പഠിപ്പിക്കാൻ പുരയ്ക്കലച്ചൻ നിയമിച്ചവർ ഫാ. ജയിംസ് കാളാശ്ശേരി പി.എച്ച്.ഡി. ഡി.ഡി. (1922-27), ഫാ. സക്കറിയാസ് വാച്ചാപ്പറമ്പിൽ പി.എച്ച്.ഡി. (1924-30), ഫാ. എബ്രഹാം വടക്കേൽ ബി.എ. പി.എച്ച്.ഡി. (1928-35), ഫാ. എ. സി. ഈപ്പൻ ബി.എ., പി.എച്ച്.ഡി. (1935-1957) ഇവരാണ്. സെന്റ് ബർക്കുമാൻസിന്റെ ആധ്യാത്മികശക്തിയുടെ സ്രോതസ്സായിരുന്നു യതിവര്യനായ ഈപ്പച്ചൻ.

ഫാ. എബ്രഹാം വടക്കേൽ

യതിവര്യനായ ഈപ്പച്ചൻ

തന്റെ 'കുഞ്ഞിനെ താലോലിച്ചു വളർത്താൻ' പോന്ന അതിപ്രഗത്ഭരായ പ്രൊഫസേഴ്സിനെ കണ്ടുപിടിക്കുന്നതിൽ പുരയ്ക്കലച്ചൻ പ്രദർശിപ്പിച്ച അസാമാന്യ വൈഭവം എത്ര പ്രകീർത്തിച്ചാലും അധികമായിപ്പോവുകയില്ല. മറ്റേതൊരു കോളജിലും ഉണ്ടായിരുന്നവരേക്കാൾ പ്രഗത്ഭരും പ്രശസ്തരുമായിരുന്നു സെന്റ് ബർക്കുമാൻസിലെ അക്കാലത്തെ അധ്യാപകർ എന്ന് ലിസ്റ്റിലൂടെ കണ്ണോടിക്കുന്നവർക്ക് പെട്ടെന്ന് മനസ്സിലാകും. ദീർഘവീക്ഷണത്തോടെ, കോളജിന്റെ ഭാവിപ്രശസ്തിയും പ്രാഗത്ഭ്യവും നന്മയും ഗൗരവാവഹമായി കണക്കിലെടുത്താണ് അച്ചൻ അധ്യാപകരെ നിയമിച്ചത്.

പുരയ്ക്കലച്ചന്റെ അസാമാന്യ വൈഭവം അവർണ്ണനീയം